ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

നഗരസഭാ ഓഡിറ്റ്

കണ്ണൂർ

കണ്ണൂർ നഗരസഭയുടെ
2010-2011 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

SPARE COPY



കേരള സർക്കാർ

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

കണ്ണൂർ നഗരസഭ

ഓഡിറ്റ് റിപ്പോർട്ട്

2010–11

Issued on 20/6/2013

SPARE COPY

നം: എൽ.എഫ്.സി.എം 2/503/2012

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി
ഡയരക്ടറുടെ കാര്യാലയം,
നഗരസഭാ ഓഡിറ്റ്, കണ്ണൂർ.
തീയതി : 30.05.2013

ഡെപ്യൂട്ടി ഡയരക്ടർ(ഹ.ഗ്രേ),
ലോക്കൽ ഫണ്ട് ഓഡിറ്റ്,
നഗരസഭാ ഓഡിറ്റ്, കണ്ണൂർ.

1. ഡയരക്ടർ
   ലോക്കൽ ഫണ്ട് ഓഡിറ്റ്
   തിരുവനന്തപുരം

2. ഡയരക്ടർ
   നഗരകാര്യ വകുപ്പ്
   തിരുവനന്തപുരം

3. റീജിയണൽ ജോയിന്റ് ഡയരക്ടർ
   നഗരകാര്യ വകുപ്പ്
   കോഴിക്കോട്

4. സെക്രട്ടറി
   തദ്ദേശ സ്വയം ഭരണ വകുപ്പ്
   തിരുവനന്തപുരം

സർ,

വിഷയം: കണ്ണൂർ നഗരസഭ – **2010–11** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പകർപ്പ് അയക്കുന്നത് സംബന്ധിച്ച്.

സൂചന : ഈ ഓഫിസിലെ **30–05–2013** ലെ ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ട്.

****

സൂചന പ്രകാരം പുറപ്പെടുവിച്ച കണ്ണൂർ നഗരസഭയുടെ **2010–11** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയരക്ടർ(ഹ.ഗ്രേ),
ലോക്കൽ ഫണ്ട് ഓഡിറ്റ്,
നഗരസഭാ ഓഡിറ്റ്, കണ്ണൂർ.

ഉള്ളടക്കം: ഓഡിറ്റ് റിപ്പോർട്ട്.

നം: എൽ.എഫ്.സി.എം 2/503/2012

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി
ഡയരക്ടറുടെ കാര്യാലയം,
നഗരസഭാ ഓഡിറ്റ്, കണ്ണൂർ.
തീയതി: 30.05.2013

SPARE COPY

ഡെപ്യൂട്ടി ഡയരക്ടർ(ഹ.ഗ്രേ),
ലോക്കൽ ഫണ്ട് ഓഡിറ്റ്,
നഗരസഭാ ഓഡിറ്റ്, കണ്ണൂർ.

ചെയർമാൻ,
കണ്ണൂർ നഗരസഭ.
(സെക്രട്ടറി മുഖാന്തിരം)

സർ,

വിഷയം: കണ്ണൂർ നഗരസഭ – 2010–11 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :

====

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13–ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ നഗരസഭയുടെ 2010–11 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം11 പ്രകാരം 5–ാം നമ്പർ ഫോറത്തിലുള്ള ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന്റെ വിവിധ ഘട്ടങ്ങളിലായി നഗരസഭാ സെക്രട്ടറിക്ക് നൽകിയിരുന്നുവെങ്കിലും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ ഓഡിറ്റ് തടസ്സങ്ങൾക്ക് മറുപടിയോ തൃപ്തികരമായ വിശദീകരണമോ ലഭിക്കുകയുണ്ടായില്ല

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്/ നഷ്ടങ്ങൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളാ മുനിസിപ്പാലിറ്റി-(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ, ചട്ടങ്ങൾ 14, 15).

കേരള മുനിസിപ്പാലിറ്റി നിയമം 45(3) വകുപ്പ് പ്രകാരം ഓഡിറ്റ് റിപ്പോർട്ട് വാർഡ് സഭകളുടെ പരിഗണനയ്ക്കും ചർച്ചയ്ക്കും വിധേയമാക്കേണ്ടതും വാർഡ്സഭയുടെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും കൗൺസിലിനെ അറിയിക്കേണ്ടതുമാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടങ്ങൾ 20, 23, 1997 ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയരക്ടർ(ഹ.ഗ്രേ),
ലോക്കൽ ഫണ്ട് ഓഡിറ്റ്,
നഗരസഭാ ഓഡിറ്റ്, കണ്ണൂർ.

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം).
2) ഡയരക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം).
3) ഡയരക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം).
4) റീജിയണൽ ജോയിന്റ് ഡയരക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്. (ഉപരിപത്രം സഹിതം).
5) സെക്രട്ടറി, കണ്ണൂർ നഗരസഭ.
6) ഓഫീസ് കോപ്പി.
7) സ്പെയർ കോപ്പി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയരക്ടറുടെ 7.5.2013 ലെ എൽ.എഫ് 7575/എം.എൽ 3/2013 ാം നമ്പർ കത്ത് പ്രകാരം 2010-11 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് പുറപ്പെടുവിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയരക്ടർ അനുമതി നൽകി.

ഉള്ളടക്കം

ക്രമ നം	ഭാഗം നം	ഖണ്ഡിക നം	വിവരണം	പേജ് നം.
1			ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	1
2			ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ	1
3			ഓഡിറ്റ് നടത്തിയതിന്റെ വിവരം	2
4			നിർവ്വഹണ അധികാരികൾ	2
	ഭാഗം 1 – പൊതു അവലോകനം			
5	1		പൊതു അവലോകനം	5
	ഭാഗം –2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ			
6	2	1	സാമ്പത്തീകാസൂത്രണ പരാജയം – നഗരസഭ സാമ്പത്തീക പ്രതിസന്ധിയിലേക്ക്	17
7	2	2	അനർഹമായി വസ്തു നികുതി ഇളവ് നൽകിയത് – നഗരസഭയ്ക്ക് നഷ്ടം	18
8	2	3	വസ്തു നികുതി-കുടിശ്ശിക പിരിച്ചെടുക്കുവാൻ ബാക്കിയായത്- നഗരസഭാ ഫണ്ടിന് നഷ്ടം	20
9	2	4	തൊഴിൽ നികുതി രജിസ്റ്ററുകൾ- അപാകങ്ങൾ സംബന്ധിച്ച്	21
10	2	5	ഡി.ആന്റ് ഒ .ലൈസൻസ്, പി.എഫ്.എ.ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും പൊതുവായ അപാകങ്ങൾ.	21
11	2	6	അഡ്വാൻസ് രജിസ്റ്റർ – അപാകങ്ങൾ	22

12	2	7	നഗരസഭയുടെ സ്ഥലത്ത് സ്ഥാപിച്ച ബങ്കുകളുടെ ലൈസൻസ് – കാലാവധി കഴിഞ്ഞ കേസുകളിൽ പുതുക്കാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടില്ല.	23
13	2	8	നഗരസഭയുടെ സ്ഥലത്ത് സ്ഥാപിച്ച ബങ്കുകളുടെ ലൈസൻസ് – യഥാസമയം പുതുക്കാത്തവയുടെ പേരിൽ നടപടി സ്വീകരിക്കാത്തതു സംബന്ധിച്ച്.	24
14	2	9	31.03.2009 ന് കാലാവധി അവസാനിച്ച ലീസ് – പുതുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.	25
15	2	10	' ഡി ' സീരിയൽ ബങ്കുകളുടെ ലൈസൻസ് പുതുക്കി നൽകാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.	25
16	2	11	നഗരസഭ വക കെട്ടിടങ്ങൾ – ലൈസൻസ് കാലാവധിക്കു ശേഷം എഗ്രിമെന്റുകൾ പുതുക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലെ വീഴ്ച	26
17	2	12	അനുവദനീയമായ ഫ്ളോർ ഏരിയ റേഷ്യോവിൽ നിന്ന് അധികരിച്ച അളവിൽ അനുവാദം നൽകി – അഡീഷണൽ ഫീ വാങ്ങിച്ചില്ല–നഗരസഭാ ഫണ്ടിന് നഷ്ടം	28
18	2	13	കെട്ടിട നിർമ്മാണചട്ടങ്ങൾ മറികടന്ന് നിർമ്മാണാനുമതി നൽകി അധിക ഫീസിനത്തിൽ ഈടാക്കിയ തുക കുറവ് –നഗരസഭയ്ക്ക് നഷ്ടം	29
19	2	14	നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള ശിപാർശകൾ	32
	ഭാഗം –3 <u>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>			
20	3	1	ഗവ. സർവ്വീസിലെ സേവന കാലം കൂടി പരിഗണിച്ച് മുനിസിപ്പൽ സർവ്വീസിൽ ഇൻക്രിമെന്റ് അനുവദിച്ചത് – അപാകതകൾ	33

21	3	2	പ്രൊബേഷൻ പൂർ പ്പെടുത്തലുകൾ ഇ
22	3	3	ഒഴിവാക്കി.
23	3	4	തെങ്ങ് മുറിച്ചു മാറ്റ നിന്നും ഈടാക്കേ
24	3	5	വാഹനങ്ങളുടെ ഇ രശീതി എന്നിവ തടസ്സപ്പെടുത്തുന്നു
25	3	6	തെരുവ് വിളക്ക് പ സി വ്യവസ്ഥയിൽ വിന്റെ പിൻബലമി ത്തുന്നു.
26	3	7	ജില്ലാ ലേബർ കേ കൗൺസിൽ തീ
27	3	8	കംഫർട്ട് സ്റ്റേഷ ക്കിയത് – തുക
28	3	9	ഡെപ്പോസിറ്റ് പ്ര റിറ്റിയുടെ വിനി ട്ടില്ല – ചെലവ്
29	3	10	ഡെപ്പോസിറ്റ് പ്ര യുടെ വിനിയോ – ചെലവ് തുക
30	3	11	നഗരസഭയിൽ ചെലവുകൾ ന ബുക്കിൽ രേഖ
31	3	12	പ്രവർത്തനം വേണ്ടി ഫർണ തടസ്സപ്പെടുത്ത
32	3	13	കാർ ഡ്രൈ പൂർത്തീകരിച്ച ക്കിയിട്ടില്ല.

21	3	2	പ്രൊബേഷൻ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.	34
22	3	3	ഒഴിവാക്കി.	34
23	3	4	തെങ്ങ് മുറിച്ചു മാറ്റിയതിന്റെ ചെലവ് ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.	34
24	3	5	വാഹനങ്ങളുടെ ഇൻഷൂറൻസ് പോളിസി, കൈപ്പറ്റു രശീതി എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.	35
25	3	6	തെരുവ് വിളക്ക് പരിപാലനം കരാറുകാരന് എ.എം.സി വ്യവസ്ഥയിൽ നൽകിയത് സർക്കാർ ഉത്തരവിന്റെ പിൻബലമില്ല- ചെലവ് തുക തടസപ്പെടുത്തുന്നു.	35
26	3	7	ജില്ലാ ലേബർ കോടതി വിധിയ്ക്കെതിരെ അപ്പീൽ - കൗൺസിൽ തീരുമാനം ഹാജരാക്കേണ്ടതാണ്.	37
27	3	8	കംഫർട്ട് സ്റ്റേഷന്റെ വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കിയത് - തുക നിരാകരിക്കുന്നു.	37
28	3	9	ഡെപ്പോസിറ്റ് പ്രവൃത്തികൾ - കേരള വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസപ്പെടുത്തുന്നു.	38
29	3	10	ഡെപ്പോസിറ്റ് പ്രവൃത്തികൾ - കെ.എസ്.ഇ.ബിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസപ്പെടുത്തുന്നു.	39
30	3	11	നഗരസഭയിൽ നിന്ന് ലഭിക്കുന്ന ഫണ്ടിന്റെ വരവ്-ചെലവുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.	39
31	3	12	പ്രവർത്തനം ആരംഭിക്കാത്ത സ്ഥാപനത്തിനു വേണ്ടി ഫർണ്ണിച്ചറുകൾ വാങ്ങിയത് ചെലവ് തുക തടസ്സപ്പെടുത്തുന്നു.	39
32	3	13	കാർ ഡ്രൈവിങ്ങ് പരിശീലനം- പ്രൊജക്ട് പൂർത്തീകരിച്ചത് സംബന്ധിച്ച്- രേഖകൾ ഹാജരാക്കിയിട്ടില്ല.	40

33	3	14	പട്ടികജാതി വിഭാഗങ്ങളുടെ [illegible] രുത്തിയ തുകകൾ ചെലവഴിക്കാത്തത് സംബന്ധിച്ച്	41
34	3	15	ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണം	42
35	3	16	ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി (എസ്.സി)-തുക ചെലവഴിക്കാത്തത് സംബന്ധിച്ച്	42
36	3	17	ഇ.എം.എസ് ഭവന പദ്ധതി -നിർവഹണം സംബന്ധിച്ച അപാകങ്ങൾ	43
37	3	18	പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ - 2010 ജനുവരി 10, ഫിബ്രവരി 7 തീയതികളിൽ നടത്തിയത് - നഗരസഭ ഫണ്ടിൽ നിന്നും അധിക തുക അനുവദിച്ചത് -തടസ്സപ്പെടുത്തുന്നു.	46
38	3	19	റോഡ് പുനരുദ്ധാരണ പദ്ധതി - അധിക പദ്ധതി വിഹിതം - ഉപയോഗിച്ചുള്ളത്. മരാമത്ത് പ്രവൃത്തികൾക്കുള്ള ഡെപ്പോസിറ്റ് തുകകൾ ഗ്യാരന്റി പിരിയഡിന് മുമ്പായി തിരിച്ചു നൽകിയതിനും എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനം പ്രവൃത്തി വ്യക്തമായ കാരണം ഇല്ലാതെ ഒഴിവാക്കിയതിനും ബിറ്റുമെന്നിന്റെ വിലയ ടക്കമുള്ള തുക കുറവ് വരുത്തിയശേഷം ടെണ്ടർ കുറവ് അനുവദിച്ചതു വഴി നഗരസഭയ്ക്കുണ്ടായ നഷ്ടത്തിനും വിശദീകരണം ലഭ്യമാക്കിയില്ല	47
39	3	20	ബഡ്ജറ്റിൽ വകയിരുത്താതെ തുക ചെലവ് ചെയ്തു. കാലാവധി നിശ്ചയിക്കാതെ പ്രവൃത്തി ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയില്ല. ചെലവ് തുക തടസ്സംചെയ്യുന്നു.	50
40	3	21	വ്യക്തമായ കാരണങ്ങളില്ലാതെയും ആധികാരികമായ രേഖകൾ ഇല്ലാതെയും കരാറുകാരന് കാലാവധി ദീർഘിപ്പിച്ചു നൽകി ക്രമക്കേടുകൾ - നഗരസഭയ്ക്ക് ഫൈൻ ഇനത്തിൽ നഷ്ടം	51
41	3	22	എഗ്രിമെന്റ് കാലാവധിക്കുശേഷം പ്രവൃത്തി പൂർത്തിയാക്കിയതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല - വരവിനത്തിൽ നഷ്ടം	53
42	3	23	മുനിസി[illegible] നിർമ്മാ[illegible] പ്രോജ[illegible] ചെല[illegible]	
43	3	24	അ[illegible] ചെ[illegible] [illegible]	
44	3	25		
45	3			
46	3			
47				

42	3	23	മുനിസിപ്പൽ സ്റ്റാഫ് ക്വാർട്ടേഴ്സ് സെപ്റ്റിക് ടാങ്ക് നിർമ്മാണം വിശദമായ കാഴ്ചപ്പാട് ഇല്ലാതെ പ്രോജക്ട് തയ്യാറാക്കി - നഗരസഭയ്ക്ക് അധിക ചെലവ്	54
43	3	24	അനധികൃതമായി കരാറുകാരന് സമയപരിധി നീട്ടി കൊടുത്തത് കാനത്തൂർ നോർത്ത് വാർഡ് - പോസ്റ്റാഫീസ് റോഡിൽ നിന്നും ഗോഖലെ റോഡിലേക്ക് പോകുന്ന റോഡ് റീ ടാറിംഗ്	55
44	3	25	വ്യക്തമായ കാരണങ്ങളില്ലാതെയും മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളില്ലാതെയും -കരാറുകാരന്റെ വീഴ്ചമൂലമുള്ള കാലതാമസത്തിന് -കാലാവധി ദീർഘിപ്പിച്ചു നൽകി -ഫൈൻ ഇനത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടം	57
45	3	26	നിശ്ചിത കാലാവധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാത്തതും സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതും- ഫൈൻ ഈടാക്കിയില്ല- നഗരസഭാഫണ്ടിൽ നഷ്ടം	58
46	3	27	കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വന്ന പ്രവൃത്തിക്ക് കാലാവധി നീട്ടി നൽകി - ഫൈൻ ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം-നേതാജി റോഡ് റീ ടാറിംഗ്	60
47	3	28	കമ്പ്യൂട്ടറൈസേഷനു വേണ്ടി മുനിസിപ്പൽ ഓഫീസ് ഇലക്ട്രിഫിക്കേഷൻ/നെറ്റ്വർക്ക് പ്രവൃത്തികൾ (തനത് ഫണ്ട്) ഗുരുതരമായ ക്രമക്കേടുകൾ ചെലവ് തുക നിരാകരിക്കുന്നു.	61
48	3	29	സംഗീതാ ടാക്കീസിന് പിറകുവശത്ത് ഹിൽട്ടൻസ് പ്ലാസ്റ്റിക്കിന് സമീപമുള്ള റോഡ്- റീ ടാറിംഗ്	63

49	3	30	റോഡ് പ്രവൃത്തി ക്രമക്കേടുകൾ : അമ്പാടി റോഡ് മുതൽ പഴയ റെയിൽവേസ്റ്റേഷൻ വരെ റോഡ് റീ താറിംഗ് (സി.എച്ച്.ഇ. വാർഡ്)	64
50	3	31	ഫയൽ, എം ബുക്ക് എന്നിവ ഹാജരാക്കിയില്ല -ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	66
51	3	32	ഓഫീസ് കമ്പ്യൂട്ടർവത്കരണ പരിപാടി - അപാകങ്ങൾ	67
52	3	33	ആധുനിക അറവുശാല- പദ്ധതി പണം നിരുത്തരവാദപരമായി കൈകാര്യം ചെയ്തത് സംബന്ധിച്ച് (ഫയൽ നം. ഇ4-19400/06)	68
53	3	34	ലഘു അവലോകനങ്ങൾ	69
54	3	35	ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രവർത്തനാവലോകനം 2012-13	77
	ഭാഗം -4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും			
55	4	1	സർക്കാറിലേയ്ക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കാനുള്ള തുകകൾ	87
56	4	2	ഓഡിറ്റ് പ്രത്യവലോകനം	88
57	4	3	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.	92

നം. എൽ.എഫ്/സി.എം.2/503

കണ്ണൂർ ജില്ല
യുടെ 2010-1
വരവ് ചെല
6

(1994 ലെ കേ
കേരള ലോക്കൽ
ലോക്കൽ ഫണ്ട്
വിക്കുന്നത്.)

ഓഡിറ്റ് നടത
തലപ്പെട്ട ഉദ്
പേരും ഉദ്

ഓഡിറ്റിന്
കണ്ണ
ഓഡിറ്റിന്
സോഫ്റ്റ്
സഭ വ
ഭാഗമാ
കേന്ദ്ര
എന്ന

നം. എൽ.എഫ്/സി.എം.2/503/2012 തീയതി : 30.05.2013

കണ്ണൂർ ജില്ലയിലെ കണ്ണൂർ നഗരസഭയുടെ 2010–11 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

SPARE COPY

(1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 295(4) വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13–ാം വകുപ്പ് , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീ. മധുസൂദനൻ.പി.എൻ, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) ഓഫ് ലോക്കൽ ഫണ്ട് ഓഡിറ്റ്, നഗരസഭ ഓഡിറ്റ്, കണ്ണൂർ

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കണ്ണൂർ നഗരസഭയുടെ 2010–11 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഇൻഫർമേഷൻ കേരള മിഷൻ (IKM) ന്റെ സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിച്ച് ആദ്യമായാണ് അക്രൂവൽ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടിയ വികസനഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

കണ്ണൂർ നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും സമകാലീകമായി പരിശോധിച്ചു വരുന്നുണ്ട്. നഗരസഭയുടെ ക്യാഷ് ബാലൻസ് ഒരു മാസത്തിൽ കവിയാത്ത ഇടവേളകളിൽ പരിശോധിക്കുകയും തുകയുടെ കൃത്യത ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം	ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥന്മാരുടെ പേര്
01.03.2011 മുതൽ 30.09.2012 വരെ	കണ്ണൂർ നഗരസഭയുടെ 2010-11 സാമ്പത്തിക വർഷത്തെ വാർഷിക ഓഡിറ്റ്	ശ്രീ. കെ.വി.മഹേശൻ (ഓഡിറ്റ് ഓഫീസർ, ഹ.ഗ്രേഡ്) ശ്രീ. ബാബുരാജ് മടപ്രത്ത് (സെ. ഗ്രേ. ഓഡിറ്റർ) ശ്രീ. എം.പ്രദീപ്കുമാർ (സെ.ഗ്രേ. ഓഡിറ്റർ) ശ്രീ. പി കിരൺദാസ് (സെ.ഗ്രേ. ഓഡിറ്റർ) ശ്രീമതി ഷൈമകുമാരി.എസ്. എൽ (സെ.ഗ്രേ. ഓഡിറ്റർ) ശ്രീമതി. ഷീല.കെ (ഓഡിറ്റർ)

നിർവ്വഹണ അധികാരികൾ

	ക്രമ .നം	പേര്	കാലയളവ്	
			മുതൽ	വരെ
ചെയർമാൻ	1	ശ്രീ.ബി പി ഫാറൂഖ്	01.04.2010	30.09.2010
	2	ശ്രീ. പി.ജി.ഗോപി (അഡ്ഹോക്ക് കമ്മിറ്റി കൺവീനർ)	01.10.2010	31.10.2010
	3	ശ്രീമതി എം.സി ശ്രീജ	01.11.2010	31.03.2011
സെക്രട്ടറി	1	ശ്രീ പി.ജി ഗോപി	01.04.2010	27.12.2010 FN
	2	ശ്രീ സി.സി.ശശീധരൻ	27.12.2010 AN	31.03.2011
മുനിസിപ്പൽ എഞ്ചിനീയർ	1	ശ്രീ. കെ.ടി പ്രദീപ് കുമാർ	01.04.2010	31.03.2011

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഭാഗം. 1 – പൊതു അവലോകനം

ഭാഗം. 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം. 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം. 4 – ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

അവലോകനങ്ങൾ

I. സമാഹൃത ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട് പൊതുജനാരോഗ്യം, ഖരമാലിന്യ സംസ്ക്കരണം എന്നീ വിഷയങ്ങളിൽ വിശദമായ അവലോകനങ്ങൾ തയ്യാറാക്കിയത് 05.11.2012 തീയതിയിലെ നം. എൽ.എഫ്. സി.എം.3/332/12(i) ഉം നം. എൽ.എഫ്.സി.എം.3/

332/12(ii) ഉം റിപ്പോർട്ടുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ പകർപ്പ് ഈ റിപ്പോർട്ടിന്റെ ഭാഗം 3 ൽ (ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) എന്ന ഭാഗത്ത് 3-35(1), 3-35(2) എന്നീ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

II. 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഹെഡ് ഓഫീസ് സർക്കുലറിൽ നിർദ്ദേശിച്ചതനുസരിച്ച് താഴെ പറയുന്ന വിഷയങ്ങളിൽ തയ്യാറാക്കിയ ലഘു അവലോകനങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 3 (ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ)ൽ 3-34(1) മുതൽ 3-34(5) വരെയുള്ള ഖണ്ഡികകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ചെയർമാന്റെ ദുരിതാശ്വാസ നിധി
2. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്
3. പരസ്യ നികുതി
4. നഗരസഭയിലെ വാഹന ഉപയോഗം
5. നഗരസഭ പെൻഷൻ ഫണ്ട്

അനുബന്ധ പത്രികകൾ

I. അനുബന്ധം-1

2010-11 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്.

II. അനുബന്ധം-2

2010-11 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ച താഴെ പറയുന്ന പത്രികകൾ

1. ബാലൻസ് ഷീറ്റ്
2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്
3. രസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Deputy Director of Local Fund Audit
Municipal Audit, KANNUR

ഭാഗം 1

പൊതു അവലോകനം

ഭാഗം -1

പൊതു അവലോകനം

18.03.2010 ന് ചേർന്ന പ്രത്യേക കൗൺസിൽ യോഗം അംഗീകരിച്ച കണ്ണൂർ നഗരസഭ യുടെ 2010-11 വർഷത്തെ വാർഷിക ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

വർഷാരംഭ മുന്നിരിപ്പ്	:	5,07,52,931
തന്നാണ്ട് വരവ്	:	45,00,79,000
ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	:	50,08,31,931
ആകെ ചെലവ്	:	46,27,00,000
നീക്കിയിരിപ്പ്	:	3,81,31,931

2010-11 ലെ ഹാജരാക്കിയ വരവ് ചെലവ് കണക്കിലെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ വരുമാനം (Income) 14,93,13,644.35 രൂപയും ചെലവ് (Expenditure) 15,78,61,219.50 രൂപയുമാണ്. ഇതു പ്രകാരം തൻവർഷം 85,47,575.15 രൂപയുടെ റവന്യൂ കമ്മി (Deficit) ഉണ്ട്.

2010-11 സാമ്പത്തിക വർഷത്തെ ആകെ വരുമാനം (Income)- ആയ 14,93,13,644.35 രൂപയിൽ സർക്കാറിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം (Income) ആയ 5,22,89,828 രൂപയും നഗരസഭയുടെ തനത് വരുമാനം (Income) ആയ 9,70,23,816.35 രൂപയും ഉൾപ്പെടുന്നു.

ബജറ്റ് നിർദ്ദേശങ്ങളിലെ യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരമാണ് ഉള്ളത്. പ്രതീക്ഷിത വരവിന്റെ 33% മാത്രമേ യഥാർത്ഥ വരവ് ഉണ്ടായിട്ടുള്ളൂ. പ്രതീക്ഷിത ചെലവിന്റെ 34% മാത്രമാണ് യഥാർത്ഥ ചെലവ് ഇത് സംബന്ധിച്ച വിശദമായ പരാമർശങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

2010-11 ലെ ആകെ വരുമാനമായ (അക്രൂവൽ സിസ്റ്റം) 149,313,644.35 രൂപയിൽ 128,312,471.54 രൂപ മാത്രമാണ് പിരിച്ചെടുത്തിരിക്കുന്നത്. (86%), 21,001,172.81 രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. (14%).

2010-11 ലെ ചില പ്രധാനപ്പെട്ട വരവിനങ്ങളിൽ തനതു വർഷത്തെ വരുമാനമായി വരേണ്ട സംഖ്യയിൽ പിരിച്ചെടുത്തതും പിരിച്ചെടുക്കാൻ ബാക്കിയുള്ളതുമായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

ഇനം	വരവായി വരേണ്ട തുക	വരവായി വന്ന തുക	പിരിച്ചെടുക്കാൻ ബാക്കിയുള്ള തുക
വസ്തു നികുതി	36,196,166.10	30,985,718.49 (86%)	52,10,447.61 (14%)
തൊഴിൽ നികുതി	23,276,201.00	2,13,92,703.80 (92%)	18,83,497.20 (8%)
ലൈസൻസ് ഫീ	3,52,372.00	2,37,791.00 (67%)	1,14,581.00 (33%)

മുൻവർഷ കുടിശ്ശിക സംഖ്യയിൽ 2010-11 സാമ്പത്തീക വർഷം അവസാനിക്കുമ്പോൾ (31.04.2011ന്) 6,87,47,948.45 രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. മുൻവർഷത്തെ കുടിശ്ശിക സംഖ്യയും തൻവർഷത്തെ കുടിശ്ശിക സംഖ്യയും കൂടി സാമ്പത്തീക വർഷം അവസാനിക്കുമ്പോൾ പിരിച്ചെടുക്കാൻ ബാക്കിയുള്ള ആകെ കുടിശ്ശിക 8,97,49,121.26 രൂപയാണ്. (6,87,47,948.45 രൂപ + 2,10,01,172.81 രൂപ)

മേൽ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 82,934 രൂപ നഗരസഭയ്ക്കു വരവിനങ്ങളിൽ നഷ്ടമുണ്ടായതായും 2,67,292 രൂപ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 59,76,655 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

(ഈ റിപ്പോർട്ടിന്റെ 2, 3 ഭാഗങ്ങളിൽ വിശദവിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.)

1-1. വാർഷിക ബഡ്ജറ്റ് - പ്രതീക്ഷിത വരവു ചെലവുകൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.

കണ്ണൂർ നഗരസഭയുടെ 18.03.2010 ലെ പ്രത്യേക കൗൺസിൽ യോഗ തീരുമാനപ്രകാരം അംഗീകരിച്ച 2010-11 ലെ വാർഷിക ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം	യഥാർത്ഥ തുക
തന്നാണ്ട് വരവ്	45,00,79,000 രൂപ	14,93,13,644.35 രൂപ
തന്നാണ്ട് ചെലവ്	46,27,00,000 രൂപ	15,78,61,219.50 രൂപ

തൻവർഷത്തെ യഥാർത്ഥവരവ് പ്രതീക്ഷിത വരവിന്റെ 33% മാണ്. യഥാർത്ഥ ചെലവാകട്ടെ പ്രതീക്ഷിത ചെലവിന്റെ 34% മാത്രമാണ്. ബജറ്റ് തയ്യാറാക്കുന്നത് വസ്തു നിഷ്ഠമായ പരിശോധനയുടെ അടിസ്ഥാനത്തിലല്ല എന്ന് ഇതിൽ നിന്നും വിലയിരുത്താവുന്നതാണ്. ബജറ്റ് നിർദ്ദേശങ്ങൾ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റ് നിർദ്ദേശങ്ങളിൽ നിന്നുള്ള പ്രകടമായ വ്യതിയാനത്തിന്റെ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ഇനം	ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിത വരവ്	യഥാർത്ഥ വരവ്
ടാക്സ് റവന്യൂ	9,56,50,000 രൂപ	6,36,12,976.11 രൂപ
വാടക	2,77,25,000 രൂപ	1,38,80,068 രൂപ

വിവിധ ഇനങ്ങളിലൂടെ പ്രതീക്ഷിത വരവും ചെലവും യാഥാർത്ഥ്യങ്ങളിൽ നിന്നും ഏറെ അകലെയാണ്. ബജറ്റ് തയ്യാറാക്കുന്നത് അത്യന്തം ഗൗരവമേറിയതും പരമാവധി കൃത്യതയോടെയും നിർവഹിക്കേണ്ടതമായ ഒരു നടപടിയാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 293(6) വകുപ്പ് അനുസരിച്ച് ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ള ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും നഗരസഭ ചെലവഴിക്കാൻ പാടില്ലാത്തതാകുന്നു. ഇപ്രകാരം ഓരോ ഇനം ചെലവിനുമുള്ള ബജറ്റ് വിഹിതവും അതിൽ നിന്നുള്ള ചെലവും നിരീക്ഷിക്കുവാനുള്ള യാതൊരു സംവിധാനവും കണ്ണൂർ നഗരസഭയിൽ നിലവിലില്ല. ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ പരിധിക്കുള്ളിൽ ചെലവ് നിർവഹിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അംഗീകാരമില്ലാത്തതും അനാവശ്യവുമായ ചെലവ് നിയന്ത്രിക്കാൻ ഇത് അത്യാവശ്യമാണ്.

1-2. വാർഷിക കണക്കുകൾ

കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994 സെക്ഷൻ 9 ൽ (1) പ്രകാരം ഒരു സാമ്പത്തിക വർഷത്തിന്റെ അക്കൗണ്ടുകൾ ആ സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം (ജൂലായ് 31-നകം) ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ കണ്ണൂർ നഗരസഭയുടെ 2010-11 വർഷത്തെ ഡബിൾ എൻട്രി സിസ്റ്റം (സാംഖ്യ) പ്രകാരമുള്ള വാർഷിക കണക്കുകൾ മാസങ്ങളോളം വൈകി 28.04.2012നാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്.

ജി.ഒ(ആർ.ടി)നം. 4240/08 എൽ.എസ്.ജി.ഡി, തീയതി 05.12.08 പ്രകാരം 2009-10 മുതലുള്ള ധനകാര്യ പത്രികകൾ അക്രൂവൽ ബെയ്സ്ഡ് ഡബിൾ എൻട്രി സിസ്റ്റത്തിലാണ് സമർപ്പിക്കേണ്ടിയിരുന്നത്. എന്നാൽ 26.08.2011 ന് ലഭ്യമാക്കിയ കണ്ണൂർ നഗരസഭയുടെ 2010-11 ലെ വാർഷിക ധനകാര്യപത്രിക സർക്കാർ ഉത്തരവിനു വിരുദ്ധമായി തയ്യാറാക്കിയതിനാൽ ഓഡിറ്റിന് അസ്വീകാര്യമായതിനാൽ തിരിച്ചയക്കുകയാണുണ്ടായത്. അപാകങ്ങൾ പരിഹരിച്ച് കണക്കുകൾ ഹാജരാക്കുവാനായി നിരന്തരം ആവശ്യപ്പെട്ടിട്ടും വീണ്ടും പഴയ രീതിയിൽ തന്നെയാണ് കണക്കുകൾ ഹാജരാക്കിയത്. വാർഷികധനകാര്യപത്രികകൾ ന്യൂനത പരിഹരിച്ച് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ നഗരസഭാ സെക്രട്ടറിയ്ക്ക് 09.11.2011 ന് നം. എൽ.എഫ്.സി.എം.2/376/11 പ്രകാരം ഷോകോസ് നോട്ടീസ് നൽകിയതിന്റെ ഫലമായി 28.04.2012 ന് മാത്രമാണ് ഡബിൾ എൻട്രി സിസ്റ്റം പ്രകാരമുള്ള വാർഷിക കണക്കുകൾ ഹാജരാക്കിയത്.

09.08.2011 ന് സി.ആർ.നം. 39 പ്രകാരം അംഗീകരിച്ച 2010-11 വർഷത്തെ പഴയ രീതിയിലുള്ള അക്കൗണ്ടിലെ ഡി.സി.ബി പത്രിക പ്രകാരമുള്ള വിവിധ ഇനങ്ങളിലുള്ള ക്ലോസിംഗ് ബാലൻസും 2010-11 ലെ അക്രൂവൽ ബേസ്ഡ് രീതിയിലുള്ള വാർഷിക ധനകാര്യ പത്രികയിലെ ക്ലോസിംഗ് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ഇനം	2010-11 വർഷത്തെ ഡി.സി.ബി പത്രിക പ്രകാരമുള്ള ക്ലോസിംഗ് ബാലൻസ് (സി. ആർ.നം.39 പ്രകാരം അംഗീകരിച്ച പഴയ രീതിയിലുള്ള അക്കൗണ്ടിന്റെ കൂടെയുള്ളത്)			2010-11 വർഷത്തെ അക്രൂവൽ ബേസ്ഡ്-ധനകാര്യ പത്രിക പ്രകാരമുള്ള ക്ലോസിംഗ് ബാലൻസ്			വ്യത്യാസം
	കൂടിശ്ശിക	തന്നാണ്ട്	ആകെ	കൂടിശ്ശിക	തന്നാണ്ട്	ആകെ	
വസ്തു നികുതി	5,16,31,482	81,39,843	5,97,71,325	5,47,95,503.68	52,10,447.61	60,05,951.29	5,37,65,373.71
തൊഴിൽ നികുതി	41,47,856.7	18,83,497.2	60,31,353.9	61,78,397.46	18,83,497.20	80,61,894.66	20,30,540.76
വാടക, കെട്ടിടം & ഭൂമി	61,77,054.2	17,32,789	79,09,843.2	7,104,138.24	12,91,858	83,95,996.24	4,86,153.04
ലൈസൻസ് ഫീ	6,48,511.07	1,41,561	7,90,072.07	10,11,331.07	1,14,581	11,25,912.07	3,35,840

25.05.2012 ലെ നം.എൽ.എഫ്.സി.എം.2/176/12 നമ്പർ കത്ത് പ്രകാരം ,ഇക്കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിനു 02.06.2012 ന് ലഭ്യമാക്കിയ എ3-1202/10 നമ്പർ മറുപടിയിൽ വസ്തുനികുതി, തൊഴിൽ നികുതി മറ്റ് വരവുകൾ സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ച് ഒരു മാസത്തിനകം അക്കൗണ്ടുമായി പൊരുത്തപ്പെടുത്തി ഹാജരാക്കാമെന്ന ഉറപ്പു നൽകിയിരുന്നു. എന്നാൽ നാളിതുവരെയും നികുതി വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളോ ഇലക്ട്രോണിക് രൂപത്തിലുള്ള രേഖകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

ലഭ്യമാക്കിയ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 2010-11 സാമ്പത്തിക വർഷത്തിൽ 14,93,13,644.35 രൂപ വരവും 15,78,61,219.50 രൂപ ചെലവും 85,47,575.15രൂപ കമ്മിയും ഉണ്ടായിട്ടുണ്ട്.

2. 2009-10 വർഷത്തെ നീക്കിയിരിപ്പു പ്രകാരം വിവിധ ബാങ്ക് /ട്രഷറി അക്കൗണ്ടുകളിലെ നഗരസഭയുടെ കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പുകൾ 2010-11 ലെ മുൻബാക്കിയായി സാംഖ്യ സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതായിരുന്നു. എന്നാൽ സാംഖ്യ പ്രകാരം 2010-11 ലെ മുൻബാക്കിയായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അക്കൗണ്ട് ഒഴികെ മറ്റെല്ലാ അക്കൗണ്ടുകളിലും കാണിച്ചിരിക്കുന്നത്. 2009-10 വർഷാവസാനത്തിലെ ബാങ്ക് പാസ് പുസ്തക പ്രകാരമുള്ള നീക്കിയിരിപ്പാണ്. 2009-10 വർഷാവസാന ബാങ്ക് റീക്കൺസിലിയേഷൻ പ്രകാരം ആകെ 51,59,132/- രൂപയുടെ പണമാക്കാത്ത ചെക്കുകൾ ഉണ്ട്. എന്നാൽ സാംഖ്യയിൽ പണ

മാക്കാത്ത ചെക്ക് ഇനത്തിൽ എസ്.ബി.ഐ അക്കൗണ്ടിൽ 3846046 രൂപ മാത്രമാണ് പരിഗണി ച്ചിരിക്കുന്നത്. ബാക്കി 13,13,086 രൂപ എങ്ങനെ ക്രമപ്പെടുത്തിയെന്ന് വിശദീകരിക്കേണ്ടതാണ്.

2009-10 വർഷത്തെ നീക്കിയിരിപ്പ് പ്രകാരം കണക്കിലുണ്ടായിരുന്ന ട്രഷറി അക്കൗണ്ട് (ടി.പി.എ 710) പ്രകാരം 7,41,522/- രൂപ, ഇംപ്രസ് അക്കൗണ്ട് പ്രകാരം 12.10 രൂപ എന്നീ അക്കൗണ്ടുകൾ 2010-11 ലെ മുന്നിരിപ്പായി സാംഖ്യയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

ആസ്തികൾ, വർക്ക് ഇൻ പ്രോഗ്രസ് എന്നിവ പൂജ്യമായി കണക്കാക്കികൊണ്ടാണ് 2010-11 വാർഷീക കണക്ക് സാംഖ്യയിൽ ആരംഭിച്ചിരിക്കുന്നത്. എന്നാൽ ഇതേവരെയായി മേൽ പറഞ്ഞ ഇനങ്ങൾ മൂല്യ നിർണ്ണയം പൂർത്തിയാക്കി കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

നഗരസഭയ്ക്ക് മുൻ കാലങ്ങളിൽ സർക്കാർ ലോൺ ലഭിച്ചിട്ടുണ്ട്. ആയതിന്റെ തിരിച്ച ടവ് ഓഡിറ്റു വർഷത്തിലും ഉണ്ട് എന്നാൽ സർക്കാർ ലോൺ ഇനം ലയബിലിറ്റിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

1-3. ഫണ്ട് വിനിയോഗം

i) വികസനഫണ്ട്

2010-11 സാമ്പത്തിക വർഷത്തിൽ കണ്ണൂർ നഗരസഭയ്ക്ക് വികസന ഫണ്ട് ഇനത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദ വി വരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

മുന്നിരിപ്പ്	94,36,030
തൻവർഷം ലഭിച്ചത്	3,43,77,000
റോഡ് ഇനോവേഷൻ ഫണ്ട്	41,50,000
തിരിച്ചടവ്	216
ആകെ	4,79,63,246
ചെലവ്	2,56,09,098
നീക്കിയിരിപ്പ്	2,23,54,148

വിവിധ വിഭാഗങ്ങൾക്കായി വേർതിരിച്ച് നടത്തിയ വികസനഫണ്ടിന്റെ വരവു ചെല വുകൾ താഴെ കാണിച്ചിരിക്കുന്നു.

വിഭാഗം	മുന്നിരിപ്പ്	വരവ്	ആകെ വരവ്	ചെലവ്	ബാലൻസ്	ചെലവിന്റെ ശതമാനം
ജനറൽ	32,52,200	3,01,69,216	3,34,21,416	2,31,25,992	1,02,95,424	69%
എസ്. സി.പി	61,83,830	83,58,000	1,45,41,830	24,83,106	1,20,58,724	17%
ടി എസ്.പി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	9436030	38527216	47963246	25609098	22354148	53.39%

11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായ 2010-11 വർഷത്തെ 4-ാം വാർഷിക പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നഗരസഭയ്ക്ക് അനുവദിക്കപ്പെട്ട പദ്ധതി വിഹിതത്തിന്റെ 46.6% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിന്റെ ഗ്രാഫിക്കൽ രൂപരേഖ താഴെ കൊടുക്കുന്നു.



വിനിയോഗിക്കാൻ ബാക്കിയുള്ള വികസനഫണ്ട് (53.39%)

വിനിയോഗിച്ച വികസനഫണ്ട് (46.61%)

മുൻ വർഷങ്ങളെ അപേക്ഷിച്ച് റോഡ് ഇനോവേഷൻ ഫണ്ട് ഇനത്തിൽ 41,50,000/- രൂപ തൻ വർഷം സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. 2009-10 വർഷത്തെ ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ 2010-11 വർഷത്തെ ചെലവുകൾ വളരെ കുറവാണ്. പദ്ധതി വിഹിതത്തിന്റെ കേവലം 53% മാത്രം ചെലവഴിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണം കണ്ണൂർ നഗരസഭയിൽ ഫലപ്രദമായി നടപ്പിലാകുന്നില്ല എന്ന് വിലയിരുത്താവുന്നതാണ്.

11-ാം പഞ്ചവത്സര പദ്ധതിയിലുൾപ്പെട്ട മുൻവർഷങ്ങളിലെ പദ്ധതി ഫണ്ട് വിനിയോഗം 2010-11 വർഷത്തെ ചെലവുമായി താഴെ കാണിച്ച വിധം താരതമ്യപ്പെടുത്തുന്നു.



വികസന ഫണ്ടിനത്തിൽ 2010–11 വർഷം നിർവഹണ ഉദ്യോഗസ്ഥർ മുഖേന ചെലവഴിച്ച 2,56,09,098 രൂപയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	നിർവഹണ ഉദ്യോഗസ്ഥൻ	ചെലവഴിച്ച തുക
1	സെക്രട്ടറി	21,90,310
2	മുനിസിപ്പൽ എഞ്ചിനീയർ	1,18,91,594
3	ഹെഡ്മാസ്റ്റർ	22,47,695
4	ഹോമിയോ മെഡിക്കൽ ഓഫീസർ	35,000
5	കൃഷി ഫീൽഡ് ഓഫീസർ	6,70,706
6	ശിശു വികസന പദ്ധതി ഓഫീസർ	35,60,498
7	യു.പി.എ പ്രൊജക്ട് ഓഫീസർ	42,76,920
8	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1,80,000
9	പട്ടികജാതി വികസന ഓഫീസർ	5,56,375
	ആകെ	**2,56,09,098**

ii) **<u>മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)</u>**

മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ഇനത്തിൽ 2010–11 സാമ്പത്തിക വർഷത്തെ വരവ് ചെലവു വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

മുന്നിരിപ്പ്	40,70,887
വരവ്	42,27,000
ആകെ	82,97,887
ചെലവ്	35,84,711
വാട്ടർ ചാർജ് ഒടുക്കിയത്	47,832
നീക്കിയിരിപ്പ്	46,65,344

iii) **<u>മെയിന്റനൻസ് ഫണ്ട് (റോഡ്)</u>**

മെയിന്റയിനൻസ് ഫണ്ട് റോഡ് ഇനത്തിൽ 2010–11 സാമ്പത്തിക വർഷത്തെ വരവ് ചെലവു വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

മുന്നിരിപ്പ്	9,02,087
വരവ്	1,16,19,000
ആകെ	1,25,21,087
ചെലവ്	88,66,993
നീക്കിയിരിപ്പ്	36,54,094

(കണ്ണൂർ കന്റോൺമെന്റിനു നേരിട്ട് അനുവദിച്ച 11,20,000/– രൂപ ഉൾപ്പെടെയാണ് ചെലവ് കാണിച്ചിരിക്കുന്നത്.)

1-4. രേഖകളുടെ സൂക്ഷിപ്പ്

കണ്ണൂർ നഗരസഭയിൽ 2010-11 വർഷം മുതൽ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് കണക്കുകൾ തയ്യാറാക്കുന്നതിനാൽ, റവന്യൂ ഇനങ്ങൾക്കായി തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് നികുതി കളക്ഷനും റവന്യൂ വിഭാഗവുമായി ബന്ധപ്പെട്ട മറ്റ് പ്രവൃത്തികളും നടത്തേണ്ടത്. ഇക്കാരണത്താൽ ടി സോഫ്റ്റ് വെയർ ഉപയോഗിച്ച് തന്നെ വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് തുടങ്ങിയവയുടെ വാർഡ്തല കളക്ഷനുകളുടെ സംക്ഷിപ്തവും തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ കണ്ണൂർ നഗരസഭയിൽ ഇത് സംബന്ധിച്ച സോഫ്റ്റ് വെയർ നാളിതുവരെയും പ്രവർത്തനക്ഷമമായിട്ടില്ല. വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് എന്നിവയുടെ തനത് വർഷത്തെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ, എഴുതി തള്ളൽ രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കിയതോ, ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1-5. നികുതി പിരിവിലെ വീഴ്ചകൾ

നഗരസഭയുടെ പ്രധാന നികുതിയിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ വൻ തുക കുടിശ്ശികയായുണ്ട്.

2010-11 ലെ ബാലൻസ് ഷീറ്റ് പ്രകാരം പ്രധാന ഇനങ്ങളിലെ 31.03.2011 വരെയുള്ള കുടിശ്ശികയുടെ വിവരം ചുവടെ കൊടുക്കുന്നു.

നികുതി ഇനം	തനത് വർഷം പിരിച്ചെടുക്കാൻ ബാക്കിയായ തുക	മുൻവർഷങ്ങളിലെ കുടിശ്ശിക തുകകളിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള തുക	31.03.2011 ന് ആകെ കുടിശ്ശിക തുക
വസ്തു നികുതി	52,10,447.61	5,47,95,503.68	6,00,05,951.29
തൊഴിൽ നികുതി	18,83,497.20	61,78,397.46	80,61,894.66
ലൈസൻസ് ഫീ	1,14,581.00	10,11,331.07	11,25,912.07

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539(1) വകുപ്പ് പ്രകാരം നഗരസഭയ്ക്കു ലഭിക്കേണ്ട തുകകൾ, ഡിമാന്റ് ചെയ്ത് 3 വർഷത്തിനുശേഷം കാലഹരണപ്പെടുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2007-08 വർഷം വരെ ഡിമാന്റ് ചെയ്ത കുടിശ്ശികയായ തുകകൾ കാലഹരണപ്പെടുന്നതാണ്. കോടിക്കണക്കിനു രൂപയുടെ നികുതികളും ഫീസുകളും പിരിച്ചെടുക്കാൻ കഴിയാത്ത വിധത്തിൽ കാലഹരണപ്പെടുന്നത് നഗരസഭയുടെ സാമ്പത്തിക നിലയെ തന്നെ ബാധിക്കുന്നുണ്ട്. നഗരസഭ ഡിമാന്റ് ചെയ്യുന്ന തുകകൾ 3 വർഷത്തിനകം പിരിച്ചെടുക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭയ്ക്ക് ലഭ്യമാകേണ്ട തുകകൾ സംബന്ധിച്ച് കാലികമായി പരിശോധനകൾ നടത്തി ഈടാക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ പ്രകടമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. നികുതി പിരിവ് സംബന്ധിച്ച പരാമർശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-2, 2-2എ, 2-3 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള ശുപാർശങ്ങൾ ഖണ്ഡിക 2-14 ലും പരാമർശിച്ചിട്ടുണ്ട്.

1-6. നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവുകൾ

കണ്ണൂർ നഗരസഭയുടെ കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥന്മാർ നഗരസഭയിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവുകൾ അതാത് ഓഫീസിലെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഓരോഫീസിൽ ഒറ്റ ക്യാഷ് ബുക്ക് മാത്രം സൂക്ഷിക്കേണ്ടത് സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല. പ്രവർത്തനം ആരംഭിക്കാത്ത വനിതാ ഹോസ്റ്റലിനു വേണ്ടി **3.89** ലക്ഷം രൂപയുടെ ഫർണ്ണിച്ചറുകൾ വാങ്ങി സൂക്ഷിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട് (ഖണ്ഡിക 3-12 കാണുക). പട്ടികജാതിക്കാരായ യുവതീ യുവാക്കൾക്കു വേണ്ടി നടപ്പിലാക്കിയ കാർ ഡ്രൈവിംഗ് പരിശീലനം എന്ന പദ്ധതിയുടെ നിർവഹണം സുതാര്യമല്ല. പട്ടികജാതിക്കാർക്കു വേണ്ടി തയ്യാറാക്കിയ പ്രോജക്ടുകളിൽ നാമമാത്രമായ ചെലവ് മാത്രമാണ് ഉണ്ടായത്. ആകെ അടങ്കൽ തുകയുടെ 12.6% മാത്രമാണ് ഈയിനത്തിൽ ചെലവ് വന്നിട്ടുള്ളത് (ഖണ്ഡിക 3-14 കാണുക.). പട്ടികജാതിയ്ക്കാർക്കുള്ള ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയ്ക്കു വേണ്ടി, 2009-10 വർഷത്തിൽ അനുവദിച്ച 97,50,000/- രൂപയും 2010-11 ൽ അനുവദിച്ച 1,00,000/- രൂപയുമടക്കം ആകെ 98,50,000/- രൂപ നാളിതുവരെയും ചെലവഴിക്കാൻ സാധിക്കാത്തത് ഈ മേഖലയുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജനറൽ വിഭാഗങ്ങൾക്കായുള്ള ഇ.എം.എസ് ഭവന പദ്ധതിയുടെ നിർവഹണവും ഇഴഞ്ഞു നീങ്ങുകയാണ്. 2009-10 ൽ ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് 0.0090% മാത്രമാണ്. (ഖണ്ഡിക 3-17 കാണുക.)

1-7. മരാമത്ത് പണികളുടെ നിർവഹണം

മരാമത്ത് പണികൾ എഗ്രിമെന്റ് കാലാവധിക്കകം പൂർത്തിയാക്കാത്തത് സംബന്ധിച്ച് നിയമ നടപടികൾ സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്യുന്നില്ല. ആയത് സംബന്ധിച്ച് 3-20 മുതൽ 3-27 വരെയുള്ള ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്.

ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതി സർക്കാർ ഉത്തരവിനു വിരുദ്ധമായി മുനിസിപ്പൽ എഞ്ചിനീയർ നൽകിയതും സാങ്കേതിക മികവില്ലാതെ പ്രവൃത്തി നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന് പരിശോധന നടത്താൻ സാധ്യമാവാതെ വന്നതും ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. (ഖണ്ഡിക 3-28 കാണുക.)

ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയ തുകയിൽ നിന്നും ടെണ്ടർ കുറവ് വരുത്തുന്നതിന് പകരം മൊത്തം തുകയിൽ നിന്നും ബിറ്റുമിന്റെ വിലയും കൺവെയൻസും കുറവ് ചെയ്ത തുകയിൽ നിന്നും ടെണ്ടർ കുറവ് വരുത്തി ടാക്സുകളും വിഹിതങ്ങളും കുറവ് ചെയ്ത് ബിൽ തുക അനുവദിച്ചതിനാൽ നഗരസഭയ്ക്ക് നഷ്ടം വന്നിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-19 ൽ പരാമർശിച്ചിട്ടുണ്ട്.

എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഫയലുകൾ ലഭ്യമാക്കാനായി രേഖാമൂലം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും മുഴുവൻ ഫയലുകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ ഓഡിറ്റിനോട് വൈമുഖ്യം പുലർത്തുന്ന നിലപാട് പൊതുമരാമത്ത് പ്രവൃത്തികളിലെ കെടുകാര്യസ്ഥതയും ഫണ്ടിന്റെ ദുർവിനിയോഗവും മൂടി വെക്കുന്നതിന് മാത്രമാണ്

സഹായകരമാവുന്നത് എന്ന് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. ഫയലു കൾ യഥാസമയം ഓഡിറ്റിന് ലഭ്യമാക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടാവേണ്ടതാണ്.

ഓഡിറ്റിൽ ഹാജരാക്കാത്ത ഫയലുകൾ പ്രകാരം ചെലവു ചെയ്ത തുകകൾ തടസ പ്പെടുത്തിയിട്ടുണ്ട്. (ഖണ്ഡിക 3-31 കാണുക)

1-8. വാർഡ് സഭകളുടെ സംഘാടനം

അധികാര വികേന്ദ്രീകരണത്തിന്റെയും പ്രദേശിക വികസനത്തിന്റെയും അടിസ്ഥാന തലമായ വാർഡ് സഭകൾ കണ്ണൂർ നഗരസഭയിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നാണ് രേഖകളിൽ നിന്നും വ്യക്തമാകുന്നത്.

1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ 42 എ വകുപ്പ് പ്രകാരം കണ്ണൂർ നഗരസഭയിൽ 2011 നവംബർ 1 മുതൽ 42 വാർഡുകൾ നിലവിൽ വന്നിട്ടുണ്ട്. 42 എ(3) വകുപ്പ് പ്രകാരം വാർഡ് സഭ കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന് വ്യവസ്ഥയുണ്ട്. കണ്ണൂർ നഗരസഭയുടെ വാർഡ് സഭാ മിനുട്സ് പരിശോധിച്ചതിൽ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരുന്നതായി കാണുന്നുണ്ട്. 42 എയിൽ (5) വകുപ്പ് പ്രകാരം ഒരു വാർഡ് സഭയുടെ ക്വാറം ആകെ അംഗങ്ങളുടെ 10% ആയിരിക്കുന്നതാണ്. എന്നാൽ ചില വാർഡുകളിൽ ആവശ്യമായ ക്വാറം തികഞ്ഞിട്ടില്ല. ഉദാഹരണമായി ഉരുവച്ചാൽ വാർഡിലെ ആകെ വോട്ടർമാരുടെ എണ്ണം 1184 ആയിരിക്കേ ക്വാറം 118 ആവശ്യമാണ്. എന്നാൽ 04.08.2010 ന് നടന്ന വാർഡ് സഭയിൽ ആകെ 33 പേർ മാത്രമാണ് ഹാജരായിട്ടുള്ള ത്.

വാർഡ് സഭകളിൽ മുൻവർഷത്തെ വികസന പദ്ധതികളെപ്പറ്റിയും ബഡ്ജറ്റിൽ വക യിരുത്തിയ തുകയെക്കുറിച്ചും പദ്ധതി വിഹിതത്തിന്റെ വിശദാംശങ്ങളെക്കുറിച്ചും ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. വാർഡിൽ നടപ്പിലാക്കിയതോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതോ ആയ മരാമത്ത് പണിയുടെ എസ്റ്റിമേറ്റിന്റെയും അതിന്റെ ചെലവിന്റെയും വിശദാംശങ്ങൾ അറിയുവാനും ജനങ്ങൾക്ക് അവകാശമുണ്ട്. എന്നാൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ വേണ്ടി മാത്രമാണ് കണ്ണൂർ നഗരസഭയിലെ വാർഡ് സഭകൾ ചേരുന്നത്. ഇതിൽ നിന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 45, 46 എന്നീ വകുപ്പുകൾ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും വാർഡ് സഭകളിൽ നിർവഹിക്കുന്നില്ല എന്ന് വ്യക്തമാകുന്നുണ്ട്.

വാർഡ് പ്രദേശത്തിന്റെ സമഗ്ര വികസനത്തിനുള്ള വേദിയായി വാർഡ് സഭകളെ മാറ്റേണ്ടത് സംബന്ധിച്ച് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-9. അനിവാര്യ ചുമതലകളുടെ നിർവഹണത്തിലെ വീഴ്ചകൾ

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 30(1) വകുപ്പ് പ്രകാരമുള്ള (ഒന്നാം പട്ടിക) അനി വാര്യ ചുമതലകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ കണ്ണൂർ നഗരസഭയിൽ ഒട്ടേറെ പോരായ്മ കൾ നിലനിൽക്കുന്നു. ഖരമാലിന്യസംസ്ക്കരണത്തിനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഇപ്പോഴും പ്രാവർത്തികമായിട്ടില്ല. പ്ലാന്റിന്റെ മാതൃക സംബന്ധിച്ചും അന്തിമമായ ഒരു ധാരണ രൂപപ്പെട്ടിട്ടില്ല. നഗരസഭ വർഷങ്ങളായി നേരിടുന്ന മാലിന്യ സംസ്ക്കരണ പ്രശ്ന ത്തിന് അടിയന്തിര പരിഹാരം കാണാനുള്ള മൂർത്തമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

ആധുനിക രീതിയിലുള്ള അറവു ശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നഗരസഭ കൗൺസിലിന്റെ 28.02.2007 ന്റെ (4-ാം നമ്പർ) യോഗം തീരുമാനിച്ചിരുന്നു. 2009-10 വാർഷിക പദ്ധതിയിൽ പദ്ധതി വിഹിതത്തിൽ നിന്നും തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തിക്കൊണ്ട് പദ്ധതി തയ്യാറാക്കുകയും അംഗീകരിക്കപ്പെടുകയും ചെയ്തുവെങ്കിലും പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഈയിനത്തിൽ 31.12.2010 ന് നഗരകാര്യ ഡയറക്ടർ അനുവദിച്ച 59,00,000 (59 ലക്ഷം) രൂപ ചെലവാകാതെ അക്കൗണ്ടിൽ ബാക്കി നിൽക്കുന്നുണ്ട്. ഡയറക്ടറേറ്റ് ഓഫ് എൻവിറോൺമെന്റ് ആന്റ് പ്ലൈമറ്റ് ചേഞ്ചിൽ നിന്നും വരവ് വന്ന 48 ലക്ഷം രൂപ സിൻഡിക്കേറ്റ് ബാങ്കിൽ സ്ഥിരം നിക്ഷേപം ചെയ്തിരിക്കുകയാണ്. മത്സ്യം, മാംസം ഉൾപ്പെടെയുള്ള എളുപ്പത്തിൽ കേടുവരാവുന്ന വസ്തുക്കളുടെ വില്പനയും മൃഗങ്ങളുടെ കശാപ്പും നിയന്ത്രിക്കുക എന്നത് നഗരസഭയുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടതാണ്. ഇത് അപകട രഹിതമായി നടക്കുന്നു എന്ന് ഉറപ്പു വരുത്താനുള്ള സംവിധാനങ്ങൾ പ്രാവർത്തികമായിട്ടില്ല. അനുദിനം വികസിച്ചു വരുന്ന കണ്ണൂർ നഗരത്തിന്റെ ഭാവി കാല ആവശ്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുള്ള സമഗ്രമായ നഗരാസൂത്രണ പദ്ധതികൾക്ക് രൂപം നൽകേണ്ടതായിട്ടുണ്ട്.

<u>1-10. ഓഡിറ്റ് റിപ്പോർട്ടുകൾ - യഥാസമയം തുടർ നടപടികൾ സ്വീകരിക്കുന്നില്ല.</u>

കേരള മുനിസിപ്പാലിറ്റി നിയമം, കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് സ്റ്റാറ്റ്യൂറ്ററി ഓഡിറ്റ് ഏജൻസിയായ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ കണ്ണൂർ നഗരസഭയുടെ 1975-76 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-97 റിപ്പോർട്ട് ഒഴികെ ബാക്കിയുള്ള റിപ്പോർട്ടുകളിലുള്ള തടസ്സവാദങ്ങൾ ഉചിതമായ ന്യൂനതാപരിഹാര നടപടികളൊന്നും സ്വീകരിക്കപ്പെടാത്തതിനാൽ തീർപ്പാക്കാതെ അവശേഷിക്കുകയാണ്.

കേരള മുനിസിപ്പാലിറ്റി നിയമം 295(7) വകുപ്പ് പ്രകാരം നഗരസഭയ്ക്ക് അയച്ചു കൊടുക്കുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഓഡിറ്റർമാർ ചൂണ്ടിക്കാണിക്കുന്ന പോരായ്മകളും ക്രമക്കേടുകളും മുനിസിപ്പാലിറ്റി ഉടൻ പരിഹരിക്കേണ്ടതും ആയത് ക്രമീകരിക്കാനായി എടുത്ത നടപടികൾ 3 മാസത്തിനകം ഓഡിറ്റർക്കും സർക്കാറിലേക്കും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2) പ്രകാരം നഗരസഭയ്ക്കു ലഭിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അതിന്മേൽ സെക്രട്ടറി തയ്യാറാക്കിയ കുറിപ്പോട് കൂടി ഇതിനായി പ്രത്യേകം വിളിച്ചു കൂട്ടിയ കൗൺസിൽ യോഗത്തിന്റെ പരിഗണനയ്ക്കായി വയ്ക്കേണ്ടതാണ്. ഇപ്രകാരമുള്ള കൗൺസിലിന്റെ പ്രത്യേക യോഗം ഓഡിറ്റ് റിപ്പോർട്ട് നഗരസഭയ്ക്ക് ലഭിച്ച് ഒരു മാസത്തിനുള്ളിൽ ചേരേണ്ടതും (ചട്ടം 14 ഉപചട്ടം 3) യോഗ തീരുമാനങ്ങളുടെ പകർപ്പ് വാർഡ് കമ്മിറ്റികളിൽ ചർച്ച ചെയ്യേണ്ടതും ആയവ നഗരസഭയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. (ചട്ടം 15 കാണുക)

എന്നാൽ കണ്ണൂർ നഗരസഭയിൽ ഓഡിറ്റ് റിപ്പോർട്ടുകളോട് സ്വീകരിക്കുന്ന സമീപനം നിരുത്തരവാദപരമാണ്. പല ഓഡിറ്റ് റിപ്പോർട്ടിൻ മേലും പ്രത്യേക കൗൺസിൽ യോഗം

വിളിച്ച് ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുകയോ പ്രഥമ മറുപടിപോലും സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

03.11.2011 ന് ഡെപ്യൂട്ടി കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയിൽ നാളിതുവരെ ലഭിച്ച എല്ലാ ഓഡിറ്റ് റിപ്പോർട്ടിന്മേലും മറുപടി ലഭ്യമാക്കുന്നതിന് വേണ്ടി നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ യോഗ തീരുമാനപ്രകാരമുള്ള യാതൊരു നടപടിയും നഗരസഭ സ്വീകരിക്കാതിരുന്നതിനാൽ 18.02.2012 ന് ചേർന്ന മോണിറ്ററിംഗ് കമ്മിറ്റി അമർഷം രേഖപ്പെടുത്തുകയുണ്ടായി.

2000-01 മുതൽ 2003-04 ചെലവ് ഓഡിറ്റു റിപ്പോർട്ടുകൾ വരെ 6 ഓഡിറ്റു റിപ്പോർട്ടുകൾക്ക് നാളിതുവരെയും മറുപടി ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കുന്ന മറുപടി തന്നെ അവ്യക്തവും യുക്തിരഹിതവുമാണ്. ഉദാഹരണമായി നഷ്ടം ഈടാക്കേണ്ടുന്ന ഖണ്ഡികയ്ക്ക്, നഷ്ടം ഈടാക്കി രശീതി ഹാജരാക്കുന്നതിനു പകരം "നഷ്ടം ഈടാക്കുന്നതാണ്. ആയതിനാൽ തടസം ഒഴിവാക്കേണ്ടതാണ്" എന്നിങ്ങനെയുള്ള മറുപടിയാണ് ലഭ്യമാക്കുന്നത്. ഇത്തരത്തിലുള്ള മറുപടി റിപ്പോർട്ടിലെ തടസങ്ങൾ തീർപ്പാക്കാൻ പര്യാപ്തമല്ല.

ഓഡിറ്റ് സമയത്ത് നൽകുന്ന ഓഡിറ്റ് അന്വേഷണങ്ങൾക്കും ഒബ്ജക്ഷൻ സ്ലിപ്പുകൾക്കും മറുപടി നൽകുന്ന കാര്യത്തിലും തികഞ്ഞ അലംഭാവമാണ് നഗരസഭ കാണിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകാത്ത സാഹചര്യത്തിൽ നിയമം അനുശാസിക്കും പ്രകാരമുള്ള ചാർജ്/സർചാർജ് നടപടികളുമായി മുന്നോട്ട് പോകാൻ ഈ വകുപ്പ് നിർബന്ധിതമാകുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കോടതി വ്യവഹാരങ്ങളിലേയ്ക്ക് നീങ്ങുകയും ചെയ്യേണ്ടതായി വരുന്നു. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനത്തെ നിരുത്തരവാദപരമായി സമീപിക്കുന്നത് അംഗീകരിക്കാവുന്ന ഒന്നല്ല. നിയമസഭാസമിതി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഓഡിറ്റ് റിപ്പോർട്ടുകളും തുടർ നടപടികളും നിരീക്ഷിക്കുന്ന സാഹചര്യത്തിൽ, തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളും ഖണ്ഡികകളും പരിശോധിച്ച് റിപ്പോർട്ടുകൾ തീർപ്പാക്കാനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സാമ്പത്തീകാസൂത്രണ പരാജയം - നഗരസഭ സാമ്പത്തീക പ്രതിസന്ധിയിലേക്ക്

പദ്ധതി ആസൂത്രണ മാർഗ്ഗ രേഖകളിൽ നിന്നും വ്യതിചലിച്ചും, പദ്ധതികൾ തയ്യാറാക്കാതെയും, ഡി.പി.സി അംഗീകാരം ലഭ്യമാക്കാതെയും, ആവശ്യമായ ഫണ്ട് ലഭ്യത ഉറപ്പു വരുത്താതെയും മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുക വഴി കരാറുകാർക്ക് നൽകാനുള്ള കടബാദ്ധ്യത വർദ്ധിച്ചു വരികയാണ്. കണ്ണൂർ നഗരസഭയിലെ നികുതി വരുമാനത്തിലെ വർദ്ധിച്ചു വരുന്ന കുടിശ്ശികയും കരാറുകാർക്ക് നൽകാനുള്ള കടബാധ്യതയും നഗരസഭയെ വൻ സാമ്പത്തീക കുരിക്കിലേക്ക് നയിക്കുകയാണ്. അടിയന്തിര പരിഹാര നടപടികൾ സ്വീകരിക്കാത്തപക്ഷം നഗരസഭയുടെ വികസന പ്രവർത്തനങ്ങൾ അവതാളത്തിലാവുന്നതാണ്.

ഓഡിറ്റ് വർഷത്തിൽ മാത്രം നികുതി/നികുതിയേതര വരുമാനം 2.10 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. 2010-11 വർഷാവസാനം ആകെ കുടിശ്ശിക 8.97 കോടി രൂപയാണ്. ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയ നിത്യനിദാന ചെലവുകൾക്ക് പോലും വരുമാനം കണ്ടെത്താൻ വിഷമിക്കുന്ന സാഹചര്യത്തിൽ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. ഈ ഓഫീസിൽ നിന്നും പ്രതിമാസം തയ്യാറാക്കി നഗരസഭാ സെക്രട്ടറിക്ക് നൽകുന്ന നികുതി പിരിവ് അവലോകനത്തിൽ ഇക്കാര്യം യഥാസമയം ചൂണ്ടികാണിക്കുന്നുണ്ട്. എന്നാൽ ഈ മുന്നറിയിപ്പുകൾ മുഖവിലയ്ക്ക് എടുക്കാനോ പിരിവ് വർദ്ധിപ്പിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാനോ നഗരസഭ തയ്യാറാകാത്തത് ഖേദകരമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, വികസനേതര ചെലവുകൾ എന്നിവ കഴിച്ച് മിച്ച തുക പദ്ധതി തയ്യാറാക്കുന്നതിനായി കൂട്ടിച്ചേർക്കണമെന്ന് വിവിധ ഉത്തരവുകളിലായി സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. (14.05.2007 ലെ ജി.ഒ(എം.എസ്) 128/2007/തസ്വഭവ ഖണ്ഡിക 7(5), 06.03.2008 ലെ ജി.ഒ(എം.എസ്)നം.65/2008/തസ്വഭവ ഖണ്ഡിക 6, 15.06.12 ലെ ജി.ഒ(എം.എസ്)255/തസ്വഭവ ഖണ്ഡിക 4(3) എന്നിവ കാണുക.) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, വികസനേതര ചെലവുകൾ എന്നിവ ഒഴികെയുള്ളതെല്ലാം, പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതി തയ്യാറാക്കി നടപടികൾ പൂർത്തായാക്കി വേണം നടപ്പിലാക്കാൻ എന്ന് ഇതിൽ നിന്നും വ്യക്തമാണ്. 16.10.08 ലെ ഗവ.സർക്കുലർ നം. 55287/എബി2/07/തസ്വഭവ യിൽ ഇത് വിശദീകരിക്കുന്നുണ്ട്. എന്നാൽ കണ്ണൂർ നഗരസഭയിൽ മരാമത്ത് പണികളിൽ ഭൂരിഭാഗവും "തനത് ഫണ്ട് മാത്രം ഉപയോഗിച്ച്" എന്ന കാരണം കാണിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തുകയോ പദ്ധതി നടപടി ക്രമങ്ങൾ പാലിക്കുകയോ ചെയ്യാതെ നടപ്പിൽ വരുത്തുകയാണ് ചെയ്യുന്നത്. ഇത് കൊണ്ടു തന്നെ ഈ പ്രവൃത്തികളുടെ ബഡ്ജറ്ററി നിയന്ത്രണങ്ങൾ പാലിക്കപ്പെടാതെ വരുന്നു. തനത് ഫണ്ടിൽ ആവശ്യത്തിന് പണമുണ്ടെന്നോ, വിഭാവനം ചെയ്യുന്ന തനത് ഫണ്ട് പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയുന്നുണ്ടെന്നോ ഉറപ്പുവരുത്താതെ നടപ്പാക്കുന്ന ഈ പ്രവൃത്തികൾക്ക് നൽകാൻ ആവശ്യമായ തുക തനത് ഫണ്ടിൽ നിന്നും കണ്ടെത്താൻ കഴിയാതെ വരുന്നതിനാൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് പണം കൊടുക്കാൻ കഴിയാത്തതായി വരുന്നു. പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇനത്തിൽ കരാറുകാർക്ക് ഇതേവരെയായി

നൽകാനുള്ള തുകയുടെ വിശദവിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഈ ഓഫീസിലെ 17.12.2012 ലെ നം.എൽ.എഫ്.സി.എം.2/540/2011-12 നമ്പർ ഓഡിറ്റ് റിക്വിസിഷന് സെക്രട്ടറിയുടെ 19.01.2013 ലെ എ3-23560/12 നമ്പർ മറുപടി പ്രകാരം ഇന്നേ തീയതി വരെ പൂർത്തിയായ മരാമത്ത് പണികളിൽ തനത് ഫണ്ടിന്റെ ലഭ്യത കുറവ് കാരണം പണം കൊടുത്തു തീർക്കാൻ **ബാക്കിയുള്ളത് 1.07 കോടി രൂപയാണെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ പ്രവൃത്തികളുടെയും** മൂല്യ നിർണയം പൂർത്തിയായാൽ തുക വീണ്ടും വർദ്ധിക്കാനിടയുണ്ട്. ചുരുക്കത്തിൽ ബഡ്ജറ്റ് നിയന്ത്രണ കുറവും തനത് വരുമാനത്തിന്റെ പിരിവിലെ ഉദാസീനതയും പദ്ധതി മാർഗ്ഗരേഖയിൽ നിന്നുള്ള വ്യതിചലനവുമാണ് നഗരസഭയുടെ നിലവിലുള്ള സാമ്പത്തീക പ്രതിസന്ധിക്കു പ്രധാന കാരണം.

പദ്ധതി പണം പാഴാക്കുന്നു.

ഒരു വശത്ത് നികുതി കുടിശ്ശികയും കടബാദ്ധ്യതയും വർദ്ധിക്കുമ്പോൾ മറുവശത്ത് സംസ്ഥാന സർക്കാർ അനുവദിക്കുന്ന പദ്ധതി പണം വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാതെ നഗരസഭ പാഴാക്കുന്നതായാണ് കാണുന്നത്.

2005-06 സാമ്പത്തീക വർഷം മുതൽ ഏതാണ്ട് 6.12 കോടി രൂപ ഇത്തരത്തിൽ പാഴായിട്ടുണ്ട്. മുൻ വർഷങ്ങളിൽ കണ്ണൂർ നഗരസഭ വിനിയോഗിക്കാതെ പാഴാക്കിയ പദ്ധതി പണത്തിന്റെ വിവരം താഴെ കാണിക്കുന്നു.

വർഷം	വിനിയോഗിക്കാൻ കഴിയാതെ പാഴാക്കിയത് (അവലംബം ഓഡിറ്റ് റിപ്പോർട്ടുകൾ)
2005-06	68,01,791
2006-07	73,43,306
2007-08	1,28,57,669
2008-09	1,60,46,979
2009-10	94,21,432
2010-11	87,67,902
ആകെ	**6,12,39,079**

പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും ഗുരുതരമായ വീഴ്ചയാണ് ഇത് സൂചിപ്പിക്കുന്നത്. അടിയന്തിര നടപടികൾ സ്വീകരിക്കാത്ത പക്ഷം നഗരസഭയുടെ സാമ്പത്തീക സ്ഥിതി കൂടുതൽ വഷളാകുന്നതും വികസന പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നതുമാണ്. ഈ വിഷയത്തിലേക്ക് നഗരസഭാ അധികാരികളുടെയും ഭരണ വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2-2. അനർഹമായി വസ്തു നികുതി ഇളവ് നൽകിയത് - നഗരസഭയ്ക്ക് നഷ്ടം

തളാപ്പ് ഭക്തി സംവർധിനി യോഗം പ്രസിഡന്റിന്റെ ഉടമസ്ഥതയിലുള്ള 693.16 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 4/11 ലെ പ്രതിമാസ നികുതി ചുമത്തൽ ലിസ്റ്റ് പ്രകാരം 600 D, 600E എന്നിങ്ങനെ നമ്പർ നൽകി താഴെ കാണിച്ച വിധം 2010-11 രണ്ടാം അർദ്ധ വർഷം മുതൽ നികുതി നിർണയം നടത്തിയിട്ടുണ്ട്.

വാർഡ് നം.	കെട്ടിട നം.	വാർഷിക മതിപ്പു വാടക	കെട്ടിട നികുതി	പുവർഹോം സെസ്	ലൈബ്രറി സെസ്	ഒരു അർദ്ധ വർഷത്തെ ആകെ വസ്തുനികുതി
ടി.എം	600 D	84,000	11,025	221	552	11,798
ടി.എം	600E	84,000	11,025	221	552	11,798
					ആകെ	**23,596**

15.06.2011 ന് യോഗം പ്രസിഡന്റ് സമർപ്പിച്ച, വസ്തുനികുതി കുറവു ചെയ്യണമെന്നാവ ശ്യപ്പെട്ടു കൊണ്ടുള്ള റിവിഷൻ പെറ്റീഷൻ സെക്രട്ടറി നിരസിച്ചിട്ടുണ്ട്. 16.08.2011 ന് കൗൺസിൽ മുമ്പാകെ നൽകിയ അപ്പീൽ പെറ്റീഷനിൽ, RI നടത്തിയ പരിശോധനയിൽ ടി കെട്ടിടത്തിന്റെ ഒരു ഭാഗത്ത് കാന്റീനും ഒന്നാം നിലയിൽ ഓഫീസും പ്രവർത്തിച്ചു വരുന്ന തായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഫയൽ R1-13738/11 കാണുക)

എന്നാൽ R1 AP/73/10-11 (ii) തീയതി 15.10.11 പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, ടി കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും പൂർണമായും ഒഴിവാക്കുകയാണുണ്ടായത്. ഈയിനത്തിൽ 2010–11 വർഷം ഒടുക്കിയ തുക റീഫണ്ട് ചെയ്തിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ നികുതിയിളവ് നൽകിയതു വഴി നഗരസഭയ്ക്ക് വസ്തുനികുതിയിനത്തിൽ ഭീമമായ നഷ്ടം വരാൻ സാധ്യതയുണ്ട്.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 235(1) എ, ബി എന്നിവ പ്രകാരം പൊതു ആരാധനയ്ക്കായി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾ, പൊതു ആരാധനയ്ക്കായി നീക്കി വെച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അങ്ങനെ ഉപയോഗിക്കുന്നതോ അല്ലെങ്കിൽ മറ്റ് യാതൊരാ വശ്യത്തിനും ഉപയോഗിക്കാത്തതോ ആയിട്ടുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കാ വുന്നതാണ്.

എന്നാൽ 600 D, 600E നമ്പർ കെട്ടിടങ്ങൾ പ്ലാൻ പ്രകാരവും RI യുടെ അന്വേ ഷണ റിപ്പോർട്ട് പ്രകാരവും കാന്റീൻ, ഓഫീസ് റൂം, വി.ഐ.പി റൂം വാണിജ്യ അടിസ്ഥാനത്തിലുള്ള വ്യാപാര സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്ന കമ്മേഴ്സ്യൽ കെട്ടിടമാണെന്ന് വ്യക്തമാണ്. ആയതിനാൽ 2011–12 മുതൽ അനർഹമായി വസ്തു നികുതി ഇളവ് നൽകിയ നടപടി പുന:പരിശോധിക്കേണ്ടതും നാളിതുവരെ നഗരസഭയ്ക്ക് നഷ്ടമായ തുക പലിശ സഹിതം കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം നഷ്ടമായ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2–2 (എ). <u>വസ്തു നികുതി –ഡിമാന്റ് –കളക്ഷൻ– ബാലൻസ് തുകകൾ പരിശോധി ക്കുവാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.</u>

2010–11 വർഷത്തിലെ ഓഡിറ്റിന്റെ ഭാഗമായി ഈ ഓഫീസിൽ നിന്നും 26.06.2012 ന് അയച്ച ഓഡിറ്റ് റിക്വിസിഷൻ നം.എൽ.എഫ്.സി.എം.2–285/12 പ്രകാരം വസ്തു നികുതി സംബന്ധിച്ച് എഴുതി തയ്യാറാക്കിയ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, എഴുതി തള്ളൽ രജിസ്റ്റർ എന്നിവ ഹാജരാക്കാനായി അറിയിച്ചിരുന്നുവെങ്കിലും ആയത് ലഭ്യ മാക്കിയിട്ടില്ല. കൂടാതെ 13.08.2012 ലെ നം.എൽ.എഫ്.സി.എം.2–285എൽ/10–11 ഓഡിറ്റ് റിക്വി

സിഷൻ പ്രകാരം വസ്തു നികുതി രജിസ്റ്ററുകളും രേഖകളും ഇലക്ട്രോണിക് രൂപത്തിൽ സി.ഡിയിലാക്കിയതിന്റെ പകർപ്പോ, അല്ലെങ്കിൽ ആയത് കമ്പ്യൂട്ടറിൽ പരിശോധിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി തരുകയോ ചെയ്യുവാനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയ വസ്തു നികുതി സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ നഗരസഭാ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സംക്ഷിപ്തം, അല്ലെങ്കിൽ ഇലക്ട്രോണിക് രൂപത്തിൽ തയ്യാർ ചെയ്ത സി.ഡി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തിയത് ഓഡിറ്റിൽ പരിശോധിക്കുവാനുള്ള സംവിധാനം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

റവന്യു സംവിധാനം കാര്യക്ഷമമാക്കുന്നത് ഉദ്ദേശിച്ചു കൊണ്ടുള്ള ഐ.കെ.എം സോഫ്റ്റ് വെയറായ 'സഞ്ചയ', നാളിതുവരെയും കണ്ണൂർ നഗരസഭയിൽ സ്ഥാപിച്ചിട്ടില്ലെങ്കിൽ ആയതിന് വ്യക്തമായ മറുപടി നൽകേണ്ടതും ടി സംവിധാനം നടപ്പിലാക്കുന്നതിന് എന്ത് തടസ്സമാണ് നിലനിൽക്കുന്നതെന്നും അന്വേഷിച്ചതിന്റെ ഭാഗമായി ലഭ്യമാക്കിയ മറുപടിയിൽ 2010-11 വർഷത്തിൽ വസ്തുനികുതി സംബന്ധിച്ച് വാർഡ് തലത്തിലും സംക്ഷിപ്തമായും ഡി സി ബി രജിസ്റ്ററുകളോ സോഫ്വെയറോ തയ്യാറാക്കിയിട്ടില്ലായെന്നും ഐ കെ എം നോട് ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2010-11 വർഷത്തെ വസ്തു നികുതി സംബന്ധിച്ച ഡി.സി.ബി കണക്കുകളുടെ ആധികാരികത നിർണ്ണയിക്കുവാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല.

2-3. <u>വസ്തു നികുതി- കുടിശ്ശിക പിരിച്ചെടുക്കുവാൻ ബാക്കിയായത്- നഗരസഭാ ഫണ്ടിന് നഷ്ടം</u>

കണ്ണൂർ നഗരസഭയുടെ 2010-11 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതിയിനത്തിൽ ആകെ 6,00,05,951.29/-രൂപ 31.03.2011 വരെ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ആയതിൽ 5,47,95,503.68/-രൂപ 2009-10 വർഷം വരെയുള്ള ഡിമാന്റ് തുകയുടെ കുടിശ്ശികയും, 52,10,447.61/- രൂപ 2010-11 വർഷത്തെ ഡിമാന്റ് തുകയുടെ കുടിശ്ശികയുമാണ്. ഈ തുകകൾ സംബന്ധിച്ച കൃത്യത പരിശോധിക്കുവാൻ രജിസ്റ്ററുകളോ ഇലക്ട്രോണിക് രൂപത്തിലുള്ള രേഖകളോ ലഭ്യമല്ല. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് തുടർച്ചയായി നൽകിയ ഓഡിറ്റ് റിക്വിസിഷനുകൾക്കും ഒബ്ജക്ഷൻ സ്ലിപ്പുകൾക്കും നാളിതുവരെയും മറുപടി ലഭ്യമാക്കിയിട്ടില്ല. വേക്കൻസി റമിഷൻ സംബന്ധിച്ച രജിസ്റ്ററുകൾ അപൂർണമാണ്. എഴുതി തള്ളൽ രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയും നിലവിലില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 539(1) വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുക ആയത് കുടിശ്ശികയായി മൂന്നുവർഷത്തിനുശേഷം കാലഹരണപ്പെടുന്നതാണ്. ആയത് പ്രകാരം 30.03.2008 വരെയുള്ള കുടിശ്ശിക തുകകൾ കാലഹരണപ്പെടുന്നതാണ്. എന്നാൽ കാലഹരണപ്പെട്ട തുകകളുടെ കൃത്യത കണ്ടെത്തുവാനാവശ്യമായ രേഖകൾ നഗരസഭയിൽ ലഭ്യമല്ല. 2008-09 ലെ ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരം 2007-08 വരെയുള്ള ഡിമാന്റ് ചെയ്ത തുകകളുടെ കുടിശ്ശികയിനത്തിൽ 4,51,08,442.40 രൂപയുണ്ട്. ആയതിൽ 29,55,266/- രൂപ 2008-09 വർഷത്തിൽ വരവ് വന്നിട്ടുണ്ട്. ബാക്കിയായ

4,21,53,176.40 രൂപയിൽ 2009-10, 2010-11 വർഷങ്ങളിൽ വരവ് വന്ന തുകകൾ കുറവ് വരുത്തിയതിനുശേഷം ബാക്കി വരുന്ന തുക (2009-10, 2010-11 വർഷങ്ങളിൽ കുടിശ്ശികയിനത്തിൽ വരവ് വന്ന തുകകൾ വർഷം തിരിച്ച് ലഭ്യമാക്കിയിട്ടില്ല.) സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കേണ്ടതുണ്ട്.

2-4. തൊഴിൽ നികുതി രജിസ്റ്ററുകൾ- അപാകങ്ങൾ സംബന്ധിച്ച്

കണ്ണൂർ നഗരസഭയിലെ 2010-11 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ അപൂർണ്ണവും ആധികാരികത ഇല്ലാത്തതുമാണ്. പ്രസ്തുത രജിസ്റ്ററുകളിൽ നികുതി ഇനത്തിൽ വരവ് ചേർത്ത തുകകൾ പേജുകൾ തോറും കൂട്ടിയിടുകയോ ഈ തുക രജിസ്റ്ററിൽ ഒടുവിലായി കൂട്ടിയിട്ട് അബ്സ്ട്രാക്റ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ രജിസ്റ്ററിന്റെ അവസാന പേജിൽ തൻവർഷത്തെ വാർഷിക കണക്ക് പ്രകാരമുള്ള ആകെ ഡിമാൻഡ്, ആകെ വരവ്, ആകെ കുടിശ്ശിക എന്നിവ രജിസ്റ്ററിലെ സംഗ്രഹവുമായി പൊരുത്തപ്പെടുത്തി ആയത് നഗരസഭാ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു സംഗ്രഹം എഴുതുകയോ ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. നഗരസഭയ്ക്ക് 2010-11 വർഷത്തിൽ തൊഴിൽനികുതി ഇനത്തിൽ എത്ര തുക വരവുണ്ടായിട്ടുണ്ട് എന്ന് ഈ രജിസ്റ്ററിൽ നിന്നും വ്യക്തമാവുന്നില്ല. ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയ വരവ് ചെലവു പത്രികയിൽ ചേർത്തത് തൊഴിൽ നികുതിയിനത്തിൽ യഥാർത്ഥ വരവായിട്ടുള്ള തുകയാണോ എന്ന് വ്യക്തമല്ല. കൂടാതെ രജിസ്റ്ററുകളിൽ പേജ് നമ്പർ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അവ്യക്തവും അപൂർണ്ണവും ആധികാരികതയില്ലാത്തതുമായ രജിസ്റ്ററുകൾ ഹാജരാക്കിയതു സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. എഴുതി തയ്യാറാക്കിയ രജിസ്റ്ററുകളുടെ അഭാവത്തിൽ ഇലക്ട്രോണിക് രൂപത്തിലുള്ള രേഖകൾ നിലവിലുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കാനായി റിക്വിസിഷൻ നൽകിയിരുന്നുവെങ്കിലും ആയതിന് നാളിതുവരെ മറുപടി നൽകിയിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി സംബന്ധിച്ച വരവുകൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത രജിസ്റ്ററുകളിലെ അപാകങ്ങൾ പരിഹരിച്ച് പരിശോധനാ സജ്ജമാക്കി ഓഡിറ്റിന് പുന:സമർപ്പിക്കേണ്ട വിഷയത്തിലേക്ക് സെക്രട്ടറിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2-5. ഡി.ആന്റ് ഒ .ലൈസൻസ്, പി.എഫ്.എ.ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും പൊതുവായ അപാകങ്ങൾ.

കണ്ണൂർ നഗരസഭയിൽ 2010-11 വർഷത്തേക്കുള്ള ഡി.ആന്റ്.ഒ ലൈസൻസ്, പി.എഫ്.എ ലൈസൻസ് എന്നിവയുടെ അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

കണ്ണൂർ മുനിസിപ്പാലിറ്റി പരിധിയിൽ വ്യാപാരസ്ഥാപനങ്ങൾ നടത്തുന്നതിന് വേണ്ടിയുള്ള ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ ഹാജരാക്കേണ്ട ആവശ്യമായ രേഖകൾ ഇല്ലാതെയാണ് ഭൂരിഭാഗം അപേക്ഷകളും സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷകരുടെ സ്ഥാപനങ്ങൾ പ്രാദേശിക പരിശോധന നടത്തി പരിസര ശുചിത്വം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ചതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ സെക്ഷൻ 447 (3എ)

പ്രകാരം അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം സെക്രട്ടറി ആയത് പരിശോധിച്ച് ലൈസൻസ് നൽകുകയോ, നിരസിക്കുകയോ ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അപേക്ഷകൾ പരിശോധിച്ച് ലൈസൻസുകൾ ഇഷ്യൂ ചെയ്തതായി കാണുന്നില്ല. ലൈസൻസ് ഇല്ലാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സ്ഥിതിയാണ് ഇതുമൂലം കണ്ണൂർ നഗരസഭയിൽ ഉണ്ടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിൽ ബന്ധപ്പെട്ട സെക്ഷൻ യാതൊരു നിബന്ധനയും പാലിച്ചിട്ടില്ല. ലൈസൻസ്ഫീ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുന്നുണ്ടെങ്കിലും എല്ലാ തുകകളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

രജിസ്റ്ററുകൾ പരിശോധിച്ചത് പ്രകാരം, ആകെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ എത്രയാണെന്ന് കൃത്യമായി എഴുതി രജിസ്റ്ററുകളുടെ സംഗ്രഹം തയ്യാറാക്കുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ യാതൊരു ആധികാരികതയുമില്ലാത്ത തുകകളാണ് ഡി.ആന്റ്.ഒ, പി.എഫ്.എ ലൈസൻസ് ഫീ എന്നിവ സംബന്ധിച്ച് വാർഷിക അക്കൗണ്ടിൽ രേഖപ്പെടുത്തി ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത അപാകങ്ങൾ ചൂണ്ടിക്കാണിച്ച് 13.08.2012 ന് നൽകിയ നം. എൽ.എഫ്.സി.എം.4 -285/2010-11 ഓഡിറ്റ് റിക്വിസിഷനിൽ ഡി ആന്റ് ഒ ലൈസൻസ് ഫീ, പി.എഫ്.എ ലൈസൻസ് ഫീ, സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും ഇലക്ട്രോണിക് രൂപത്തിൽ സി.ഡിയിലാക്കിയതിന്റെ പകർപ്പ്, ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ഈ ഓഫീസിലെ കമ്പ്യൂട്ടറിൽ ടി വിവരങ്ങൾ പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തി ത്തരുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയത് നാളിതുവരെ ഓഡിറ്റിൽ ലഭ്യമാക്കിത്തന്നിട്ടില്ല. ആയതിനാൽ 2010-11 വർഷത്തെ ഡി ആന്റ് ഒ, പി.എഫ്.എ ലൈസൻസ് ഫീ സംബന്ധിച്ച കണക്കുകളുടെ ആധികാരികത നിർണയിക്കാൻ സാധ്യമല്ലാതെ വന്നിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

അപേക്ഷകൾ യഥാവിധി പരിശോധിച്ച് ലൈസൻസ് നൽകാനുള്ള നടപടി സ്വീകരിക്കുന്ന കാര്യത്തിലുണ്ടായ വീഴ്ച കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. ലൈസൻസ് നടപടികൾ ക്രമീകരിക്കുന്നതിനായി ബന്ധപ്പെട്ട സെക്ഷനുകൾക്ക് കർശന നിർദ്ദേശം നൽകേണ്ടതുണ്ട്.

2-6. അഡ്വാൻസ് രജിസ്റ്റർ - അപാകങ്ങൾ

2010-11 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

I. മുൻകൂറുകൾ ഈടാക്കിയില്ല.

ഓണം അഡ്വാൻസ് ഇനത്തിൽ 2007-08 മുതൽ നഗരസഭാ ജീവനക്കാർക്ക് അഡ്വാൻസായി തുക നൽകിയത് പിരിച്ചെടുക്കാതെ കുടിശ്ശികയുണ്ട്. ആയത് 04.10.2011 ലെ ജി ഒ(പി) നം. 419/11 ഫിൻ സർക്കാർ ഉത്തരവ് പ്രകാരം 18% പലിശ സഹിതം താഴെ കാണിച്ച ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കി നഷ്ടം നികത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

പേര്	ഉദ്യോഗപ്പേര്	അഡ്വാൻസ് കൈപ്പറ്റിയ വർഷം	ഈടാക്കാൻ ബാക്കിയായ തുക
സർവ്വശ്രീ വി.സി മുകുന്ദൻ	ലോവർ ഡിവിഷൻ ക്ലാർക്ക്	2007-08	200
കെ രമേശൻ	ഡ്രൈവർ	2007-08	200
കെ.ജെ.സിബിച്ചൻ	ലോവർ ഡിവിഷൻ ക്ലാർക്ക്	2007-08	600
കെ.ബാലസുബ്രഹ്മണ്യൻ	പ്യൂൺ	2007-08	600
വി.എസ്. രമേശൻ	ഡ്രൈവർ	2007-08	600
കെ.പുരുഷോത്തമൻ	കണ്ടിജന്റ് വർക്കർ സി ഡിവിഷൻ		600
		ആകെ	2,800
സുചിത്ര.വി.വി	അപ്പർ ഡിവിഷൻ ക്ലാർക്ക്	2008-09	800
കെ.വി.വിശ്വനാഥൻ	റവന്യൂ ഇൻസ്പെക്ടർ	2008-09	400
കെ പുരുഷോത്തമൻ	കണ്ടിജന്റ് വർക്കർ സി ഡിവിഷൻ	2008-09	800
ബാലകൃഷ്ണൻ പനയൻ	കണ്ടിജന്റ് വർക്കർ സി ഡിവിഷൻ	2009-10	600
എൻ.പ്രേമരാജൻ	എൻ.എം.ആർ വർക്കർ	2009-10	3,000
		ആകെ	5,600
എ. പ്രദീപൻ	യു.ഡി.സി	2010-11	1,500
സോമൻ.എം.കെ	കണ്ടിജന്റ് വർക്കർ	2010-11	1,500
കെ.ആർ.ഉഷ	കണ്ടിജന്റ് വർക്കർ	2010-11	3,000
		ആകെ	6,000
		ആകെ മൊത്തം	14,400

II. മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ 1974 മുതൽ 2010-11 വരെ അഡ്വാൻസ് രജിസ്റ്റർ പേജ് 60 പ്രകാരം അനുവദിച്ച തുക 18,20,081 രൂപയും തിരിച്ചു പിടിച്ച തുക 1,01,783 രൂപയു മാണ്. കുടിശ്ശികയായി തിരികെ ഈടാക്കാനുള്ള തുക 17,18,298 രൂപ 18% പിഴ പലിശ സഹിതം ഈടാക്കേണ്ടതാണ്.

2-7. <u>നഗരസഭയുടെ സ്ഥലത്ത് സ്ഥാപിച്ച ബങ്കുകളുടെ ലൈസൻസ് - കാലാവധി കഴിഞ്ഞ കേസുകളിൽ പുതുക്കാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടില്ല.</u>

നഗരസഭയുടെ സ്ഥലത്ത് സ്ഥാപിച്ച ' ബി ' സീരിയൽ ബങ്കുകളുടെ ലൈസൻസുകൾ യഥാസമയം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചകൾ നിലനിൽക്കു ന്നതായി ഇതു സംബന്ധിച്ച ആർ 9-260/01 നമ്പർ ഫയലിൽ നിന്നും വ്യക്തമാവുന്നുണ്ട്.

' ബി ' സീരിസിൽപെട്ട ബി1 മുതൽ ബി27 വരെയുള്ള ബങ്കുകളുടെ ലൈസൻസ് കാലാവധി 31.03.2010 ന് അവസാനിക്കുകയുണ്ടായി. എന്നാൽ കാലാവധി അവസാനിക്കുന്ന മുറക്ക് ലൈസൻസുകൾ പുതുക്കാനുള്ള അറിയിപ്പ് നഗരസഭ നൽകിയിട്ടില്ല. ലൈസൻസി കൾ സ്വമേധയാ കാലാവധി പുതുക്കിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമില്ല. 31.03.2010 ന് കാലാവധി അവസാനിച്ചിട്ടും 10 ലൈസൻസികൾ 2010-11 വർഷം പഴയ നിര ക്കിൽ തന്നെയാണ് ലൈസൻസ് ഫീ (വാടക) ഒടുക്കിയിട്ടുള്ളത്. (ബി 5, 6, 9, 10, 12, 13, 14, 15, 22, 24 എന്നീ ബങ്കുകൾ). ഇതിൽ ബി 9 നമ്പർ ലൈസൻസിയായ ശ്രീ.ടി.പി അബ്ദുൾ റഹീം, ബി 10 നമ്പർ ലൈസൻസിയായ ശ്രീ.സി.മെഹബൂബ് എന്നിവർ 2010-11 വർഷത്തിൽ ഒരു തുകയും അടച്ചിട്ടില്ല.

യഥാസമയം ലൈസൻസ് പുതുക്കാതെ ബങ്ക് ഉടമകളെ ബിസിനസ് നടത്താൻ അനുവദിച്ചത് നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. കാലതാമസം വരുത്തിയവരിൽ നിന്ന് കുടിശ്ശിക ലൈസൻസ് ഫീ, അപേക്ഷ പുതുക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള ഫീ, അഡീഷനൽ ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇപ്രകാരമുള്ള തുകകൾ ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ലൈസൻസ് പുതുക്കുന്ന ഘട്ടത്തിൽ വാർഷിക മൂല്യത്തിന്റെ 5% മൂല്യമുള്ള മുദ്രപത്രത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള കരാർ ഉടമ്പടി തയ്യാറാക്കി സാക്ഷികളുടെ ഒപ്പോടെ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. എഗ്രിമെന്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എഗ്രിമെന്റുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2-8. നഗരസഭയുടെ സ്ഥലത്ത് സ്ഥാപിച്ച ബങ്കുകളുടെ ലൈസൻസ് - യഥാസമയം പുതുക്കാത്തവയുടെ പേരിൽ നടപടി സ്വീകരിക്കാത്തതു സംബന്ധിച്ച്.

'എ' സീരിയലിൽപെട്ട എ4, എ7, എ21, എ32, എ39 നമ്പർ ബങ്കുകളുടെ ലൈസൻസ് കാലാവധി 31.03.2008 തീയതിയിൽ അവസാനിച്ചതാണ്. 31.03.2008 ന് ശേഷം ലൈസൻസ് പുതുക്കിയിട്ടില്ല. 2010-11 വർഷത്തിലും 01.04.05 മുതൽ 31.03.2008 വരെയുള്ള കാലയളവിലേക്ക് നിശ്ചയിച്ച നിരക്കിലുള്ള ലൈസൻസ് ഫീയാണ് (വാടക) വാങ്ങിക്കൊണ്ടിരുന്നത്. പഴയ നിരക്കിലുള്ള ഫീ പോലും ഒടുക്കാതെ കച്ചവടം നടത്തുന്ന ബങ്കുടമകളുമുണ്ട്. എ32 നമ്പർ ബങ്കുടമയായ ശ്രീ ടി.കെ സലാം 303/- രൂപ എന്ന പഴയ നിരക്കിലുള്ള വാടക 4 മാസത്തേക്കു മാത്രമേ അടച്ചിട്ടുള്ളൂ. എ39 നമ്പർ ബങ്കുടമയായ ശ്രീ.കളത്തിൽ സലീം തൻ വർഷം ലൈസൻസ് ഫീ ഇനത്തിൽ തുകയൊന്നും അടച്ചിട്ടില്ല.

ലൈസൻസ് കാലാവധി പൂർത്തിയായി വർഷങ്ങൾ പിന്നിട്ട കേസുകളിൽപോലും ലൈസൻസ് പുതുക്കാനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല 31.03.2008 ന് ലൈസൻസ് കാലാവധി അവസാനിച്ച് 3 വർഷം പിന്നിടുകയും ഇപ്പോഴും ബിസിനസ് തുടരുകയും പഴയ നിരക്കിലുള്ള വാടക പോലും ഒടുക്കാതിരിക്കുകയും ചെയ്ത കേസുകളിൽ ഒരു നടപടിയും സ്വീകരിക്കാതിരുക്കുന്നത് നഗരസഭയുടെ ഉത്തമ താല്പര്യങ്ങൾക്ക് നിരക്കുന്ന നടപടിയല്ല.

കേരള മുനിസിപ്പാലിറ്റി നിയമം 492-ാം വകുപ്പ് 11-ാം ഉപ വകുപ്പ് പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുകയും യഥാസമയം പുതുക്കുന്നതിനുള്ള അപേക്ഷ നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അത്തരം ലൈസൻസോ അനുവാദമോ ഇല്ലാത്തതായി കരുതപ്പെടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതനുസരിച്ച് ലൈസൻസ് കാലാവധിക്കു ശേഷം കച്ചവടം തുടരുന്നത് നിയമ വിരുദ്ധമാണ്.

മേൽ സൂചിപ്പിച്ച ലൈസൻസികളുടെ ലൈസൻസ് പുതുക്കിയതിന്റെയും കുടിശ്ശിക തുകയും താമസിച്ചതിനുള്ള പിഴയും അഡീഷനൽ ഡെപ്പോസിറ്റും ഈടാക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 01.04.08 മുതൽ ലൈസൻസ് പുതുക്കിയതിന്റെ എഗ്രിമെന്റുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2-9. 31.03.2009 ന് കാലാവധി അവസാനിച്ച ലീസ്-പുതുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

സാവോയ് ഹോട്ടലിനു സമീപമുള്ള 0.75 സെന്റ് സ്ഥലം (ടി.എസ്.നം.168, വാർഡ് 3, ബ്ലോക്ക് 3), ശ്രീ കെ. ശ്രീധരൻ എന്നയാൾക്ക് ലീസിന് നൽകിയിട്ടുള്ളതാണ്. 21.11.2006 ലെ 26-ാം നമ്പർ കൗൺസിൽ തീരുമാനമനുസരിച്ചാണ് 2,200/- രൂപ വാർഷിക ഫീ നിരക്കിൽ 01.04.2006 മുതൽ 31.03.2009 വരെ പുതുക്കി നൽകിയിട്ടുള്ളത്. പുതുക്കിയ വിവരം അറിയിച്ചു കൊണ്ടും കുടിശ്ശിക ലൈസൻസ്ഫീ, അഡീഷനൽ ഡെപ്പോസിറ്റ് എന്നിവ ഒടുക്കി എഗ്രിമെന്റ് ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ടും 13.12.06 ന് കക്ഷിക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. ഇതിനുശേഷമുള്ള കാലയളവിൽ ഇതു സംബന്ധിച്ച ആർ9-12208/90-ാം നമ്പർ ഫയലിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. 2010-11 വർഷത്തിലും 2,200/- രൂപ നിരക്കിലാണ് ഫീ ഈടാക്കിയിട്ടുള്ളത്.

ലൈസൻസുകൾ/അനുവാദങ്ങൾ ഇവ സംബന്ധിച്ച പൊതുവ്യവസ്ഥകൾ പ്രകാരം ലൈസൻസ് കാലാവധിക്കു ശേഷം അത്തരം ലൈസൻസോ അനുവാദമോ നിലവിലില്ലാത്തതായി കണക്കാക്കേണ്ടതാണ്. ഇതനുസരിച്ച് 31.03.2009 ന് ശേഷം ഈ വസ്തു കൈവശക്കാരന്റെ പക്കൽ ഇരിക്കുന്നത് അനധികൃതമാണ്.

അഞ്ചര വർഷത്തിലേറെയായി ഒരു ഫയലിൽ(ആർ9-12208/90-ാം നമ്പർ ഫയൽ) നടപടിയൊന്നും സ്വീകരിക്കാത്ത അവസ്ഥ നഗരസഭാ ആഫീസിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മയാണ് വെളിവാക്കുന്നത്.

മേൽക്കാര്യം സംബന്ധിച്ചുള്ള നഗരസഭയുടെ വിശദീകരണവും 13.12.06 ന്റെ നോട്ടീസിൽ ആവശ്യപ്പെട്ട പ്രകാരമുള്ള കുടിശ്ശിക ലൈസൻസ് ഫീ, അഡീഷനൽ ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ്.

2-10. 'ഡി' സീരിയൽ ബങ്കുകളുടെ ലൈസൻസ് -പുതുക്കി നൽകാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

നഗരസഭയിലെ 'ഡി' സീരിയൽ ബങ്കുകളുടെ ലീസ് നിശ്ചിത കാലാവധിക്കുശേഷം പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ചകൾ നിലനിൽക്കുന്നതായി രേഖകളുടെ പരിശോധനയിൽ വ്യക്തമാകുന്നുണ്ട്. ലൈസൻസുകൾ പുതുക്കുന്നതിനു വേണ്ടി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ നടപടിയൊന്നുമെടുക്കാത്തതിന്റെ ഭാഗമായി 31.03.2006 ൽ കാലാവധി അവസാനിച്ച ബങ്കുകളുടേത് ഉൾപ്പെടെയുള്ള ലൈസൻസുകൾ പുതുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ബങ്ക് നം	ലൈസൻസിയുടെ പേര്	കാലാവധി അവസാനിച്ച തീയതി	പുതുക്കാനുള്ള അപേക്ഷ സമർപ്പിച്ച തീയതി	പ്രതിമാസ ലീസ് തുക
1	ഡി - 58	പി.ഗംഗാധരൻ	31.03.2006	01.06.2010	495/-
2	ഡി - 57	കെ.ശ്രീധരൻ	31.03.2008	16.06.2010	490/-
3	ഡി - 64	കെ.ശ്രീധരൻ	31.03.2008	16.06.2010	1140/-
4	ഡി - 25	സെക്രട്ടറി ദേശാഭിവർദ്ധിനി വായനശാല	30.09.2007	06.09.2010	33/-
5	ഡി - 36	പി. കാർത്യായനി	31.03.2009	09.02.2010	400/-
6	ഡി - 56	എം.സി.രമേഷ് ബാബു	31.03.2010	18.09.2010	546/-

7	ഡി - 55	പി.കെ.അബ്ദുൾ റസാഖ്	31.03.2010	31.08.2010	331/-
8	ഡി - 54	കെ.പി.വിമല	31.03.2008	30.01.2010	605/-
9	ഡി - 63	ടി. പ്രകാശൻ	31.03.2009	13.05.2010	330/-
10	ഡി - 44	ദീപ സന്തോഷ്	31.03.2009	17.12.2011	585/-
11	ഡി - 14	ചാത്തോത്ത് രഞ്ജിത്ത്	31.03.2010	26.12.2011	281/-
12	ഡി - 47	സെക്രട്ടറി വെജ്കോ	31.03.2011	28.01.2011	605/-
13	ഡി - 50	ഡി. നാരായണി	31.03.2010	18.01.2011	800/-
14	ഡി - 3	എം.കെ.റഷീദ	31.03.2005	04.10.2011	132/-

മേൽ സൂചിപ്പിച്ച ബങ്കുടമകളുടെ ലൈസൻസ് പുതുക്കുന്ന കാര്യം 29.09.2010 ന്റെ കൗൺസിലിന്റെ പരിഗണനയ്ക്ക് വന്നെങ്കിലും 5-ാം നമ്പർ തീരുമാനമനുസരിച്ച് വിഷയം മാറ്റിവെക്കുകയായിരുന്നു എന്ന് വ്യക്തമായിട്ടുണ്ട്. തുടർന്ന് 15 മാസത്തോളം ഇതുമായി ബന്ധപ്പെട്ട ആർ9-9179/86 ഫയലിൽ ഒരു നടപടിയും സ്വീകരിച്ചില്ല. കാലതാമസം സംബന്ധിച്ച് സെക്രട്ടറി സെക്ഷന്റെ വിശദീകരണം തേടിയതിന്, 'ഫയൽ ചെയർമാന്റെ ചേമ്പറിലാണ് ഉണ്ടായിരുന്നത് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. വിഷയം വീണ്ടും കൗൺസിൽ പരിഗണിക്കുന്നതിനുവേണ്ടി ഫയൽ സമർപ്പിക്കുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തിയ റിപ്പോർട്ട് സഹിതം അജണ്ട സമർപ്പിക്കാൻ സെക്രട്ടറി 30.12.2011 ന് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ സെക്രട്ടറിയുടെ നിർദ്ദേശത്തിനുശേഷം ഇതുവരെ (2012 ആഗസ്ത് വരെ) ഫയലിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. തികഞ്ഞ ലാഘവത്തോടെയാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത് എന്നാണ് രേഖകൾ തെളിയിക്കുന്നത്. ലൈസൻസികൾ, ലീസ് പുതുക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ നൽകിയിരുന്നുവെങ്കിലും ലൈസൻസ് പുതുക്കി നൽകാൻ നടപടി സ്വീകരിക്കാതിരുന്ന നഗരസഭയുടെ വലിയ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. ഇത് നഗരസഭ വക വസ്തുക്കൾ സ്വകാര്യവ്യക്തികൾ വർഷങ്ങളോളം അനധികൃതമായി കൈവശം വച്ചു വരുന്നതിന് ഇടയാക്കിയിട്ടുണ്ട്. തനത് വരുമാനം യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാത്തത് നഗരസഭയുടെ സാമ്പത്തീക സ്ഥിതി കൂടുതൽ വഷളാക്കാൻ ഇടയാക്കിയിട്ടുണ്ട്.

ഇക്കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും ലൈസൻസുകൾ പുതുക്കി നൽകുന്നതിനുള്ള അടിയന്തിര നടപടികൾ ഉണ്ടാവണമെന്നും ഓഡിറ്റ് നിർദ്ദേശിക്കുന്നു. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നടപടി ഉണ്ടാവണമെന്നും, കൗൺസിലിന്റെയും മരാമത്ത് സ്റ്റാന്റിംങ്ങ് കമ്മിറ്റിയുടേയും പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവണമെന്നും ഓഡിറ്റ് ആവശ്യപ്പെടുന്നു.

2-11. <u>നഗരസഭ വക കെട്ടിടങ്ങൾ - ലൈസൻസ് കാലാവധിക്കു ശേഷം എഗ്രിമെന്റുകൾ പുതുക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലെ വീഴ്ച</u>

പ്രതിമാസ വാടക/ലൈസൻസ് ഫീ നിശ്ചയിച്ചു കൊണ്ട് 3 വർഷത്തേക്ക് കൗൺസിലിന്റെ തീരുമാനമനുസരിച്ച് നഗരസഭ വക കെട്ടിടങ്ങൾ വാടകക്ക് നൽകിയ കേസുകളിൽ ലൈസൻസ് കാലാവധി അവസാനിക്കുന്ന മുറക്ക് പുനർലേലം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ നഗരസഭയുടെ റവന്യൂ വിഭാഗം വലിയ വീഴ്ചകൾ വരുത്തുന്നതായി കാണുന്നു.

2010–11 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പ്രകാരം ജവഹർ സ്റ്റേഡിയം ഷോപ്പിങ്ങ് കോപ്ല ക്സിലെ 183 മുറികളിൽ 142 എണ്ണത്തിന്റെയും ലൈസൻസ് കാലാവധി 31.03.2010 നോ അതിനു മുമ്പോ അവസാനിച്ചതാണ്. ബസ് സ്റ്റാന്റ് ഷോപ്പിംങ്ങ് കോംപ്ലക്സിലെ 29 മുറിക ളിൽ 19 എണ്ണത്തിന്റെയും ലൈസൻസ് കാലാവധി 31.03.2010 നോ അതിനു മുമ്പോ അവസാ നിച്ചതായി കാണുന്നു. മറ്റ് കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര്	ആകെ മുറികളുടെ എണ്ണം	31.03.2010 നോ അതിന് മുമ്പോ ലൈസൻസ് കാലാവധി അവ സാനിച്ച മുറികളുടെ എണ്ണം
1) പട്ടാളം റോഡ് ഷോപ്പിങ്ങ് കോംപ്ലക്സ്	12	5
2) കെ.എസ്.ആർ.ടി.സി ഷോപ്പിങ്ങ് കോംപ്ലക്സ്	17	5
3) ഹാജി റോഡ് ഷോപ്പിങ്ങ് കോംപ്ലക്സ്	5	5
4) താണ ബിൽഡിംങ്ങ്സ്	16	5
5) സ്റ്റേഡിയം പവലിയൻ	20	8
6) ഫ്രൂട്ട് മാർക്കറ്റ്	56	19

(ആയിക്കര ബസ് സ്റ്റാന്റ് ഷോപ്പിംങ്ങ് കോംപ്ലക്സിലെ കെട്ടിടങ്ങളുടെ ലൈസൻസ് അനുവദിച്ചതു സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല).

ഇതിൽ നിന്നും നഗരസഭ വക കെട്ടിടങ്ങളിലെ മുറികൾ കൈവശം വെച്ചു വരുന്നവ രിൽ 60% ത്തിൽ അധികം പേരും (ആകെ 338 ൽ 208 പേർ) യഥാസമയം ലൈസൻസ് പുതു ക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു. 2010–11 വർഷത്തിലും ഈ വാടകക്കാരിൽ നിന്നും 31.03.2010 ൽ അവസാനിച്ച കാലയളവിലേക്ക് നിശ്ചയിച്ച നിരക്കിലാണ് വാടക ഈടാക്കിയത്. ലൈസൻസ് കാലാവധിക്കു ശേഷം മുറികൾ കൈവശം വെക്കുന്നത് അനധികൃതമാണ്. എന്നാൽ കാലാവധി അവസാനിക്കുന്ന മുറക്ക് കൈവശക്കാരന് നോട്ടീസ് നൽകി ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ തയ്യാറാകുന്നില്ല. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ യഥാസമയം നൽകിയ കേസുകളിലുൾപ്പെടെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

ലൈസൻസ് കാലാവധി അവസാനിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും ഇപ്പോഴും പഴയ നിരക്കിൽ വാടക ഒടുക്കി കച്ചവടം തുടർന്നു വരുന്നതിന് ധാരാളം ഉദാഹരണങ്ങൾ ഉണ്ട്.

1. പട്ടാളം റോഡ് ഷോപ്പിംങ്ങ് കോംപ്ലക്സ് – (റൂം നമ്പർ 8) –ശ്രീമതി കെ. സുധ എന്ന യാൾക്ക് 01.04.01 മുതൽ 31.03.04 വരെ പ്രതിമാസം 1,239/– രൂപ നിരക്കിൽ അനുവദി ച്ചു. (കൗൺസിൽ തീരുമാനം 2 തീയതി 28.06.2007) ലൈസൻസ് പിന്നീട് പുതുക്കിയി ട്ടില്ല. 2010–11 വർഷത്തിലും ഇതേ നിരക്കിലാണ് വാടക ഈടാക്കിയിട്ടുള്ളത്.
2. കെ.എസ്.ആർ.ടി.സി ഷോപ്പിംങ്ങ് കോംപ്ലക്സ് – (റൂം നമ്പർ 15) ശ്രീ.എം വിനീത് എന്നയാൾക്ക് 26.05.01 മുതൽ 25.05.04 വരെ പ്രതിമാസം 1,455/– രൂപ നിരക്കിൽ അനു വദിച്ചു. തുടർന്ന് പുതുക്കിയിട്ടില്ല. ഇപ്പോഴും ഇതേ നിരക്കിൽ വാടക നഗരസഭയിൽ അടച്ച് കച്ചവടം തുടരുന്നു.

3. കെ.എസ്.ആർ.ടി.സി ഷോപ്പിംങ്ങ് കോംപ്ലക്സിലെ (റൂം നമ്പർ 17) – ശ്രീ പി.പി. അബ്ദുൾ സലാം ഹാജിക്ക് 19.04.02 മുതൽ 18.04.05 വരെ 16,885/– രൂപ നിരക്കിൽ 28.11.02 ലെ 72–ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അനുവദിച്ചു. തുടർന്ന് പുതുക്കിയിട്ടില്ല.
4. ഹാജി റോഡ് ഷോപ്പിംങ്ങ് കോപ്ലക്സിലെ (റൂം നമ്പർ 2) –ശ്രീ ടി.കെ മഹമൂദ് എന്നയാൾക്ക് 02.06.08 തീയതിയിലെ 39–ാം നമ്പർ കൗൺസിൽ തീരുമാനമനുസരിച്ച് 01.04.04 മുതൽ 31.03.07 വരെ കാലയളവിലേക്ക് അനുവദിച്ചിട്ടുണ്ട്. ലൈസൻസ് പുതുക്കിയിട്ടില്ല.
5. ജവഹർ സ്റ്റേഡിയം ഷോപ്പിംങ്ങ് കോംപ്ലക്സിലെ (റൂം നമ്പർ 83) – ശ്രീ ബാല കൃഷ്ണ പണിക്കർ എന്നയാൾക്ക് 4/92 മുതൽ 3/95 വരെ പ്രതിമാസം 280/– രൂപ നിരക്കിൽ അനുവദിച്ചു. ലൈസൻസ് കാലാവധി കഴിഞ്ഞ് 16 വർഷങ്ങൾ പിന്നിട്ടിട്ടും ലൈസൻസ് പുതുക്കാനോ കരാറുകാരനെ ഒഴിപ്പിക്കാനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
6. ജവഹർസ്റ്റേഡിയം ഷോപ്പിംങ്ങ് കോംപ്ലക്സിലെ 118–ാംനമ്പർ മുറി ശ്രീ.കെ ശങ്കരൻ നായർ എന്നയാൾക്ക് 01.09.01 മുതൽ 31.08.04 വരെയുള്ള കാലയളവിലേക്ക് 28.11.02 ലെ 29–ാം നമ്പർ കൗൺസിൽ തീരുമാനമനുസരിച്ച് അനുവദിച്ചിരുന്നു. കാലാവധി കഴിഞ്ഞിട്ടും പഴയ നിരക്കിൽ തന്നെ വാടക ഈടാക്കി കച്ചവടം തുടർന്ന് വരുന്നു.
7. ജവഹർ സ്റ്റേഡിയം കോംപ്ലക്സിലെ (റൂം നമ്പർ 152) – ശ്രീ രാമകൃഷ്ണൻ എന്നയാൾക്ക് 20.02.04 ലെ 33–ാം നമ്പർ കൗൺസിൽ തീരുമാനമനുസരിച്ച് അനുവദിച്ചത് 01.04.03 മുതൽ 31.03.06 വരെ കാലയളവിലേക്കാണ്. എന്നാൽ ഇതിനുശേഷം ലൈസൻസ് പുതുക്കാതെ കൈവശക്കാരൻ മുറി ഉപയോഗിച്ചു വരുന്നുണ്ട്.

ലൈസൻസ് കാലാവധിക്കു ശേഷം നഗരസഭ വക കെട്ടിടങ്ങളിലെ മുറികൾ അനധികൃതമായി കൈവശം വെച്ചു വരുന്നവരുടെ നിയമാനുസൃതമായ പിഴ ഈടാക്കി പുതുക്കി നൽകുന്നതിനോ അല്ലാത്ത പക്ഷം അത്തരം കൈവശക്കാരെ ഒഴിപ്പിക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്. ലൈസൻസ് യഥാസമയം പുതുക്കുന്നതിനും അനധികൃത കൈവശക്കാർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യത്തിലും ഉണ്ടായ വീഴ്ച സംബന്ധിച്ച് അന്വേഷണവും തുടർ നടപടികളും ഉണ്ടാകണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

2–12. <u>അനുവദനീയമായ ഫ്ളോർ ഏരിയ റേഷ്യോവിൽ നിന്ന് അധികരിച്ച അളവിൽ അനുവാദം നൽകി – അഡീഷണൽ ഫീ വാങ്ങിച്ചില്ല–നഗരസഭാ ഫണ്ടിന് നഷ്ടം</u>

കണ്ണൂർ വില്ലേജ്

വാർഡ് – 01

സർവ്വേ നം. – 66

ശ്രീരോഷ് പ്രോപ്പർട്ടീസ് – (കൊട്ടാരത്തിൽ നിരത്തിന്റെവിടെ സൂഹറ മുതൽ പേർ)

ബിൽഡിംങ്ങ് ലൈസൻസ് നം. – E4/BA/10/10 dt. 26.07.2010

ഈ കെട്ടിടത്തിന്റെ ബിൽഡിംങ്ങ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. 23.07.2010 ന് പ്രസ്തുത കെട്ടിടത്തിന്റെ ബിൽഡിംങ്ങ് ലൈസൻസ് അപേക്ഷയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ അന്വേഷണ പ്രകാരം ആകെ കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയയായി കാണിച്ചിരിക്കുന്നത് 6500.62 സ്ക്വ.മീ. ആണ്. ഈ വിസ്തീർണ്ണത്തിൽ കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ കൂടി ഉൾപ്പെടുന്നുണ്ട്. മേൽ തീയതിയിലെ നോട്ട് ഫയൽ പ്രകാരം 2.495 ആണ് അസി. എഞ്ചിനീയർ FAR ആയി കണക്കാക്കിയതായി കാണുന്നത്. ഈ FAR ഏത് അളവുകളുടെ അടിസ്ഥാനത്തിലാണെന്ന് അസി.എഞ്ചിനീയർ നോട്ടിൽ വ്യക്തമാക്കിയിട്ടില്ല. FAR കണക്കാക്കിയതിന്റെ വിശദ വിവരം ലഭ്യമാക്കേണ്ടതാണ്. ഫയലുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായിരിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണ്.
2. 17.09.2010 ന് ശ്രീരോഷ് പ്രോപ്പർട്ടീസിന് അനുവദിച്ച കെട്ടിട ലൈസൻസിൽ നിന്നും വ്യത്യസ്ഥമായി 8 യൂണിറ്റുകൾ കൂടി അധികം ഉൾപ്പെടുന്ന (50 യൂണിറ്റുകൾക്ക് നൽകിയ അനുവാദം 58 യൂണിറ്റാക്കി പുതുക്കി) റിവൈസ്ഡ് പെർമിറ്റിന് അപേക്ഷിച്ചതായി കാണുന്നു. ഈ അപേക്ഷ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർക്ക് അയക്കുന്നതിന് 28.09.2010 ന് അസി.എഞ്ചിനീയർ II നോട്ടെഴുതി സമർപ്പിച്ചതായും കാണുന്നു. എന്നാൽ പിന്നീട് ഈ അപേക്ഷയിന്മേലുണ്ടായ നടപടികൾ വ്യക്തമല്ല. അഡീഷനൽ ഫീ വാങ്ങി ലൈസൻസ് അനുവദിച്ച ഒരു കെട്ടിടത്തിൽ അധിക ഏരിയകൾ നിർമ്മാണം നടത്തുമ്പോൾ അതനുസരിച്ച് ലൈസൻസ് ഫീ നഗരസഭക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ അപേക്ഷ സമർപ്പിച്ച് നാളിതുവരെയായും ഇതിൽ യാതൊരു നടപടി, ക്രമങ്ങളും ഇല്ലാത്തതായി കാണുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമല്ല. അപേക്ഷകൻ റിവൈസ്ഡ് പ്ലാൻ സമർപ്പിച്ചത് പ്രകാരം 2.748 ആയി കെട്ടിടത്തിന്റെ FAR അധികരിക്കുന്നതായി കാണുന്നു. 2.495 FAR നാണ് ഒറിജിനൽ അപേക്ഷ പ്രകാരം ഫീ സ്വീകരിച്ചിരിക്കുന്നത്. ഇതു പ്രകാരം 0.253 FAR പുതിയ പ്ലാൻ പ്രകാരം അധികരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

2-13. **<u>കെട്ടിട നിർമ്മാണചട്ടങ്ങൾ മറികടന്ന് നിർമ്മാണാനുമതി നൽകി അധിക ഫീസിനത്തിൽ ഈടാക്കിയ തുക കുറവ് – നഗരസഭയ്ക്ക് നഷ്ടം</u>**

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : നഗരസഭാ എഞ്ചിനീയർ

കണ്ണൂർ നഗരസഭയിലെ കെ.എൽ.വാർഡിൽ റിസർവ്വെ നമ്പറിലുൾപ്പെട്ട 43 സെന്റ് (1740.21എം^{2}) സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള 2572.84എം^{2} തറവിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 22.04.09 ന് ശ്രീ.സി.സി.ദിനേശ്, ശ്രീ.സി.സി. മോഹനൻ എന്നിവർ സമർപ്പിച്ച അപേക്ഷയും പ്ലാനും അംഗീകരിച്ച് ഇ4/ബി എ/43/09 തീയതി 05.06.09 നമ്പർ പെർമിറ്റ് പ്രകാരം കെട്ടിട നിർമ്മാണാനുമതി നൽകുകയുണ്ടായി. പിന്നീട് 2572.84 എം^{2} തറവിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുവാനുള്ള പ്ലാനിൽ വലിയ മാറ്റം വരുത്തി 5733.66

എം^{2} തറവിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിക്കുവാനുള്ള പുതിയ പ്ലാൻ 18.12.09 തീയതിയിൽ ഉടമകൾ സമർപ്പിക്കുകയുമുണ്ടായി. പുതിയ പ്ലാൻ അംഗീകരിച്ച് 5733.66 എം^{2} തറവിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഇ4-ബി എ/43/09 തീയതി 05.03.2010 നമ്പർ പ്രകാരം പുതിയ ബിൽഡിംഗ് പെർമിറ്റ് നൽകുകയും കെട്ടിടത്തിന്റെ നിർമ്മാണം 29.02.2011 തീയതിയിൽ പൂർത്തിയാക്കി 15.06.2011 തീയതിയിൽ ഉടമകൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കുകയുമുണ്ടായി. ഇത് ക്രമവിരുദ്ധമാണെന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

കെട്ടിടത്തിന്റെ തറവിസ്തീർണ്ണാനുപാതം (എഫ്.എ.ആർ) കണക്കാക്കിയത് താഴെ പറയും പ്രകാരമാണ് .

ആകെ തറവിസ്തീർണ്ണം (പ്ലിൻത് ഏരിയ)	:	5733.66 എം^{2}
കുറയ്ക്കുക പാർക്കിംഗ്	:	756.65 എം^{2}
എഫ്.എ.ആറിന് കണക്കാക്കിയ തറവിസ്തീർണ്ണം:		4977.01 എം^{2}

കെട്ടിടത്തിന്റെ തറവിസ്തീർണ്ണാനുപാതം (FAR) = എല്ലാ നിലകളുടെയും ആകെ തറവിസ്തീർണ്ണം / പുരയിട വിസ്തീർണ്ണം

	:	4977.01 / 1740.21
എഫ്.എ.ആർ	:	2.86
		========

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.12.09 ലെ ജി.ഒ(എം.എസ്)249/09/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിലൂടെ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31(2) പട്ടിക 2 ൽ വരുത്തിയ ഭേദഗതി പ്രകാരം 16.12.09 തീയതി മുതൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് അധിക ഫീസില്ലാതെ അനുവദിക്കാവുന്ന പരമാവധി എഫ്.എ.ആർ 2 ഉം, ഒരു സ്ക്വ.മീറ്ററിന് 1000/- രൂപ നിരക്കിൽ അധിക ഫീസ് ഈടാക്കി അനുവദിക്കാവുന്ന പരമാവധി എഫ്.എ.ആർ 2.5 ഉം ആണ്. 18.12.09 ന് സമർപ്പിച്ച പരിഷ്കരിച്ച പ്ലാൻ അംഗീകരിച്ച് പുതിയ ബിൽഡിംഗ് പെർമിറ്റ് നൽകിയത് 05.03.2010 നാണ്. ആയതിനാൽ 16.12.09 തീയതിയിൽ നിലവിൽ വന്ന ഭേദഗതിയനുസരിച്ചാണ് പുതിയ പ്ലാനിന് അംഗീകാരം നൽകേണ്ടത്. പുരയിട വിസ്തീർണ്ണം 1740.21 എം^{2} ആയതിനാൽ അധിക ഫീസില്ലാതെ അനുവദിക്കാവുന്ന എഫ്.എ.ആർ 3480.42 എം^{2} ഉം (1740.21 × 2) 1 എം^{2} ന് 1,000/- രൂപ നിരക്കിൽ അധിക ഫീസീടാക്കി അനുവദിക്കാവുന്ന പരമാവധി എഫ്.എ.ആർ 4350.53 എം^{2} ഉം (1740.21 × 2.5) ആണ്. എന്നാൽ നഗരസഭ 5733.66 എം^{2} ന് പെർമിറ്റും തുടർന്ന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. ഇത് പ്രകാരം ഫീസ് കണക്കാക്കേണ്ടത് താഴെ വിവരിക്കും പ്രകാരമാണ്.

കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം	-	4977.01 എം^{2}
ഫീസില്ലാതെ അനുവദനീയമായ പരമാവധി എഫ്.എ.ആർ	-	3480.42 എം^{2}
അനുവദനീയമായ അളവിൽ അധികമുള്ള തറവിസ്തീർണ്ണം	-	1496.59 എം^{2}

ള പുതിയ പ്ലാൻ 18.12.09 തീയതിയിൽ
അംഗീകരിച്ച് 5733.66 എം^{2} തറവി
ി/43/09 തീയതി 05.03.2010 നമ്പർ
ട്ടിടത്തിന്റെ നിർമ്മാണം 29.02.2011
ൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ്
ിറ്റ് പരിശോധനയിൽ കണ്ടെത്തി

ന്നക്കാക്കിയത് താഴെ പറയും

6 എം^{2}
എം^{2}
എം^{2}

ആകെ തറവിസ്തീർണ്ണം
ട വിസ്തീർണ്ണം

9/എൽ.എസ്.ജി.ഡി
ചട്ടങ്ങളിലെ ചട്ടം
വാണിജ്യാവശ്യ
മാവധി എഫ്.എ.
ി അനുവദിക്കാ
ഷ്കരിച്ച പ്ലാൻ
ആയതിനാൽ
അംഗീകാരം
ാതെ അനു
നിരക്കിൽ
ം (1740.21
ി സർട്ടി
പ്രകാ

പരമാവധി അനുവദിക്കാവുന്ന തറവിസ്തീർണ്ണം – 4350.53 എം^{2}

1 എം^{2} 1000/- രൂപ നിരക്കിൽ അധിക ഫീസീടാക്കി അനുവദിക്കാവുന്ന തറവിസ്തീർണ്ണം = 4350.53 എം^{2}–3480.42 എം^{2}
= 870.11 എം^{2}

ഈടാക്കേണ്ട തുക

എഫ്.എ.ആർ അധിക ഫീസ് 870.11 × 1000 = 8,70,110

(+) പെർമിറ്റ് ഫീ (5733.66 എം^{2}) @ Rs. 15/- രൂപ = 86,005

ആകെ = 9,56,115

അനുവദനീയമായ എഫ്.എ.ആറിൽ (2.5) അധികരിച്ച് അനുവാദം നൽകി നിർമ്മിക്കപ്പെട്ട 626.48 എം^{2} ഭാഗത്തിനു കൂടിയുള്ള അഡീഷണൽ ഫീസ് = (626.48 × 1000/-) = 6,26,480

ആകെ ഈടാക്കേണ്ട തുക : 15,82,595/-
==========

ആകെ ഈടാക്കിയ തുക (1) സി. നം.11/42 തീയതി 05.06.09, 15,500/- രൂപ
(2) സി. നം. 11/649 തീയതി 05.03.10, 7,60,100/- രൂപ

7,75,600/- രൂപ
==========

ഈടാക്കിയതിൽ കുറവ് വന്ന തുക = 15,82,595 – 7,75,600
= 8,06,995/- രൂപ
==========

ആയതിനാൽ എഫ്.എ.ആർ അധിക ഫീസിനത്തിൽ ഈടാക്കിയതിൽ കുറവു വന്ന തുക ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31(2) ലെ വ്യവസ്ഥകൾ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് അനുവദനീയമായ പരമാവധി എഫ്.എ.ആർ 2.5 ആയിരിക്കെ 2.86 എഫ്.എ.ആർ ഉള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് അനുമതി നൽകിയത് നിയമലംഘനമാണ്. ഇതുപ്രകാരം പൂർത്തിയായ കെട്ടിടത്തിന്റെ 626.48 എം^{2} ഭാഗം (1496.59 – 870.11) നിയമങ്ങൾ മറികടന്ന് ക്രമവിരുദ്ധമായി അനുമതി നൽകി നിർമ്മിച്ചതാണ്. ഇപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങൾ മറികടന്ന് നിർമ്മാണാനുമതി നൽകിയതിന് വിശദീകരണം നൽകേണ്ടതുണ്ട്. നിയമവിരുദ്ധമായി ലൈസൻസ് നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

5733.66 എം^{2} കെട്ടിടം നിർമ്മിക്കുവാനാണ് അനുമതി നൽകിയതെങ്കിലും ഒക്കുപ്പൻസി നൽകിയിട്ടുള്ളത് 5838.24 എം^{2} അളവിലുള്ള കെട്ടിടത്തിനാണ്. അനുമതി നൽകിയതിനെക്കാൾ വിസ്തീർണ്ണത്തിൽ ക്രമവിരുദ്ധമായി ഒക്യുപ്പൻസി നൽകിയത് സംബന്ധിച്ചും വിശദീകരണം നൽകേണ്ടതാണ്.

[ഇതു സംബന്ധിച്ച ഈ ഓഫീസിലെ 07-11-2012 ലെ 57/2010-11-ാം നമ്പർ ഓഡിറ്റ് ഒബ്ജക്ഷന്റെ അടിസ്ഥാനത്തിൽ എഫ്.എ.ആർ അധിക ഫീസിനത്തിൽ ഈടാക്കിയതിൽ കുറവു വന്ന തുകയായ 8,06,995 രൂപ 25-2-13 ന് നഗരസഭാ ഫണ്ടിൽ ഒടുക്കുകയുണ്ടായിട്ടുണ്ട്.(രശീതി നമ്പർ 11201124388)]

2-14. നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള ശിപാർശകൾ

പൊതുജനങ്ങളുടെ ജീവിതത്തെ നേരിട്ടു ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനാൽ നഗരസഭയുടെ സാമ്പത്തിക നില മെച്ചപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി പിരിവ് ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. നികുതി പിരിവ് വർദ്ധിപ്പിക്കുവാനുള്ള ശിപാർശകൾ താഴെ കൊടുക്കുന്നു.

1. നികുതി പിരിവ് കാംപയിനുകൾ നടത്തി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക.
2. നികുതി ഡിമാന്റ് ചെയ്ത് 3 വർഷത്തിനുശേഷം കാലഹരണപ്പെടുന്നതിനാൽ ഡിമാന്റ് ചെയ്ത നികുതികൾ നിർബന്ധമായും മൂന്നു വർഷത്തിനകം പിരിച്ചെടുക്കുവാൻ ശ്രദ്ധ ചെലുത്തുക.
3. നഗരസഭാ പ്രദേശത്ത് തൊഴിൽ ചെയ്യുന്ന മുഴുവൻ പേരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിർദ്ദിഷ്ട നിരക്കിലുള്ള നികുതി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
4. സർക്കാർ ഉത്തരവ് (പി) 143/08 തസ്വഭവ തീയതി 27.05.2008 പ്രകാരം സ്വന്തമായി തൊഴിൽ ചെയ്യുന്ന വ്യക്തികളെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്. ആയത് പ്രകാരമുള്ള മുഴുവൻ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി വരുമാനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
5. ബസ് സ്റ്റാന്റ് ലൈസൻസ് ഫീ പിരിച്ചെടുക്കുന്നതിനുള്ള അവകാശം പ്രതിവർഷം പരസ്യലേലം മുഖേന മാത്രം നൽകുക
6. ലൈസൻസ് കാലാവധി അവസാനിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും ഇപ്പോഴും പഴയ നിരക്കിൽ വാടക ഒടുക്കി കച്ചവടം തുടർന്നു വരുന്ന ധാരാളം നഗരസഭാ വക കെട്ടിടങ്ങൾ നിലവിലുണ്ട്. ഇത്തരത്തിൽ ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികളിൽ വരുന്ന വീഴ്ച ഒഴിവാക്കുക.
7. ബങ്കുകളുടെ ലൈസൻസ് കാലാവധിക്കകം പുതുക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും പഴയ നിരക്കിലുള്ള ലൈസൻസ് ഫീ പുതുക്കി ഈടാക്കുകയും ചെയ്യുക. കുടിശ്ശിക തുകയ്ക്ക് പിഴ ഈടാക്കുക.
8. നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗമായ ഡി & ഒ ലൈസൻസുകൾ ഈടാക്കുന്നതിലും ഫീ ചുമത്തുന്നതിനും അലംഭാവം ഉണ്ടാവരുത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്. അനധികൃത കച്ചവടക്കാർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.
9. സാധാരണയായി നികുതി ദായകർ നികുതി ഒടുക്കുന്നതിൽ ജാഗ്രത കാണിക്കാറില്ല. കൃത്യമായ ബോധവത്കരണം നടത്തി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക.
10. നികുതി നിർണ്ണയം നടത്തി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ കെട്ടിടങ്ങൾക്ക് മേൽ അനധികൃതമായി നിർമ്മാണം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുക.

ഭാഗം -3

ചെലവ് കണക്കുകളിന്മേലുള്ള

ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1. ഗവ. സർവ്വീസിലെ സേവന കാലം കൂടി പരിഗണിച്ച് മുനിസിപ്പൽ സർവ്വീസിൽ ഇൻക്രിമെന്റ് അനുവദിച്ചത് - അപാകതകൾ

കണ്ണൂർ നഗരസഭയിലെ ഹെൽത്ത് വിഭാഗം ജെ.പി.എച്ച്.എൻ ഗ്രേഡ് 2 ആയി 11.10.2007 ന് ജോലിയിൽ പ്രവേശിച്ച ശ്രീമതി ബിന്ദു.കെ.വി, 29.12.2009 മുതൽ 20.04.10 വരെ 113 ദിവസം കേരള ഹെൽത്ത് സർവ്വീസിൽ പി.എസ്.സി മുഖേന നിയമനം ലഭിച്ച് ജോലി ചെയ്തിട്ടുണ്ട്. 21.04.10 ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് തിരിച്ചു വന്ന ടിയാൾക്ക് പ്രസ്തുത ദിവസങ്ങൾ കൂടി ഉൾപ്പെടുത്തി 1.10.2010 ന് അടുത്ത ഇൻക്രിമെന്റ് അനുവദിച്ച് അടിസ്ഥാന ശമ്പളം 7,000/- രൂപയിൽ നിന്നും 7,160/- രൂപയാക്കി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

എന്നാൽ മുനിസിപ്പൽ കോമൺ സർവ്വീസിന് പുറത്തുള്ള വകുപ്പുകളിലെ സേവന ദിനങ്ങൾ ഇൻക്രിമെന്റ് നൽകുന്നതിന് യോഗ്യമല്ലാത്തതിനാൽ പ്രസ്തുത ദിനങ്ങൾ കുറവ് ചെയ്താണ് ഇൻക്രിമെന്റ് അനുവദിക്കേണ്ടത്. ഇതുപ്രകാരം 2011 ജനുവരി 1 ന് മാത്രമാണ് ടിയാൾക്ക് ഇൻക്രിമെന്റ് അനുവദിക്കാവുന്നത്. ആയതിനാൽ ഈയിനത്തിൽ ടിയാൾ കൈപ്പറ്റിയ അധികം തുക തിരിച്ചടയ്ക്കേണ്ടതാണ്. വിശദവിവരം താഴെ കാണിച്ചിരിക്കുന്നു.

ഇനം	വൗച്ചർ നം.	മാസം	അടിസ്ഥാന ശമ്പളം	ഡി.എ	എച്ച്. ആർ.എ	ആകെ	വ്യത്യാസം	റിമാർക്സ്
അനുവദിച്ച ശമ്പളവും ആനുകൂല്യങ്ങളും	1115-12/10	നവംബർ 2010	7160	5585 (78%)	280	13,025		2010 നവംബർ മുതലാണ് 7,160/- രൂപ അടിസ്ഥാന ശമ്പളമായി ലഭ്യമായത്.
അനുവദിക്കാവുന്ന ശമ്പളവും ആനുകൂല്യങ്ങളും			7,000	5,460	280	12,740		
അധികം കൈപ്പറ്റിയ തുക			160	125	-	285	285	
അനുവദിച്ചത്	1208-12/10	ഡിസംബർ 2010	7,160	5,585	280	13,025		
അനുവദിക്കാവുന്നത്			7,000	5,460	280	12,740		
അധികം കൈപ്പറ്റിയ തുക			160	125	-	285	285	
						ആകെ	570/-	

2010 ഒക്ടോബറിലേയും 2011 ജനുവരി മുതൽ തുടർന്നുള്ള വർഷങ്ങളിലേയും ഇൻക്രിമെന്റ്, ഡി.എ കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നീയിനങ്ങളിൽ അധികം കൈപ്പ

റ്റിയ തുക കണക്കാക്കി ആയത് ടിയാരിയിൽ നിന്ന് തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീക
രിക്കേണ്ടതും ശമ്പള നിർണ്ണയം ക്രമപ്പെടുത്തി ഉത്തരവാക്കേണ്ടതുമാണ്.

3-2. <u>പ്രൊബേഷൻ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.</u>

സർക്കാർ ഉത്തരവ് നമ്പർ 133/75/ഫിൻ തിയ്യതി, 31-03-1975 പ്രകാരം കണ്ണൂർ നഗരസഭ
യിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്യുന്ന താഴെ കാണിച്ച ജീവനക്കാരുടെ സർവ്വീസ്
ബുക്കിൽ പ്രൊബേഷൻ പൂർത്തീകരിച്ചതു സംബന്ധിച്ച(സർക്കാർ ഉത്തരവ് നമ്പർ 133/75
ഫിൻ തിയതി, 31-03-1975 പ്രകാരം) രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. എന്നാൽ ടിയാള
കൾക്ക് ഒരു വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇൻക്രിമെന്റ് അനുവദിച്ച
തായി കാണുന്നു. ആയതിനാൽ ടിയാളുകളുടെ പ്രൊബേഷൻ പൂർത്തീകരിച്ചത് സംബന്ധിച്ച
വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ട
തുമാണ്. പ്രൊബേഷൻ പൂർത്തിയാക്കി ഇൻക്രിമെന്റ് അനുവദിക്കുമ്പോൾ പ്രൊബേഷൻ
പൂർത്തിയാക്കുന്ന തിയ്യതി മുതൽ മാത്രമെ സാമ്പത്തിക ആനുകൂല്യം ലഭ്യമാകുകയുള്ളൂ.
എന്നാൽ താഴെ പറയുന്ന ജീവനക്കാർക്ക് പ്രൊബേഷൻ പൂർത്തിയാകുന്ന മാസത്തിന്റെ
ആദ്യ ദിവസം മുതൽ ഇൻക്രിമെന്റ് അനുവദിച്ചതായി കാണുന്നു. ഇൻക്രിമെന്റ് അനുവദിച്ച
തീയതി മുതൽ തന്നെ ടിയാളുകൾക്ക് സാമ്പത്തിക ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന്
പരിശോധിക്കേണ്ടതും അധികം നൽകിയ തുക തിരിച്ചു പിടിക്കേണ്ടതുമാണ് (കേരള ലാസ്റ്റ്
ഗ്രേഡ് സർവ്വീസ് റൂൾ 9 ൽ (i) കാണുക.)

പേര്	തസ്തിക	ജോലിയിൽ പ്രവേശിച്ച തീയതി	1st ഇൻക്രിമെന്റ് അനുവദിച്ച തീയതി
1. ദീപേഷ്.വി	പ്യൂൺ	09.05.2008	01.05.2009
2.സെബാസ്റ്റ്യൻ.ഇ.വി	പ്യൂൺ	27.07.2006	01.07.2007
3. പ്രകാശൻ.എ	പ്യൂൺ	26.07.2006	01.07.2007
4. ജിജി.ഇ.ഒ	പ്യൂൺ	28.07.2006	01.07.2007
5. ഷീബ.കെ	പ്യൂൺ	30.03.2005	30.03.2006

3-3. ഒഴിവാക്കി

3-4. <u>തെങ്ങ് മുറിച്ചു മാറ്റിയതിന്റെ ചെലവ് ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.</u>

കണ്ണൂർ നഗരസഭാപരിധിയിൽ എസ്.ബി വാർഡിലെ അഡ്വ. ജോയ് ജോസഫ് എന്നവ
രുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ തെങ്ങ് അപകടകരമാംവിധം അടുത്ത വീട്ടു പറമ്പി
ലേക്ക് ചാഞ്ഞത് മുറിച്ചു മാറ്റുന്നതിനായി B ഡിവിഷൻ HI ശ്രീ വി.പി പത്മനാഭന് ചെലവായ
1,200/- രൂപ വൗച്ചർ നമ്പർ 1091/11/10 പ്രകാരം ടിയാന് അനുവദിച്ചിട്ടുണ്ട്. എന്നാൽ മുറിച്ചു
മാറ്റിയ തടി മൂപ്പ് കുറഞ്ഞതിനാൽ നാളിതുവരെയും ലേലം ചെയ്തിട്ടില്ല എന്ന് ഫയലിൽ
കാണുന്നു. നഗരസഭയ്ക്ക് ഈയിനത്തിൽ വന്ന നഷ്ടം 1,200/- രൂപ നാളിതുവരെയുള്ള
പലിശ സഹിതം ഉടമസ്ഥനായ ശ്രീ ജോയ് ജോസഫിൽ നിന്നും ഈടാക്കി നഗരസഭാ

ഫണ്ടിൽ വരവ് വെക്കേണ്ടതാണ്. (1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 428, 430 കാണുക) സമാനമായ മറ്റു കേസുകളിലും നടപടി സ്വീകരിക്കേണ്ടതാണ്.

3-5 . വാഹനങ്ങളുടെ ഇൻഷൂറൻസ് പോളിസി, കൈപ്പറ്റു രശീതി എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഫയൽ നം. ഇ5-10516/97

നഗരസഭയുടെ ശുചീകരണ ലോറികളായ KL 13 T 7482, KL 13 T 8817, KL 13 U 1117 എന്നീ വാഹനങ്ങളുടെ ഇൻഷൂറൻസ് തുകയായി യഥാക്രമം 17,635/-, 16,698/-, 17,207/- രൂപയടക്കം ആകെ 51,540/- രൂപ വൗച്ചർ നമ്പർ 1651/3/11 തീ. 25.03.2011 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് ജില്ലാ ഇൻഷൂറൻസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ TR 5 രശീതിയും ഇൻഷൂറൻസ് പോളിസിയുടെ കോപ്പിയും വൗച്ചറിനോടൊപ്പമോ ഇതു സംബന്ധിച്ച ഫയലിലോ ലഭ്യമല്ല. ആയതിനാൽ മേൽ വൗച്ചർ പ്രകാരം ചെലവഴിച്ച തുക 51,540/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റു തടസ്സം ഒഴിവാക്കേണ്ടതാണ്.

3-6. തെരുവ് വിളക്ക് പരിപാലനം കരാറുകാരന് എ.എം.സി വ്യവസ്ഥയിൽ നൽകിയത് സർക്കാർ ഉത്തരവിന്റെ പിൻബലമില്ല- ചെലവ് തുക തടസപ്പെടുത്തുന്നു.

ഫയൽ നം. ഇ5-17970/09

കണ്ണൂർ നഗരസഭയിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ പരിപാലനം "ആസ്വവൽ മെയിന്റയിനൻസ് കോൺട്രാക്ട് വ്യവസ്ഥയിൽ കരാറുകാർക്ക് നൽകുന്നതിന് 10.09.2009 ന് മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചിരുന്നു ആയത് പ്രകാരം ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. **തെരുവ് വിളക്കുകളുടെ പരിപാലന ചെലവ് സംബന്ധിച്ച് മുൻധാരണ ഉണ്ടാക്കുകയോ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.**

തെരുവ് വിളക്കുകളുടെ റിപ്പയറും പരിപാലനവും എ.എം.സി അടിസ്ഥാനത്തിൽ നൽകുന്നതിനായി ടെണ്ടർ ക്ഷണിക്കുന്നതിന് മുന്നോടിയായി പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ചെലവ് എത്രയെന്ന് കണക്കാക്കാൻ ശ്രമം നടത്തിയിട്ടില്ല. മുൻ വർഷം വരെ നഗരസഭ തന്നെ അറ്റകുറ്റപണികൾ നേരിട്ട് ചെയ്തിരുന്നതിനാൽ വാർഷിക അറ്റകുറ്റപണികൾക്ക് ആവശ്യമായ ചെലവ് എത്രയെന്ന് നിർണ്ണയിക്കാൻ കഴിയുമായിരുന്നു. പ്രവൃത്തി സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നത് മറ്റൊരു വീഴ്ചയാണ്. സംസ്ഥാന സർക്കാർ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സഹായത്തോടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ചെലവ് സംബന്ധിച്ച് ഒരു മുൻധാരണ ഉണ്ടാക്കാൻ നഗരസഭ ശ്രമം നടത്തിയിട്ടില്ല. ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറവ് എന്ന അടിസ്ഥാനത്തിൽ നെഗോഷ്യേറ്റ് ചെയ്ത ടെണ്ടർ സ്വീകരിച്ചതിനാൽ കരാർ കൊണ്ട് നഗരസഭയ്ക്ക് എത്രമാത്രം ഗുണം ഉണ്ടായിയെന്ന കാര്യം പരിശോധിക്കാൻ കഴിയാത്ത അവസ്ഥയാണ്.

2. <u>ടെണ്ടർ നടപടി ക്രമങ്ങൾ സുതാര്യമല്ല.</u>

01.12.2009ന് ഇഷ്യൂ ചെയ്ത ടെണ്ടർ പ്രകാരം സമർപ്പിച്ച ശ്രീദേവി എന്റർപ്രൈസസ് കണ്ണൂർ, ടി.പി. എന്റർപ്രൈസസ് കണ്ണൂർ എന്നീ സ്ഥാപനങ്ങൾ ടെണ്ടറുകളിൽ നിരക്ക് കാട്ട് ചെയ്തിട്ടില്ല. ടി.പി.എന്റർപ്രൈസസ് പ്രത്യേക ഷീറ്റിലാണ് നിരക്ക് കാണിച്ചിട്ടുള്ളത്. എന്നാൽ ശ്രീദേവി എന്റർപ്രൈസസ് നിരക്ക് കാട്ട് ചെയ്തതായി ഫയലിൽ കാണുന്നില്ല. 21.12.09 ലെ കൗൺസിലിനു മുമ്പാകെ വച്ച അജണ്ടയിൽ ശ്രീദേവി എന്റർപ്രൈസസ് ടി.പി എന്റർപ്രൈസസിനേക്കാൾ ഉയർന്ന നിരക്ക് കാട്ട് ചെയ്തതായി കാണിക്കുകയും ശ്രീ.ടി.പി ഷാജിയുടെ നിരക്ക് കൗൺസിൽ അംഗീകരിക്കുകയും ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീദേവി എന്റർപ്രൈസസിന്റെതായി കാണിച്ച നിരക്കുകൾ എങ്ങനെയാണ് ലഭ്യമായത് എന്ന് വ്യക്തമാക്കേണ്ടതാണ്.

3. നഗരസഭയിലെ ആകെ 1956 എണ്ണം സോഡിയം വേപ്പർ ലാമ്പുകൾ 950 രൂപ നിരക്കിൽ (നെഗോഷ്യേറ്റ് ചെയ്ത് കുറവ് വരുത്തിയ നിരക്ക്) പരിപാലനം ചെയ്യുന്നതിന് വാർഷിക ചെലവ് തുകയായി കണക്കാക്കിയ 18,58,200/- രൂപയുടെ മൂന്ന് ആനുപാതികമായ തുകകൾ താഴെ കാണിച്ച വിധം ടിയാൾക്ക് അനുവദിച്ചിട്ടുണ്ട്.

വൗച്ചർ നം. & തീയതി	കാലയളവ്	അനുവദനീയമായ തുക	ആദായനികുതി (കുറവ് ചെയ്തത്)	ആകെ അനുവദിച്ചത്
813/9-10, 16.09.2010	03.06.2010 മുതൽ 03.09.10 വരെയുള്ള കാലയളവ്	4,64,550	5,110	4,59,440
1318/01-11, 19.01.2011	04.09.10 മുതൽ 03.12.10 വരെയുള്ള കാലയളവ്	4,64,550	5,110	4,59,440
1650/3-11, 5.03.2011	04.12.10 മുതൽ 31.03.11 വരെയുള്ള കാലയളവ്	4,64,550	5,110	4,59,440
	ആകെ	13,93,650	15,330	13,78,320

03.06.2010 ന് ടി.പി എന്റർപ്രൈസസിന്റെ പ്രൊപ്രൈറ്റർ ടി.പി.ഷാജിയും കണ്ണൂർ നഗരസഭാ സെക്രട്ടറിയും തമ്മിൽ ഒപ്പു വെച്ച കരാർ ഖണ്ഡിക 6 പ്രകാരം കേടായ തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി, റിപ്പേർ ചെയ്ത തെരുവ് വിളക്കുകളുടെ വിവരം, റിപ്പയർ ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തുന്ന ഒരു പരാതി പുസ്തകം നഗരസഭാ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ ആധാരമാക്കിയാണ് തുക അനുവദിക്കേണ്ടത്. ഇത്തരത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്റർ ഓഡിറ്റിൽ ലഭ്യമാക്കാത്തതിനാൽ ചെലവ് സംബന്ധിച്ച കൃത്യത പരിശോധിക്കാനായിട്ടില്ല ആയതിനാൽ പ്രസ്തുത രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

4. തെരുവ് വിളക്കുകളുടെ പരിപാലനം "ആസ്വവൽ മെയിന്റനൻസ്" കോൺട്രാക്ടിലൂടെ കെ.എസ്.ഇ.ബി ഒഴികെയുള്ള മറ്റ് ഏജൻസിക്ക് നൽകാവുന്നതായി നമ്പർ 3055/ഡി.എ.3/2011 ത.സ്വ.ഭ.വ സർക്കുലർ തീയതി. 15.09.2011 ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തീയതിക്ക് മുമ്പ് ഇത്തരത്തിൽ റിപ്പയറും പരിപാലനവും എ.എം.സി വ്യവസ്ഥയിൽ കരാറുകാരന് നൽകിയ ചെലവ് തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കേണ്ടതുണ്ട്.

മേൽ കാരണങ്ങളാൽ 2010-11 വർഷത്തിൽ ഈയിനത്തിൽ ചെലവഴിച്ച ആകെ തുക 13,93,650/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

3-7. ജില്ലാ ലേബർ കോടതി വിധിയ്ക്കെതിരെ അപ്പീൽ - കൗൺസിൽ തീരുമാനം ഹാജരാക്കേണ്ടതാണ്.

ഫയൽ നം. ജി.7-460/10

വൗച്ചർ നം. 322 തീയതി 07.06.2010 തുക 44,654/-

കണ്ണൂർ നഗരസഭയിൽ താൽക്കാലിക സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.കെ.പി. പത്മനാഭൻ എന്നയാളുടെ കണ്ണൂർ ജില്ലാ കോടതി മുമ്പാകെയുള്ള ജി.എൽ.100/05 നമ്പർ പരാതി സംബന്ധിച്ച കോടതി ഉത്തരവിൽ, നഗരസഭയുടെ വാദങ്ങൾ തെളിയിക്കാനാവശ്യമായ രേഖകൾ കോടതി മുമ്പാകെ ഹാജരാക്കുന്നതിൽ നഗരസഭ പരാജയപ്പെട്ടതിനാൽ പരാതിക്കാരന് ഗ്രാറ്റിവിറ്റി ഇനത്തിൽ 14.03.05 മുതൽ 10% സാധാരണ പലിശ സഹിതം 44,654 രൂപ 30 ദിവസത്തിനുള്ളിൽ നൽകുവാനും അല്ലാത്തപക്ഷം 15% കൂട്ടുപലിശയോടുകൂടി തുക നൽകുവാനും ഉത്തരവായിട്ടുണ്ട്.

പ്രസ്തുത വിഷയത്തിൽ നഗരസഭ കൈക്കൊള്ളേണ്ട തുടർ നടപടികൾ സംബന്ധിച്ച് നിയമോപദേശം നൽകുവാനായി ടി കേസിൽ നഗരസഭയ്ക്കുവേണ്ടി ഹാജരായ അഡ്വ. സി.കെ രത്നാകരനോട് തന്നെ വീണ്ടും ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമായതായി ഫയലിൽ രേഖകളില്ല. ഇക്കാര്യത്തിൽ വിശദീകരണം തേടിയതിന് മറുപടിയായി നിയമോപദേശം ഓഫീസ് നോട്ട് ഫയലിൽ ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

എന്നാൽ കേസിന്റെ വിധിയ്ക്കെതിരെ തുക കെട്ടിവച്ച് അപ്പീൽ ഫയൽ ചെയ്യുന്നതിന് വേണ്ടി കൗൺസിൽ തീരുമാനം എടുത്തിട്ടില്ല. കേസ് സംബന്ധിച്ച തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-8. കംഫർട്ട് സ്റ്റേഷന്റെ വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കിയത് - തുക നിരാകരിക്കുന്നു.

കണ്ണൂർ നഗരസഭയുടെ അധീനതയിലുള്ള ഹാജി റോഡിലെ കംഫർട്ട് സ്റ്റേഷന്റെ കെ.എൻ.ആർ/3386 കൺസ്യൂമർ നമ്പറിലുള്ള വാട്ടർ ചാർജിനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ 30.04.2010 ലെ ബിൽ പ്രകാരം കുടിശ്ശികയടക്കം ആകെ 16,849/-രൂപ (കുടിശ്ശിക 15,702 + 1147) ഒടുക്കുവാനായി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വൗച്ചർ നം. 179 തീയതി 13.05.2010 പ്രകാരം നഗരസഭാ ഫണ്ടിൽ നിന്നും ആകെ 24,470/- രൂപയാണ് ഒടുക്കിയിട്ടുള്ളത്. ഹാജരാക്കിയ ഫയൽ നമ്പർ ആർ-9/2200/10 പരിശോധിച്ചതിൽ 03.05.2010 ലെ ഓഫീസ് നോട്ട് പ്രകാരം വാട്ടർ അതോറിറ്റി ഓഫീസിൽ നേരിട്ട് പോയി അന്വേഷിച്ചതിൽ നിന്നും 5/10 വരെയുള്ള കാലയളവിലെ കുടിശ്ശികയടക്കം ആകെ തുക 24,470/- രൂപ ഒടുക്കേണ്ടതുണ്ടെന്ന് അറിയിച്ചതിനെ തുടർന്നാണ് പ്രസ്തുത തുക ഒടുക്കിയതെന്ന് കാണുന്നു. 18.05.2010 ലെ RI യുടെ പരിശോധനയിൽ മുൻ ലൈസൻസി വെള്ളക്കരം കുടിശ്ശിക വരുത്തിയതിനാൽ കേരള വാട്ടർ അതോറിറ്റി കണക്ഷൻ വിഛേദിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫയലിൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ജലക്ഷാമം കാരണം 01.04.2010 മുതൽ 31.05.2010 വരെ കംഫർട്ട് സ്റ്റേഷൻ തുറന്നു പ്രവർത്തിച്ചിട്ടില്ല. ആയതിനാൽ കണക്ഷൻ വിഛേദിച്ചതിനുശേഷ

മുള്ള കാലയളവിലേയ്ക്കും ഉപയോഗിക്കാതെ പൂട്ടിക്കിടന്നിട്ടുള്ള കാലയളവിലേക്കും വാട്ടർ ചാർജ് ഈടാക്കിയിട്ടുണ്ടോയെന്ന് വിവരം ഓഡിറ്റിൽ വിശദീകരിക്കേണ്ടതാണ്. മേൽ തുക ഒടുക്കിയതിന്റെ ഒറിജിനൽ രശീതി ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

നഗരസഭ ലൈസൻസിനു നൽകിയ വസ്തുവകകളുടെ വാട്ടർ ചാർജിനത്തിലുള്ള തുക ഒടുക്കേണ്ട ബാധ്യത ബന്ധപ്പെട്ട ലൈസൻസികൾക്കാണെങ്കിൽ ആയത് സംബന്ധിച്ച് നഗരസഭയുമായി കരാറുകാരൻ ഒപ്പു വെച്ച എഗ്രിമെന്റ് പരിശോധനക്ക് ലഭ്യമാക്കാനായി അറിയിച്ചതിന് നാളിതുവരെയും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കംഫർട്ട് സ്റ്റേഷന്റെ വാട്ടർ ചാർജ് നഗരസഭാ ഫണ്ടിൽ നിന്നും ഒടുക്കിയ ഇനത്തിലുള്ള 24,470/- രൂപ ബന്ധപ്പെട്ട ലൈസൻസിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3-9. <u>ഡെപ്പോസിറ്റ് പ്രവൃത്തികൾ - കേരള വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.</u>

കണ്ണൂർ നഗരസഭയിലെ വിവിധ വാർഡുകളിൽ പൊതു കുടിവെള്ള ടാപ്പ് കണക്ഷനു വേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി കണ്ണൂരിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. ചെലവ് തുകയുടെ വിനിയോഗം സംബന്ധിച്ച് വിലയിരുത്തൽ നടത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസം തീർക്കേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമനം	വൗച്ചർ നമ്പറും തീയതിയും	ചെലവ് തുക	വാർഡ്	പൈപ്പുകളുടെ എണ്ണം	റിമാർക്സ്
1	771/08.09.2010	41,500	നീർച്ചാൽ	1	ഫയൽ നം. ഇ1-13228/10
2	1323/22.01.2011	10,500	ആനയിടുക്ക്	3	
3	621 തീയതി 13.08.2010	12,000	ടി.എൽ	3	ഫയൽ നം. ഇ1-23713/09
4	1087 തീയതി 16.11.2010	62,000	പടന്ന	2	ഫയൽ നം. ഇ1-22687/09
5	1343 തീയതി 28.01.2011	16,000			
6	851/24.09.2010	68,000	പൊവ്വ വെസ്റ്റ്	-	ഇ5-19528/10
7	1688/31.03.2011	30,000 രശീതി ഇല്ല	കൊടപ്പറമ്പ്	-	ഇ5-11765/09 (11-12 ൽ 9,000 രൂപ കൂടി ചെലവഴിച്ചിട്ടുണ്ട്.)
	ആകെ	2,40,000			

വിവിധ പ്രവൃത്തികൾക്കു വേണ്ടി മറ്റു സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകയുടെ വിനിയോഗം ഉറപ്പു വരുത്തേണ്ടതും ഫയലിൽ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം തീർക്കേണ്ടതാണ്.

3-10. ഡെപ്പോസിറ്റ് പ്രവൃത്തികൾ - കെ.എസ്.ഇ.ബി യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസപ്പെടുത്തുന്നു.

കണ്ണൂർ നഗരസഭയിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്കൽ ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനു വേണ്ടി കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്ത് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭിച്ചിട്ടില്ല. ചെലവ് തുകയുടെ വിനിയോഗം സംബന്ധിച്ച് വിലയിരുത്തൽ നടത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക 66,241/- രൂപ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസം തീർക്കേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം	വൗച്ചർ നമ്പറും തീയതിയും	ചെലവ് തുക	വാർഡ്	തെരുവ് വിളക്കുകളുടെ എണ്ണം	റിമാർക്സ്
1	740/02.09.10	19,071/-	പടന്നവാർഡ്	3	ഫയൽ നം. ഇ5-22688/10
2	478/13.07.10	11,752/-	തളാപ്പ് വെസ്റ്റ്	4	ഫയൽ നം. ഇ5-22244/09
3	560/03.08.2010	35,418/-	തയ്യിൽ മൈതാന പ്പള്ളി		ഇ5-11796/09
	ആകെ തുക	66,241/-			

3-11. നഗരസഭയിൽ നിന്ന് ലഭിക്കുന്ന ഫണ്ടിന്റെ വരവ്-ചെലവുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

ജി.ഒ.(പി)177/06/ഫിൻ തീയതി 12.04.2006 ഖണ്ഡിക 18-3, 20.01.2003 ലെ ഗവ. സർക്കുലർ നം. 17/03/ഫിൻ എന്നിവ പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ഒരോഫീസിൽ ഒറ്റ ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും വകുപ്പിൽ നിന്ന് ലഭിക്കുന്ന ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന ഫണ്ടിന്റെയും വരവ് ചെലവുകൾ അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥന്മാരായ കൃഷി ഫീൽഡ് ഓഫീസർ, സി.ഡി.പി.ഒ, എസ്.സി.ഡി.ഒ എന്നിവർ സൂക്ഷിച്ചിരിക്കുന്ന ക്യാഷ് ബുക്കിൽ നഗരസഭയിൽ നിന്ന് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല. നഗരസഭയിൽ നിന്ന് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവുകൾ സബ്സിഡയറി രജിസ്റ്ററിൽ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. നഗരസഭയിൽ നിന്ന് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഒരു ഓഫീസിന് ഒരു ക്യാഷ് ബുക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

3-12. പ്രവർത്തനം ആരംഭിക്കാത്ത സ്ഥാപനത്തിനുവേണ്ടി ഫർണ്ണിച്ചറുകൾ വാങ്ങിയത് ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് - വനിതാ ഹോസ്റ്റലിനുവേണ്ടി ഫർണ്ണിച്ചർ

പ്രൊജക്ട് നം - എസ്.097/11

അടങ്കൽ - 6,00,000/-, 3,92,656 - പ്ലാൻ ഫണ്ട് , 2,07,344 - തനത് ഫണ്ട്

ചെലവ് - ബിൽ നം. 34/10-11 തീയതി 31.03.2011 തുക 3,89,805/-

നിർവഹണ ഉദ്യോഗസ്ഥൻ - സി.ഡി.പി.ഒ, കണ്ണൂർ അർബ്ബൻ

2010-11 വർഷം പ്രവൃത്തി പൂർത്തീകരിക്കാത്ത സ്ഥാപനമായ വനിതാ ഹോസ്റ്റലിനു വേണ്ടി താഴെ കാണിച്ച വിധം ഫർണ്ണിച്ചറുകൾ സിഡ്കോ കണ്ണൂരിൽ നിന്നും വാങ്ങിയിട്ടുണ്ട്.

കട്ടിൽ - 30 എണ്ണം

മേശ - 18 എണ്ണം

അലമാര - 29 എണ്ണം

ആയത് സ്റ്റോക്ക് രജിസ്റ്റർ പേജ് 32 ൽ ചേർത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഹോസ്റ്റൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും ഫർണ്ണിച്ചറുകൾ വനിതാ ഹോസ്റ്റലിന് വിതരണം ചെയ്തതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. നഗരസഭയുടെ കീഴിൽ വനിതാ ഹോസ്റ്റൽ നാളിതു വരെയായും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് വേണ്ടി മുൻകൂറായി ചെലവ് ചെയ്ത 3,89,805/- രൂപ പാഴ്ചെലവായി കണക്കാക്കി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-13. **<u>കാർ ഡ്രൈവിങ്ങ് പരിശീലനം - പ്രൊജക്ട് പൂർത്തീകരിച്ചത് സംബന്ധിച്ച്- രേഖകൾ ഹാജരാക്കിയിട്ടില്ല.</u>**

പദ്ധതി നമ്പർ - എസ്.0121/11

അടങ്കൽ - 1,00,000

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ, കണ്ണൂർ

<u>ഏകവർഷ പ്രൊജക്ട്</u>

ബിൽ നമ്പർ - 13/10-11 , തീയതി - 31.03.2011, തുക - 47,125/- രൂപ

കണ്ണൂർ നഗരസഭാ പരിധിക്കുള്ളിൽ താമസിക്കുന്നവരും തൊഴിൽ രഹിതരുമായ പട്ടികജാതി വിഭാഗക്കാരായ 25 യുവതി യുവാക്കൾക്ക് കാർ ഡ്രൈവിങ്ങ് പരിശീലനം നൽകാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ഒരു പ്രൊജക്ടാണിത്. ഒരു ഗുണഭോക്താവിന് ദിവസേന ഒരു മണിക്കൂർ വീതം ഒരു മാസത്തേയ്ക്ക് പരിശീലനം നൽകുവാനാണ് പ്രൊജക്ടിൽ നിർദ്ദേശിച്ചിരുന്നത്. പത്രപരസ്യം വഴി വിവിധ ഡ്രൈവിങ്ങ് സ്ക്കൂളുകളുടെ ക്വട്ടേഷൻ സ്വീകരിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ഒരു ഗുണഭോക്താവിന് 2,900/- രൂപ ക്വാട്ട് ചെയ്ത ജെയിൻ മോട്ടോർ ഡ്രൈവിങ്ങ് സ്ക്കൂൾ, സൗത്ത് ബസാർ, കണ്ണൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സി.ആർ. നമ്പർ 37/22.02.2011 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആകെ വരുന്ന ചെലവ് തുകയുടെ 65% വരുന്ന 47,125/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

2011 മാർച്ച് 16-ാം തീയ്യതിയിലെ കരാർ പ്രകാരം ഗുണഭോക്താക്കളെ യഥാസമയം പരിശീലിപ്പിച്ച് ലൈസൻസ് ലഭ്യമാക്കുന്നതും ടെസ്റ്റ് വിജയിക്കാത്തവരെ മൂന്നുതവണ ടെസ്റ്റിനിരുത്തുന്നതും ഗുണഭോക്താക്കളുടെ ഹാജർ പട്ടിക ഹാജരാക്കുന്നതുമാണെന്ന് വ്യവസ്ഥയുണ്ട്.

ഏകവർഷ പ്രൊജക്ടായി 2010-11 സാമ്പത്തിക വർഷാവസാനം തുടങ്ങിയ പ്രസ്തുത പ്രൊജക്ട് 2011-12 വർഷത്തിൽ സ്പിൽ ഓവറായി 21 പേർ പരിശീലനം പൂർത്തിയാക്കി ലൈസൻസ് എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. പദ്ധതി സ്പിൽ ഓവറായി തുടരുന്നതിന് ഡി.പി.സി യിൽ നിന്ന് പുനർ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ബാക്കിയുള്ള 4 പേർ ലൈസൻസ് കരസ്ഥമാക്കിയിട്ടില്ല എന്ന് ഇത് സംബന്ധിച്ച ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിനുള്ള മറുപടിയിൽ (16.07.2012 ലെ 267/12 നമ്പർ കത്ത്) പട്ടികജാതി വികസന ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. പഠനം പൂർത്തിയാക്കി ലൈസൻസ് എടുക്കാത്ത 4 പേർക്ക് വേണ്ടി

മുൻകൂറായി ചെലവഴിച്ച തുക 7,540/- രൂപ ബാക്കി കൊടുക്കാനുള്ള തുകയിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

3-14. പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിന് വകയിരുത്തിയ തുകകൾ ചെലവഴിക്കാത്തത് സംബന്ധിച്ച്

കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 05.01.2011 ലെ സി3/55/10 നമ്പർ കത്ത് പ്രകാരം പുതിയ പ്രോജക്ടുകൾ നിർവഹണം ചെയ്യാനായി ഗുണഭോക്തൃ ലിസ്റ്റുകളും അപേക്ഷകളും പട്ടികജാതി വികസന ഓഫീസർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

ക്രമ നം	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	ലക്ഷ്യമാക്കിയ ഗുണഭോക്താക്കളുടെ എണ്ണം	ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	അടങ്കൽ	ചെലവ്	ബാക്കി	ചെലവിന്റെ ശതമാനം	റിമാർക്സ്
1	എസ്.0119/11	വിവാഹ ധന സഹായം	10	7	2,00,000	1,40,000	60,000	70%	-
2	എസ്.0120/11	വീടിന്റെ ഗുണമേന്മ വർദ്ധിപ്പിക്കൽ	21	9	3,15,000	67,500	2,47,500	21.42%	-
3	എസ്.0121/11	കാർ ഡ്രൈവിങ്ങ് പരിശീലനം	25	21	72,500 (ടെണ്ടർ പ്രകാരം)	47,125	25,375	65%	2010-11 ൽ മുൻകൂർ തുക മാത്രം നൽകിയത്
4	എസ്.0122/11	സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങൽ	30	1	9,00,000	30,000	8,70,000	3.33%	-
5	എസ്.0123/11	കുടിവെള്ള കിണർ നിർമ്മാണം	30	4	9,00,000	20,000	8,80,000	2.22%	2010-11 ൽ മുൻകൂർ തുക മാത്രം നൽകിയത്
6	എസ്.0124/11	ശുചിത്വ കിണർ ആക്കി മാറ്റൽ	25	4	75,000	12,000	63,000	16%	-
7	എസ്.0125/11	കക്കൂസ് നിർമ്മാണം	10	ആരുമില്ല	25,000	ഇല്ല	25,000	0	-
8	എസ്.0126/11	വീടിന് വയറിംഗ്	-	-	16,000	-	16,000	0	പ്രോജക്ട് നിർവഹണം ചെയ്തിട്ടില്ല
	ആകെ				25,03,500	3,16,625		12.6%	

പട്ടികജാതി വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വകയിരുത്തിയ അടങ്കൽ തുകയുടെ 12.6% മാത്രമാണ് ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. വികസ

നഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് കുറ്റകരമായ അനാസ്ഥ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3-15. ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണം

പ്രോജക്ട് നം. - 35/11 സ്പിൽ ഓവർ പ്രോജക്ട് - 158/09

അടങ്കൽ - 60,000/- രൂപ

ചെലവ് ബിൽ നം. 2/10-11, തീയതി - 16.11.2010, തുക - 11,250/-

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതിവികസന ഓഫീസർ

2008-09 വർഷം ആരംഭിച്ച പ്രസ്തുത പദ്ധതി സ്പിൽ ഓവറായി തൻവർഷവും തുടരുന്നുണ്ട്. മേൽ പദ്ധതിയുടെ ഏക ഗുണഭോക്താവായ ശ്രീ. പി. പ്രകാശന്റെ ആനുകൂല്യത്തിനുള്ള അർഹത സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്തുകൊണ്ടുള്ള പരാമർശം 2008-09 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഭാഗം 3 ഖണ്ഡിക 48 (3) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ 2010-11 ൽ ചെലവഴിച്ച അവസാന ഗഡു തുക **11,250/-**രൂപ (ഡി.ഡി നം. 819339/23.03.09) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടിയാളുടെ പേരിൽ ഉണ്ടായിരുന്ന ഗൃഹം വാസയോഗ്യമല്ലായെന്നും ആയത് പൊളിച്ചുമാറ്റിയിട്ടുണ്ടെന്നും തെളിയിക്കുന്ന മുനിസിപ്പൽ എഞ്ചിനീയറുടെ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

3-16. ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി (എസ്.സി)-തുക ചെലവഴിക്കാത്തത് സംബന്ധിച്ച്

പ്രോജക്ടിന്റെ പേര്	:	ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി (എസ്.സി)
പ്രോജക്ട് നമ്പർ	:	എം 00164/11
നിർവഹണ ഉദ്യോഗസ്ഥൻ	:	പട്ടികജാതി വികസന ഓഫീസർ, കണ്ണൂർ
10-11 ലെ വികസന ഫണ്ട്	:	1,00,000
09-10 ൽ അനുവദിച്ച വികസന ഫണ്ട്:		97,50,000
ആകെ അടങ്കൽ	:	98,50,000

കണ്ണൂർ നഗരസഭാ പരിധിയിലെ പട്ടികജാതി വിഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 38 പേർക്ക് നഗരസഭ നേരിട്ട് സ്ഥലം വാങ്ങി ഫ്ളാറ്റ് നിർമ്മിച്ചു നൽകുക, സ്വന്തമായി സ്ഥലമുള്ള 5 പേർക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകുക എന്നിവയാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്.

പ്രസ്തുത പ്രോജക്ടിനു വേണ്ടി 2009-10 വർഷത്തിൽ അനുവദിച്ച 97,50,000/- രൂപ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർക്ക് കൈമാറുകയും ജനറൽ വിഭാഗങ്ങൾക്കായുള്ള ഇ.എം.എസ്. ഭവന പദ്ധതിയുടെ തുകകൾ കൈകാര്യം ചെയ്യുന്ന അക്കൗണ്ടിൽ മാറ്റി നിക്ഷേപിക്കുകയും ചെയ്തത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

2010-11 വർഷത്തിൽ ബിൽ നം. 17/10-11 തീയതി 31.03.2011 പ്രകാരം 1,00,000/- രൂപ വികസന ഫണ്ടിനത്തിൽ പട്ടിക ജാതി വികസന ഓഫീസർക്ക് ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയും നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർക്ക് കൈമാറുകയും (രശീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.) ആയത് ടിയാൾ കൈകാര്യം ചെയ്യുന്ന അക്കൗ

ണ്ടിൽ (കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ ഇ.എം.എസ്. ഭവന പദ്ധതിയുടെ പേരിലുള്ള അക്കൗണ്ട് നം.1) നിക്ഷേപിക്കുകയുമാണ് ചെയ്തിരിക്കുന്നത്. 2009-10, 2010-11 വർഷങ്ങളിൽ ലഭ്യമായ ആകെ തുക 98,50,000/- രൂപയും നാളിതുവരെയായും ചെലവഴിച്ചിട്ടില്ല.

പ്രൊജക്ടിന്റെ നിർവഹണം സംബന്ധിച്ച് താഴെ കാണിച്ച വിഷയങ്ങളുടെ അന്വേഷണങ്ങൾക്ക് നാളിതുവരെയും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1. മേൽ പ്രൊജക്ടിന്റെ നിർവഹണത്തിനുവേണ്ടി 01.10.10 ലെ ജി.ഒ. (ആർ.ടി) 3166/10 തസ്വഭവ പ്രകാരം നഗരസഭ സെക്രട്ടറിയും, നിർവഹണ ഉദ്യോഗസ്ഥനായ പട്ടികജാതിവികസന ഓഫീസറും സംയുക്തമായി കൈകാര്യം ചെയ്യേണ്ടുന്ന അക്കൗണ്ട് ആരംഭിക്കാതെ വികസനഫണ്ട് തുക ജനറൽ വിഭാഗങ്ങൾക്കായുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുവാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.
2. പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടി ഫ്ളാറ്റ് നിർമ്മാണത്തിനായി കണ്ണൂർ നഗരസഭാ പരിധിക്കുള്ളിൽ സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ - വിവരങ്ങൾ എത്ര ഏക്കർ ഭൂമി വാങ്ങി? ഏത് വർഷം?, ഉപയോഗിച്ച ഫണ്ട് ഏത്? ആയതിന് പ്രൊജക്ട് വച്ചിട്ടുണ്ടെങ്കിൽ പ്രൊജക്ടിന്റെ നമ്പർ, ചെലവ് തുക എന്നിവ അറിയിക്കേണ്ടതാണ്.
3. മേൽ പ്രൊജക്ടിനു വേണ്ടി 51 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ആയതിൽ ഭവന രഹിതർ മാത്രമായ 7 പേർ ഉൾപ്പെടുന്നുണ്ട്. മേൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം പോലും നാളിതുവരെയായും അനുവദിക്കാത്തതെന്തുകൊണ്ട് എന്നുള്ള വിവരവും മേൽ പ്രൊജക്ടിന്റെ നിർവഹണം സംബന്ധിച്ച് നാളിതുവരെയായി നടത്തിയ പ്രവർത്തന പുരോഗതി എന്നിവയും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പദ്ധതിയുടെ സംഘാടനത്തിനും നിർവഹണത്തിനുമായി, നിർവഹണ ഉദ്യോഗസ്ഥനു പിൻബലമായി രൂപീകരിച്ച ടീമുകളും കമ്മിറ്റികളും (പ്രൊജക്ട് രൂപീകരണ ഫോറം ഖണ്ഡിക 28 കാണുക) പ്രൊജക്ടിന്റെ നിർവഹണം ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല എന്നും ഓഡിറ്റിൽ വിലയിരുത്തുന്നു.

2010-11 ൽ ലഭ്യമായ തുക മാറ്റി നിക്ഷേപിച്ച് ചെലവ് കാണിച്ച 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-17. ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി(ജനറൽ) -നിർവഹണം സംബന്ധിച്ച അപാകങ്ങൾ

1. പ്രൊജക്ടിന്റെ പേര്	-	ഇ.എംഎസ് സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ)
നമ്പർ	-	എം 00165/11
നിർവഹണ ഉദ്യോഗസ്ഥൻ	-	പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജന സെൽ.

മേൽ പ്രൊജക്ടിന്റെ ധനകാര്യ വിശകലനം താഴെ കാണിച്ച പ്രകാരമാണ്.

	09–10	10–11
വികസന ഫണ്ട്	38,00,000	39,01,920
ബാങ്ക് ലോൺ	4,68,75,000	–
തനതു ഫണ്ട്	–	4,21,18,080
സന്നദ്ധസേവനം	–	1,00,00,000
	5,06,75,000	5,60,20,000
ആകെ അടങ്കൽ =	10,66,95,000	

പ്രൊജക്ട് രൂപീകരണ ഫോറം പ്രകാരം, ഭൂരഹിത ഭവന രഹിതരായ 487 പേരാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഇതിന്റെ ഗുണഭോക്താക്കൾ. എന്നാൽ കണ്ണൂർ നഗരസഭാ കൗൺസിലിന്റെ 01.03.2010 ലെ 7030 നമ്പർ തീരുമാനപ്രകാരം ആകെ 538 പേരുള്ളതായി കാണുന്നു. ബാക്കിയുള്ളവരുടെ പേര് വിവരങ്ങളടങ്ങുന്ന ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 3901920/– രൂപ (ബിൽ നം. 1/10–11 തീയതി 30.03.2011) പ്രകാരം അനുവദിച്ചത് 31.03.2011 ന് കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ ടൗൺ ബ്രാഞ്ചിലെ ഇ.എം.എസ് ഭവന പദ്ധതിയുടെ അക്കൗണ്ട് നം.1 ൽ വരവ് വെച്ചിട്ടുണ്ട്. ആയതിൽ നിന്നും തുക ഗഡുക്കളായാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്.

നിർവഹണം സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. **<u>ഗുണഭോക്താക്കളുടെ മുൻഗണനാ ക്രമം പാലിച്ചിട്ടില്ല.</u>**

ഇ.എം.എസ് ഭവന പദ്ധതി സംബന്ധിച്ച സർക്കുലർ നമ്പർ 23366/ഡി.ബി–1/2011 തസ്വഭവ, 02.05.2011 പ്രകാരം ഇ.എം.എസ് ഭവന പദ്ധതിയിൽ മുൻഗണനാക്രമം തെറ്റിച്ചോ ഏതെങ്കിലും ഗുണഭോക്താക്കളെ ഒഴിവാക്കിയോ ധനസഹായം നൽകരുത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ രണ്ടംഗ ഉദ്യോഗസ്ഥ സംഘത്തിന്റെ പരിശോധനയിൽ അനർഹരെ ഒഴിവാക്കാവുന്നതും ആയതിന് സെക്രട്ടറിയുടെ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. കണ്ണൂർ നഗരസഭയിലെ ഭൂരഹിത ഭവനരഹിതരുടെ 493 പേർ ഉൾപ്പെടുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മുൻഗണനാക്രമം പാലിക്കാതെയാണ് ആനുകൂല്യം അനുവദിച്ചിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. **<u>ഗുണഭോക്താക്കളുടെ പേരിൽ തന്നെ ഡി.ഡി അനുവദിച്ചത്.</u>**

ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങിയതിന് താഴെ കാണിച്ച ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയത് ഗുണഭോക്താക്കളുടെ പേരിൽ തന്നെ ഡി ഡി യായി അനുവദിച്ചത് ക്രമവിരുദ്ധമാണ്. ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് നൽകുന്ന തുക ഭൂമി വിൽക്കുന്ന ആളുടെ പേരിൽ ഡി ഡി യായി നൽകേണ്ടതാണ്. (06.02.2008 ലെ ജി.ഒ (എം.എസ്)/34/2008/തസ്വഭവ 06.02.2008, ഇ.എം.എസ് ഭവന പദ്ധതി സംബന്ധിച്ച 07.11.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്)207/2009/തസ്വഭവ എന്നിവ കാണുക). വിശദവിവരം താഴെ കൊടുക്കുന്നു.

ഗുണഭോക്താവ്	ചെക്ക് നം	തീയ്യതി	തുക	റിമാർക്സ്
1. ടി നസീമ	293320	14.03.2012	37,500	ഗുണഭോക്താക്കളുടെ പേരിൽ തന്നെ തുക അനുവദിച്ചു .
2. റുഖിയ എം.എം	293321	31.03.2012	37,500	
3. സമീറ.കെ.പി	293322	31.03.2012	37,500	
4. മനോജ് കുമാർ.എൻ.കെ	343334	06.09.2010	37,500	
5. ദയാനന്ദ്.പി	343335	14.09.2010	37,500	

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ആരും തന്നെ ഭൂമി വാങ്ങിയത് 10 കൊല്ലത്തേക്ക് ക്രയവിക്രയം ചെയ്യുകയില്ല എന്ന് കരാർ പത്രം എഴുതിയത് നിർവഹണ ഉദ്യോഗസ്ഥൻ ഒപ്പ് വെച്ചിട്ടില്ല.

മേൽ പരാമർശത്തിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. **ഭൂമി വാങ്ങിയതിന് അധികമായി അനുവദിച്ച തുക നിരാകരിക്കുന്നു.**

ഇ.എം.എസ് ഭവന പദ്ധതി സംബന്ധിച്ച 07.11.2009 ലെ സർക്കാർ ഉത്തരവ് എം.എ സ്.207/2009 തസ്വഭവ പ്രകാരം, ഗുണഭോക്താക്കൾ, ഗ്രാമ പ്രദേശങ്ങളിൽ വാങ്ങിയ 4 സെന്റ് വരെയുള്ള സ്ഥലത്തിന്റെ തുകയോ 37,500/- രൂപയോ ഏതാണോ കുറവ് ആ തുകയാണ് അനുവദിക്കേണ്ടത്. എന്നാൽ താഴെ കാണിച്ച ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക തുക അനുവദിച്ചിട്ടുണ്ട്.

വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	വാങ്ങിയ സ്ഥലത്തിന്റെ വിവരം	ആധാരം പ്രകാരം ചെലവായ തുക	അനുവദിച്ച തുക	ചെക്ക് നമ്പരും തീയതിയും	അനുവദിക്കാവുന്ന തുക	അധികം നൽകിയ തുക
1	ടി. നസീമ	തില്ലങ്കേരി ഗ്രാമപഞ്ചായത്തിൽ 0.212 ഹെക്ടർ സ്ഥലം (5.23 സെന്റ്)	21,400 (5.23 സെന്റിന്)	37,500	293320 14.3.12	1 സെന്റിന് തുക : 4091.77 അതുകൊണ്ട് 4 സെന്റിന് അനുവദിക്കാവുന്ന തുക : 16367	21,133 രൂപ
2	സമീറ. കെ.പി	നാറാത്ത് ഗ്രാമപഞ്ചായത്തിൽ 1.21 ആർ സ്ഥലം (2.989 സെന്റ് സ്ഥലം)	35,000	37,500	293322 31.3.12	35,000	2,500 രൂപ
					ആകെ അധികം നൽകിയ തുക		23,633 രൂപ

അധികം നൽകിയ തുകകൾ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥൻ നഷ്ടോത്തരവാദി എന്ന നിലയിൽ ബാദ്ധ്യസ്ഥനാകുന്നതാണ്.

4. **വരവിനൊത്ത് ചെലവുകൾ നടത്തുന്നില്ല**

ഇ.എം.എസ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി (ജനറൽ)യ്ക്കു വേണ്ടി ആകെ 77,01,920/- രൂപ (38,00,000 + 39,01,920) വികസന ഫണ്ടിനത്തിൽ 2009-10, 2010-11 വർഷങ്ങളിൽ കണ്ണൂർ നഗരസഭയ്ക്ക് ലഭ്യമായിട്ടുണ്ട്. ഗുണഭോക്താക്കളായ 159 പേർക്ക് സ്ഥലം വാങ്ങാൻ സബ്സിഡി നൽകാനും 309 പേർക്ക് ഫ്ളാറ്റ് പണിതു കൊടുക്കാനും 25 പേർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകാനുമാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തി

രിക്കുന്നത്. എന്നാൽ ലഭ്യമായ രേഖകൾ പ്രകാരം ആകെ 7 ഗുണഭോക്താക്കൾ മാത്രമാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്. 9 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പുരോഗമിക്കുകയാണ്. ആയതിൽ 5 പേർക്ക് ഭൂമി വാങ്ങാനുള്ള ധനസഹായം ലഭ്യമായതും ഉൾപ്പെടുന്നുണ്ട്. പ്രൊജക്ടിൽ വിഭാവന ചെയ്ത വിധം ആസ്തികൾ സൃഷ്ടിക്കാൻ സാധ്യമായിട്ടില്ലെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ചെലവ് വിവരം താഴെ കാണിച്ചിരിക്കുന്നു.

2010-11 വർഷം 31.03.2011 വരെ ഈയിനത്തിൽ ആകെ വരവ് 81,42,384/-രൂപയും ചെലവ് 7,35,000/- രൂപയുമാണ്. വിശദവിവരം താഴെ കാണിച്ചിരിക്കുന്നു.

2009-10 പ്ലാൻ ഫണ്ട് ഇനത്തിൽ വരവ്	-	38,00,000	
2010-11 ൽ പ്ലാൻ ഫണ്ട് ഇനത്തിൽ വരവ്	-	39,01,920	
പലിശയിനത്തിൽ വരവ്	-	2,08,171	
	-	2,32,293	4,40,464
ആകെ	-	81,42,384	
		==========	
31.03.2011 വരെ ചെലവ്	-	7,35,000	
ബാക്കി	-	74,07,384/-	

ക്യാഷ് ബുക്ക് പ്രകാരം 31.03.2011 ന് **74,07,384/- രൂപ** ചെലവഴിക്കാതെ ബാക്കി നിൽക്കുന്നുണ്ട്. വികസനഫണ്ടിനത്തിൽ ഭീമമായ തുക ചെലവഴിക്കാതെ ബാക്കി നിൽക്കുന്നതിന് ഓഡിറ്റിൽ വിശദീകരണം നല്കേണ്ടതാണ്.

3-18. **<u>പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ - 2010 ജനുവരി 10 , ഫിബ്രവരി 7 തീയതികളിൽ നടത്തിയത് - നഗരസഭ ഫണ്ടിൽ നിന്നും അധിക തുക അനുവദിച്ചത് -തടസ്സപ്പെടുത്തുന്നു.</u>**

ഫയൽ നം. : എച്ച്.3/21481/09

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി, കണ്ണൂർ നഗരസഭ

ദേശീയ പോളിയോ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി മേൽ തീയതികളിൽ കണ്ണൂർ നഗരസഭയിൽ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ നടത്തിയതിന് 20,900/- രൂപ ചെലവഴിച്ചത് അനുവദിച്ചു കിട്ടുന്നതിന് 28.02.2010 ലെ കത്ത് പ്രകാരമുള്ള കണ്ണൂർ ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ അപേക്ഷയിന്മേൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16.04.2010 ലെ അംഗീകാരത്തിന്മേൽ 10,000/- രൂപ നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 10,000/- രൂപ തനത് ഫണ്ടിൽ നിന്നുമായി ആകെ 20,000/- രൂപ വൗച്ചർ നമ്പർ 1138/03.12.2010 പ്രകാരം അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.12.2009 ലെ സർക്കാർ ഉത്തരവ് (സാധാരണ) നം.3372/2009 ഉത്തരവിൽ നഗരസഭകൾക്ക് ഈയിനത്തിൽ പരമാവധി 10,000/- രൂപ മാത്രം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് നൽകുന്നതിന്നാണ് യഥേഷ്ടാനുമതി നൽകിയിട്ടുള്ളത്.

2010-11 സാമ്പത്തിക വർഷത്തിൽ നഗരസഭയ്ക്ക് ലഭ്യമാകുന്ന നോൺ റോഡ് മെയിന്റനൻസ് തുക കണക്കാക്കി പ്രൊജക്ട് തയ്യാറാക്കിയത് പ്രകാരം 10,000/- രൂപയാണ് ചെലവഴിക്കാൻ അർഹതയുള്ളത്. എന്നാൽ പ്രൊജക്ട് ഭേദഗതി ചെയ്ത് തനത് ഫണ്ട് കൂടി

ഉൾപ്പെടുത്തി 20,000/- രൂപ ചെലവഴിക്കാൻ ഡി പി സിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അധികമായി ചെലവഴിച്ച 10,000/- രൂപയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അധിക ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-19. **റോഡ് പുനരുദ്ധാരണ പദ്ധതി – അധിക പദ്ധതി വിഹിതം – ഉപയോഗിച്ചുള്ളത്. മരാമത്ത് പ്രവൃത്തികൾക്കുള്ള ഡെപ്പോസിറ്റ് തുകകൾ ഗ്യാരന്റി പിരിയഡിന് മുമ്പായി തിരിച്ചു നൽകിയതിനും എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനം പ്രവൃത്തി വ്യക്തമായ കാരണം ഇല്ലാതെ ഒഴിവാക്കിയതിനും ബിറ്റുമെന്നിന്റെ വിലയടക്കമുള്ള തുക കുറവ് വരുത്തിയശേഷം ടെണ്ടർ കുറവ് അനുവദിച്ചതു വഴി നഗരസഭയ്ക്കുണ്ടായ നഷ്ടത്തിനും വിശദീകരണം ലഭ്യമാക്കിയില്ല**

നിർവ്വഹണോദ്യോഗസ്ഥൻ : ശ്രീ. കെ.ടി. പ്രദീപ് കുമാർ, മുനിസിപ്പൽ എഞ്ചിനീയർ

1. വികസനഫണ്ട് വിനിയോഗിച്ച് 2010-11 ൽ നടപ്പിലാക്കിയ താഴെ വിവരിക്കും പ്രകാരമുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ ബില്ല് പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് പ്രവൃത്തികളുടെ കരാറുകാർക്ക് പ്രവൃത്തി പൂർത്തിയാക്കിയ തീയതി മുതൽ ഒരു വർഷത്തേക്കുള്ള കാലാവധി അവസാനിക്കുന്നതിന് മുമ്പായി ഡെപ്പോസിറ്റ് തുകകൾ തിരിച്ചു നൽകിയിട്ടുണ്ട്. കരാറുകാർ ടെണ്ടർ പ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്യുന്ന തുകകൾ ഏതിനം പ്രവൃത്തിക്കാണ് എന്നതിനനുസരിച്ച് ക്ലിപ്തമായ ഗ്യാരന്റി പിരിയഡുകൾ കണക്കാക്കിയിട്ടുണ്ട്. റോഡ് പുനരുദ്ധാരണം 'റീ ടാറിംഗ്' പ്രവൃത്തിക്ക് പൂർത്തീകരണ തീയതി മുതൽ ഒരു വർഷമാണ് കാലാവധി. ഈ വ്യവസ്ഥ അംഗീകരിച്ചു കൊണ്ടുള്ള എഗ്രിമെന്റ് ഖണ്ഡിക 16 ന്റെ ലംഘനം നടത്തിയതായി കാണുന്നു. ' നിലവിൽ പ്രവൃത്തി ചെയ്തു വരുന്ന കരാറുകാരൻ' എന്ന നിലയിൽ പരിഗണന നൽകി ഡെപ്പോസിറ്റ് തിരിച്ച് നൽകിയ ഈ നടപടി എന്തിന്റെ അടിസ്ഥാനത്തിലാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന കാര്യം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.
2. റോഡ് റീ ടാറിംഗ് പ്രവൃത്തിയുടെ പൂർത്തീകരണത്തിന്ന് ശേഷം റോഡിന്റെ അരിക് വശങ്ങൾ ചുവന്ന മണ്ണിട്ട് നികത്തി ചെയ്യേണ്ട പ്രവൃത്തി ഇനമായ "കൺസോളിഡേറ്റിംഗ് ആന്റ് ഫോമിംഗ്" പ്രവൃത്തികൾ ചെയ്യാതെ ഒഴിവാക്കിയതായി കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിക്കാണുന്നു. മഴക്കാലത്ത് റോഡിന്റെ അരികു വശങ്ങൾ വെള്ളം ഒലിച്ച് പൊട്ടിപ്പോകാതിരിക്കാനും കാൽനടയാത്രക്കാർക്കും ചെറുവാഹനങ്ങൾക്കും അപകടമുണ്ടാകാതിരിക്കാൻ അവശ്യം ചെയ്യേണ്ട പ്രസ്തുത ഇനം കരാറുകാരൻ ചെയ്തിട്ടില്ല. ചെയ്ത ഇനങ്ങൾ മാത്രം പരിശോധിച്ച് മെഷർ ചെയ്യുന്നതു മുതൽ ബില്ല് തുക നൽകുന്നതുവരെയുള്ള പ്രക്രിയ ചെയ്യുന്ന എഞ്ചിനീയറിംഗ് വിഭാഗം കരാറുകാരെ വ്യക്തമായ കാരണങ്ങളില്ലാതെ ചില ഇനങ്ങളിൽ നിന്നും ഒഴിവാക്കികൊടുക്കുകയും ചെയ്തതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. അനാവശ്യ ഇനമാണെങ്കിൽ ഇത് എന്തിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയെന്നും വിശദീകരിക്കേണ്ടതാണ്. പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	ഫയൽ നം. , എസ്റ്റിമേറ്റ് തുക	ചെലവ് തുക, ബിൽ നം	കരാറുകാരന്റെ പേര്	ഒഴിവാക്കിയ പ്രവൃത്തിയുടെ അളവ്	എം ബുക്ക് നം
1	പ്രൊജക്ട് നം. 179 പയ്യാമ്പലം വാർഡ് സംഗീതാ ടാക്കീസിന് പിൻവശം ഹിൽട്ടൺ പ്ലാസ്റ്റിക് സമീപമുള്ള റോഡ്	എ4-18569/2010 4,60,000/- രൂപ (3.1% കുറവിൽ)	104/31.3.11 3,53,913/-	കെ.ശശീന്ദ്രൻ	700 മീ.	95/10-11
2	പ്രൊജക്ട് നം. 175 എൻ.എസ്.ടാക്കീസ് മുതൽ വലിയവളപ്പ്കാവ് വരെയുള്ള റോഡ്	എ4-18564/2010 5,00,000/- രൂപ (1% കുറവ്)	69/31.3.11 4,38,221/-	പി.വി.കൃഷ്ണൻ	330 മീ.	37/10-11
3	പ്രൊജക്ട് നം. 182 താവക്കര റോഡ് മുതൽ ഡ്രൈം വേൾ അപ്പാർട്ടുമെന്റ് വരെയുള്ള റോഡ് റീ താറിംഗ്	എ4-18573/2010 1,60,000/- രൂപ (1% കുറവ്)	68/28.3.11 1,19,822/-	പി.വി.കൃഷ്ണൻ	335 മീ.	38/10-11 (ലഭ്യമാക്കിയിട്ടില്ല)
4	പ്രൊജക്ട് നം. 181 പഴയ സി.പി.എം ഓഫീസ് മുതൽ സി.പി.മൂസാൻ കുട്ടിയുടെ വീട് വരെ റോഡ് റീ താറിംഗ്	എ4-18571/2010 3,30,000/- രൂപ (½% കുറവ്)	70/28.3.11 2,84,319/-	മുഹമ്മദ് ആശിഖ്	510 മീ.	58/10-11

3. മേൽ സൂചിപ്പിച്ച (1) മുതൽ (3) വരെയുള്ള ടെണ്ടർ നിരക്കിൽ കുറവ് എഗ്രിമെന്റ് വെച്ച റോഡ് പ്രവൃത്തികൾക്ക് ബിറ്റുമെൻ നഗരസഭയിൽ നിന്ന് നേരിട്ട് വിതരണം നടത്തിയതിന്റെ വില ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്തതിൽ അപാകതയുണ്ട്.

ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയ തുകയിൽ നിന്ന് ടെണ്ടർ കുറവ് വരുന്ന തുക കുറക്കാതെ മൊത്തം തുകയിൽ നിന്ന് ബിറ്റുമെന്നിന്റെ വിലയും, കൺവയൻസും കുറവ് ചെയ്തുള്ള തുകയിൽ നിന്ന് ടെണ്ടർ കുറവ് വരുത്തി ടാക്സുകളും വിഹിതങ്ങളും മറ്റ് കുറവുകളും കുറവ് ചെയ്തു ബിൽ തുക അനുവദിച്ചതിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. ടെണ്ടർ വ്യവസ്ഥ പ്രകാരം നഗരസഭ ബിറ്റുമെൻ നൽകേണ്ടതില്ലയെങ്കിലും മാർക്കറ്റ് നിരക്കിൽ ബിറ്റുമെൻ നഗരസഭ കരാറുകാർക്ക് നൽകുന്നുണ്ട്. ബിറ്റുമെന്നിന്റെ വില കുറച്ചതിന് ശേഷം ടെണ്ടർ ഇളവ് കണ്ടതിനാൽ ഫലത്തിൽ ബിറ്റുമെന്നിന്റെ മാർക്കറ്റ് നിരക്കിനേക്കാൾ ടെണ്ടർ കുറവ് കുറഞ്ഞ തുക മാത്രമാണ് ബിറ്റുമെന്നിന്റെ വിലയായി ഈടാക്കിയിരിക്കുന്നത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം	പ്രൊജക്ട് നം	തുക അനുവദിച്ചതിന്റെ വിവരം	തുക അനുവദിക്കാവുന്നതിന്റെ വിവരം	
i	പ്രൊജക്ട് നം. 179	3,60,567	ആകെ തുക	3,60,567
	ആകെ തുക	1,40,244 (-)	ടെണ്ടർ കുറവ് 3.1%	11,178 (-)
	27 ബാരൽ ബിറ്റുമെന്റെ വില കൺവയൻസ്	5,670 (-)	ആകെ പ്രവൃത്തി മൂല്യം	3,49,389
		2,14,653	ST	10,586 (-)
	ആകെ ടെണ്ടർ കുറവ് 3.1%	6,654(-)	IT	3,843 (-)
		2,07,999	CF 1%	3,493 (-)
		1,40,244 (+)		3,31,467
	ബിറ്റുമെൻ വില	5,670 (+)		
	കൺവയൻസ്	3,53,913		
	ആകെ പ്രവൃത്തി മൂല്യം	10,724 (-)	ബിറ്റുമെൻ വില 27 Nos	1,40,244 (-)
	ST 3.03%	3,893 (-)	കൺവയൻസ്	5,670 (-)
	IT 1.10%	3,539 (-)	ഒഴിഞ്ഞ ബാരൽ വില	2,970 (-)
	CF 1%	1,40,244 (-)	ടാക്സ് 12.5%	371
	ബിറ്റുമെൻ			182212
	@ 110 ഒഴിഞ്ഞ ബാരൽ വില 27 Nos.	2,970 (-)		
	@ 210 കൺവയൻസ്	5,670 (-)		
	@ 210 ടാക്സ് 12.5 %	371 (-)		
		1,86,502		
	അനുവദിച്ച തുക 1,86,502			
	അനുവദിക്കാവുന്ന തുക 1,82,212			
	അധികം നൽകിയ തുക 4,290			
	======			

ക്രമ നം	പ്രൊജക്ട് നം	തുക അനുവദിച്ചതിന്റെ വിവരം	തുക അനുവദിക്കാവുന്നതിന്റെ വിവരം	
ii	പ്രൊജക്ട് നം. 175	4,40,955	ആകെ തുക	4,40,955
	ആകെ തുക	1,61,020 (-)	ടെണ്ടർ കുറവ് 1%	4,410 (-)
	31 ബാരൽ ബിറ്റുമെൻ വില കൺവയൻസ്	6,510 (-)	ആകെ പ്രവൃത്തി മൂല്യം	4,36,545
		2,73,425	ST 3.03%	13,227
	ആകെ പ്രവൃത്തി മൂല്യം ടെണ്ടർ കുറവ് 1%	2734 (-)	IT 1.10%	4,498
		2,70,691	ബിറ്റുമെൻ വില 31 Nos	1,61,020
		1,61,020 (+)	കൺവയൻസ്	6,510
	ബിറ്റുമെൻ വില	6,510 (+)	CF 1%	4,365
	കൺവയൻസ്	4,38,221	ഒഴിഞ്ഞ ബാരൽ വില	3,410
	ആകെ പ്രവൃത്തി മൂല്യം	13,278 (-)	ടാക്സ് 12.5%	426
	ST 3.03%	4,514 (-)		2,43,091
	IT 1.10%	1,61,020 (-)		========
	ബിറ്റുമെൻ	6,510 (-)		
	കണ്വയൻസ്	4,382 (-)		
	CF 1%			
	ഒഴിഞ്ഞ ബാരൽ വില 31 Nos.	3,410 (-)		
	ടാക്സ് 12.5%	426 (-)		
		2,44,681		
	അനുവദിച്ച തുക = 2,44,681			
	അനുവദിക്കാവുന്ന തുക = 2,43,091			
	അധിക നൽകിയ തുക 16,90			

ക്രമ നം	പ്രൊജക്ട് നം	തുക അനുവദിച്ചതിന്റെ വിവരം	തുക അനുവദിക്കാവുന്നതിന്റെ വിവരം	
iii	പ്രൊജക്ട് നം. 182 ആകെ തുക 9 ബാരൽ ബിറ്റുമെൻ വില 9 ബാരൽ കൺവയൻസ് ആകെ പ്രവൃത്തി മൂല്യം ടെണ്ടർ കുറവ് 1% ബിറ്റുമെൻ വില കൺവയൻസ് ആകെ പ്രവൃത്തി മൂല്യം ബിറ്റുമെൻ വില @ 110/- 9 ബാരൽ കാലിയായത് ടാക്സ് 12.5% ST 3.03% IT 1.03% CF 1 % അനുവദിച്ച തുക = 64,007 അനുവദിക്കാവുന്ന തുക= 63,574 അധികം നൽകിയ തുക 460	12,0,541 46,748 (-) 1,890 (-) 71,903 719 (-) 71,184 46,748 (+) 1,890 (+) 1,19,822 48,638 (-) 990 (-) 124 (-) 3,631 (-) 1,234 (-) 1,198 (-) 64,007 =========	ആകെ തുക ടെണ്ടർ കുറവ് 1% ആകെ ഒഴിഞ്ഞ ബാരൽവില 9 Nos ടാക്സ് 12.5% ST 3.03% IT 1.03 % CF 1% ബിറ്റുമെൻ വില 9 Nos കൺവയൻസ്	1,20,541 1,205 (-) 1,19,336 990 (-) 124 (-) 3,615 (-) 1,229 (-) 1,193 (-) 46,748 (-) 1,890 (-) 63,574 =========

ടെണ്ടർ കുറവ് ചെയ്യുന്നതിൽ വന്ന അപാകത മൂലം ആകെ പ്രവൃത്തി ഇനം കണക്കാക്കിയതിൽ പിഴവ് പറ്റി അധികമായി അനുവദിച്ച തുക നഗരസഭാ ഫണ്ടിന് നഷ്ടം ഉണ്ടാക്കുവാൻ ഇടയായിട്ടുണ്ട്. നഷ്ടം വന്ന തുക 6,340/-(4290 + 1590 + 460)രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് വസൂലാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-20. ബഡ്ജറ്റിൽ വകയിരുത്താതെ തുക ചെലവ് ചെയ്തു. കാലാവധി നിശ്ചയിക്കാതെ പ്രവൃത്തി ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയില്ല. ചെലവ് തുക തടസ്സംചെയ്യുന്നു.

കക്കാട് ഹിന്ദുസ്ഥാൻ ഗ്യാസ് ഏജൻസിക്ക് സമീപം ചങ്ങാട് വരെയുള്ള റോഡ് താറിംഗ്

ഫയൽ നം	:	ഇ1/24483/07
അടങ്കൽ തുക	:	75,000/-
ചെലവ് തുക	:	52,204/-
വൗച്ചർ നം.	:	306/04.06.2010
കരാറുകാരൻ	:	ശ്രീ. സി.എച്ച്.അഹമ്മദ് (എസ്റ്റിമേറ്റ് നിരക്ക്)
എഗ്രിമെന്റ് നം.	:	64/09/10 പി.എ.സി. തുക 72,733/-
എം.ബുക്ക്. നം	:	94/0910 (ഹാജരാക്കിയിട്ടില്ല)
കാലാവധി	:	രണ്ടാഴ്ച

2010-11 ൽ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ വിവരിക്കും പ്രകാരമുള്ള അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ടി പ്രവൃത്തിക്ക് 2010-11 ൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. മുൻ വർഷം വകയിരുത്തിയ തുക സാമ്പത്തിക വർഷം അവസാനിച്ചതിന് ശേഷം തൻ വർഷം ചെലവഴിച്ചതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.
2. പദ്ധതി സ്പിൽ ഓവർ ആയി അംഗീകരിക്കാതെ ധനകാര്യ സ്ഥിരം സമിതിയുടെ അനുമതി പ്രതീക്ഷിച്ച് ചെയർമാൻ മുൻകൂർ അനുമതി നൽകിയത് യുക്തമായ നടപടിയല്ല. ടി പ്രവൃത്തി സ്പിൽ ഓവർ ആക്കി പുതുക്കിയ അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
3. 08.05.09 ലെ ടെണ്ടർ പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വെക്കാൻ കരാറുകാരനായ ശ്രീ. സി.എച്ച്. അഹമ്മദിന് 18.05.2009 ന് നോട്ടീസ് നൽകിയതു പ്രകാരം ടിയാൾ എഗ്രിമെന്റ് വെച്ചതിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തിയുടെ കാലാവധിയായ 2 ആഴ്ചത്തെ കാലാവധി ഏത് തീയതി മുതൽ ഏത് തീയതി വരെ എന്ന കാര്യം രേഖപ്പെടുത്താത്തതും ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം ശ്രദ്ധിക്കാതിരുന്നത് തികഞ്ഞ അലംഭാവമാണ്.
4. ഫയൽ പരിശോധിച്ചതിൽ 11.08.09 ന് പ്രവൃത്തി ആരംഭിച്ച് 01.05.10 ന് പൂർത്തിയാക്കിയെന്നും 2 ആഴ്ച കാലാവധി അധികരിച്ചിട്ടുണ്ട് എന്നും സെക്ഷനിൽ നിന്ന് നോട്ട് എഴുതിയിട്ടും എട്ട് മാസത്തിലേറെയുള്ള കാലതാമസത്തിന് കരാറുകാരനിൽ നിന്ന് ജി.ഒ.(പി)നം. 84/97 പി.ഡബ്ല്യൂ ആന്റ് ടി തീയതി. 19.08.97 പ്രകാരം ഫൈൻ ഈടാക്കാതെ ബിൽ തുക നൽകാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും മുനിസിപ്പൽ എഞ്ചിനീയറും വ്യക്തമായ കാരണം കാണിക്കാതെ അനുമതി നൽകിയത് ശരിയല്ല.
5. ഫൈനൽ ബില്ലിൽ പ്രവൃത്തിയുടെ വിവരങ്ങൾ 03.05.2010 ന് അസിസ്റ്റന്റ് എഞ്ചിനീയർ മെഷർ ചെയ്തതും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തതും 25.05.2010 ന് മുനിസിപ്പൽ എഞ്ചിനീയർ വർക്ക് ബിൽ പാസാക്കിയതും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി വിവരങ്ങൾ രേഖപ്പെടുത്തിയ എം. ബുക്ക് നം. 94/09-10 പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ആകെ പ്രവൃത്തി മൂല്യം 71,832/- രൂപ കണക്കാക്കിയതിൽ നഗരസഭയിൽ നിന്ന് അനുവദിച്ച 3 ബാരൻ താറിന്റെ വിലയും ഒഴിഞ്ഞ ബാരലിന്റെ വിലയും, ടാക്സും ഉൾപ്പെടെയുള്ള കിഴിവുകൾ കഴിച്ച് കരാറുകാരൻ 05.06.2010 ന് 52,204/- രൂപ കൈപ്പറ്റിയിട്ടുണ്ട്. തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

3-21. <u>വ്യക്തമായ കാരണങ്ങളില്ലാതെയും ആധികാരികമായ രേഖകൾ ഇല്ലാതെയും കരാറുകാരന് കാലാവധി ദീർഘിപ്പിച്ചു നൽകി ക്രമക്കേടുകൾ - നഗരസഭയ്ക്ക് ഫൈൻ ഇനത്തിൽ നഷ്ടം - കണ്ണോത്തുംചാൽ വാർഡ് കോട്ടച്ചേരി പമ്പിന്റെ സമീപം പൊതുവാൾ ഡോക്ടറുടെ വീടിന്റെ വലതു ഭാഗത്തു കൂടി പോകുന്ന ഇടവഴിയും- ഇന്ദിരാ പമ്പിന്റെ സൈഡിലുള്ള റോഡിൽ നിന്ന് തുടങ്ങി ജിഫ്രി തങ്ങളുടെ വീട്ടിലേക്കുള്ള ഇടവഴിയും -മെറ്റലിംഗും താറിംഗും</u>

ഫയൽ നം.	:	ഇ1-26350/06
എസ്റ്റിമേറ്റ്	:	5,35,000/- രൂപ (സി.ആർ. 37/27.11.08)
കരാറുകാരൻ	:	ശ്രീ. എം.പി. ഷംസുദ്ദീൻ (എസ്റ്റിമേറ്റ് നിരക്ക്)
പി.എ.സി. തുക	:	5,32,046/- രൂപ

Please see overleaf

എഗ്രിമെന്റ് നം.	:	57/09-10 തീയതി : 23.06.09
പൂർത്തീകരണ തീയതി	:	സൈറ്റ് കൈമാറിയ 23.06.09 മുതൽ 45 ദിവസം
പ്രവൃത്തി പൂർത്തീകരിച്ചത്	:	15.03.10
എം. ബുക്ക് നം.	:	(40/04-05, 142/08-09 ഹാജരാക്കിയിട്ടില്ല)
ആകെ പ്രവൃത്തി മൂല്യം	:	4,89,429/- രൂപ
ബിൽ തുക .	:	3,61,313/- രൂപ വൗച്ചർ നം. 282/01.06.10

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ പ്രവൃത്തിയുടെ തുടക്കം മുതൽ ഫൈനൽ ബില്ല് നൽകുന്നതുവരെയും ക്രമക്കേടുകൾ നടന്നതായി ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയതിന് നൽകിയ ഒ.എസ്.നം. 6/2010-11 തീ. 21.1.12 ന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. വിശദീകരണം ചുവടെ കൊടുക്കുന്നു.

1. എസ്റ്റിമേറ്റ് നിരക്കിൽ സി.ആർ.66/05.03.09 ന് ടെണ്ടർ അനുവദിച്ച കരാറുകാരന് 17.03.09 ന് ജാമ്യ തുക ഡെപ്പോസിറ്റ് ചെയ്ത് എഗ്രിമെന്റ് വെക്കുവാൻ നിർദ്ദേശം നൽകിയതിൽ എത്ര ദിവസത്തിനകം എഗ്രിമെന്റ് വെക്കണമെന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ സൈറ്റ് കൈമാറി കിട്ടിയ തീയതി 23.06.09 വരെ കരാറുകാരൻ എഗ്രിമെന്റ് വെക്കാതിരുന്നതിന്ന് നോട്ടീസ് ലഭിച്ച 20 ദിവസത്തിനുശേഷം കരാർ തുകയുടെ 1% വരുന്ന ഫൈൻ തുക 5,320/- രൂപ ഈടാക്കാതിരുന്നതിനും, ടിയാന്റെ ടെണ്ടർ റദ്ദാക്കി കരാറുകാരന്റെ ചെലവിൽ മറ്റ് ഏജൻസിയെ പ്രവൃത്തി ഏൽപ്പിക്കാതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്.
2. 23.06.09 ൽ വെച്ച എഗ്രിമെന്റ് പ്രകാരം (45 ദിവസത്തിനുള്ളിൽ) 07.08.09 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതിന്ന് പകരം 15.03.10 വരെ പ്രവൃത്തി ദീർഘിപ്പിച്ചതിന്ന് കാരണമായി "ടെലഫോൺ കേബിൾ പ്രവൃത്തി നടക്കുന്നത് കൊണ്ട് " എന്ന കരാറുകാരന്റെ തീയതി വെക്കാത്ത അപേക്ഷയിന്മേൽ എഞ്ചിനീയറിംഗ് വിഭാഗം അന്വേഷണം കൂടാതെ അനുകൂല നടപടി എടുത്തത് ന്യായീകരിക്കാവുന്നതല്ല. ഏതെങ്കിലും കാരണവശാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട റോഡിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ പ്രവൃത്തി നടക്കുന്നുണ്ടെങ്കിൽ ആയതിന്റെ വ്യക്തമായ തീയതി സഹിതമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ നിന്നും രണ്ടാഴ്ചക്ക് മുൻപായി മുനിസിപ്പൽ എഞ്ചിനീയറെ അറിയിക്കേണ്ടതുണ്ട്. ജി.ഒ(പി) 88/99/പി.ഡബ്ല്യു & ഡി തീയതി 18.11.99 പ്രകാരം പുറപ്പെടുവിച്ച, പൊതുനിരത്തുകളിൽ മറ്റ് വകുപ്പുകളും ഏജൻസികളും നടത്തുന്ന പ്രവർത്തികളെ സംബന്ധിച്ച കോഡ് ഓഫ് കോൺഡക്ട് ഖണ്ഡിക 7 ൽ പ്രതിപാദിച്ച പ്രകാരമുള്ള നടപടികൾ പാലിക്കാതെ കരാറുകാരനെ സംരക്ഷിക്കാൻ മാത്രം ഉതകുന്ന തരത്തിൽ കാലാവധി ദീർഘിപ്പിച്ച് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ എഗ്രിമെന്റ് കാലാവധി തീയതി മുതൽ ഫൈനൽ ബില്ല് സമർപ്പിച്ച തീയതി വരെക്കും ജി.ഒ(പി)84/97 പി.ഡബ്ല്യു ആന്റ് ടി 19.08.97 പ്രകാരം കരാറുകാരനിൽ നിന്ന് ഫൈൻ ഈടാക്കേണ്ടതുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

എഗ്രിമെന്റ് കാലാവധിയായ 07.08.09 മുതൽ	07.11.09 വരെ

പി.എ.സിയുടെ 1% (3 മാസത്തേക്ക്) : 5,320/- രൂപ

07.11.09 മുതൽ 07.02.10 വരെ 2% (3 മാസത്തേക്ക്) : 10,640/- രൂപ

07.02.10 മുതൽ 15.03.10 വരെ 2% 39 ദിവസത്തേക്ക് = 10640/90 × 39 : 4,610/- രൂപ

ആകെ : 20,570/- രൂപ

3. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ്ഡ് ചെയ്തത് എം.എൽ.ടി.എ.ജിയുടെ കൺവീനർ എന്ന നിലയിലുള്ള സീലോടുകൂടി അംഗീകാരം രേഖപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം കണക്കാക്കിയത് 4,80,072/- രൂപയാണ്. ഫൈനൽ ബില്ലിൽ 4,89,429/- കണക്കാക്കിയത് പ്രകാരം പല ഇനം പ്രവൃത്തികളിലും അധികം തുക അനുവദിച്ചതു വഴി കരാറുകാരൻ 9,357/- രൂപ അധികം കൈപ്പറ്റിയതായി കാണുന്നു. ആയതിന് വിശദീകരണം നൽകിയിട്ടില്ലാത്തതിനാൽ ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

3-22. **എഗ്രിമെന്റ് കാലാവധിക്കുശേഷം പ്രവൃത്തി പൂർത്തിയാക്കിയതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല - വരവിനത്തിൽ നഷ്ടം**

പി.എം വാർഡിൽ കുനിയിൽ പാലം അലവിയുടെ വീട് മുതൽ കെ.വി. പാലം വരെ പടന്നത്തോടിന് പാർശ്വഭിത്തികെട്ടൽ തനത് ഫണ്ട്.

ഫയൽ നം. : ഇ1/2757/07 അടങ്കൽ --11,90,000/- രൂപ

കരാറുകാരൻ : ശ്രീ. എം. മോഹനൻ (എസ്റ്റിമേറ്റ് നിരക്ക്)

ചെലവ് തുക : 8,44,806/- രൂപ പി.എ.സി. 11,69,512/- രൂപ

കാലാവധി : 4 മാസം 16.11.2009 മുതൽ

എഗ്രിമെന്റ് നമ്പർ : 120/2009-10

വൗച്ചർ നം. : 342/08.06.10

മേൽ പ്രവൃത്തിക്ക് കരാറുകാരനായ ശ്രീ. എം. മോഹനന് 07.10.2009 ലെ ടെണ്ടർ പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി നടത്തുവാൻ സി.ആർ.35/12.11.09 തീരുമാന പ്രകാരം അംഗീകാരം നൽകി. മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ 05.11.2009 ന് നം.120/09-10 എഗ്രിമെന്റ് വെച്ച് 16.11.2009 ൽ തുടങ്ങിയ പ്രവൃത്തി 13.04.2010 നാണ് പൂർത്തിയാക്കിയിട്ടുള്ളത് എന്ന് കാണുന്നു. നിശ്ചിത കാലാവധിയായ 16.03.2010 നകം പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് സാധിച്ചിട്ടില്ല. കൂടാതെ കാലാവധി നീണ്ടുപോയതിന് കാരണം വ്യക്തമാക്കി അപേക്ഷ നൽകുകയോ ദീർഘിപ്പിച്ച കാലാവധിക്ക് എഞ്ചിനീയറിംഗ് വിഭാഗം അനുമതി നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ കരാറുകാരന് 20% ഗ്രോസ് പിരിയഡിന്റെ ആനുകൂല്യം ലഭിക്കാൻ അർഹതയില്ലാത്തതിനാൽ ഒരു മാസം താമസിച്ച് പണി പൂർത്തിയാക്കിയതിന് ടിയാന്റെ ഫൈനൽ ബില്ലിൽ നിന്നും ജി.ഒ.(പി) 84/97 പി. ഡബ്ല്യു. ആന്റ് ടി 19.08.97 ഗവ. ഉത്തരവനുസരിച്ച് 1% നിരക്കിൽ (ആദ്യത്തെ മൂന്ന് മാസത്തേക്ക്) പിഴ ഈടാക്കേണ്ടതായിരുന്നു. ഇത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വീഴ്ചയാണ്. ആയതിനാൽ

പ്രസ്തുത കരാറുകാരനിൽ നിന്ന് പി.എ.സി തുകയായ 11,69,512/- രൂപയുടെ 1% 11,695/- രൂപയുടെ 1/3 = 3,898/- രൂപ നഗരസഭാ ഫണ്ടിലേക്ക് വരവാക്കേണ്ടതുണ്ട്. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ എന്ന നിലയിൽ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്ന് തുക ഈടാക്കേണ്ടതാണ്.

3-23. മുനിസിപ്പൽ സ്റ്റാഫ് ക്വാർട്ടേഴ്സ് സെപ്റ്റിക് ടാങ്ക് നിർമ്മാണം വിശദമായ കാഴ്ചപ്പാട് ഇല്ലാതെ പ്രോജക്ട് തയ്യാറാക്കി - നഗരസഭയ്ക്ക് അധിക ചെലവ്

ഫയൽ നം. : ഇ1-2120/08

വൗച്ചർ നം. : 343/08.08.10, നെറ്റ് തുക 2,07,012/- രൂപ

കരാറുകാരൻ : ശ്രീ. കെ.കെ.രവീന്ദ്രൻ (എസ്റ്റിമേറ്റ് നിരക്ക്)

അടങ്കൽ : 2,00,000/- രൂപ (തനത് ഫണ്ട്) പി.എ.സി. തുക 1,56,579/- രൂപ

എഗ്രിമെന്റ് നം. : 55/09-10 തീയതി : 23.06.2009

എം. ബുക്ക് നം. : 97/09-10

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ വിവരിക്കും പ്രകാരമുള്ള അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന് 02.01.12 ന് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് 3/10-11 ന് വ്യക്തമായ മറുപടി നൽകിയിട്ടില്ല.

1. 2008-09 സാമ്പത്തിക വർഷത്തിൽ 01.04.08ലെ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക 1,60,000/- രൂപയാണ്. പ്രസ്തുത പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ ഒരേയൊരു കരാറുകാരനായ ശ്രീ. കെ. കെ. രവീന്ദ്രൻ സമർപ്പിച്ച എസ്റ്റിമേറ്റ് നിരക്ക് സി.ആർ നം. 65/05.03.09 ന് അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 17.03.09 ലെ ഇ1-2120/08 നം. നോട്ടീസ് പ്രകാരം 7 ദിവസത്തിനകം എഗ്രിമെന്റ് വെക്കാൻ ടിയാന് നിർദ്ദേശം നൽകിയെങ്കിലും 23.06.09 നാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്.
2. സെലക്ഷൻ നോട്ടീസ് ലഭിച്ച് 20 ദിവസത്തിനകം കരാർ ഉടമ്പടി വെക്കാത്തതിന് കരാർ തുകയുടെ 1% ഫൈൻ ചുമത്തി 10 ദിവസം കൂടി അനുവദിക്കുകയോ അല്ലാത്തപക്ഷം ദർഘാസ് നിരസിച്ച് മറ്റ് ഏജൻസിക്ക് നൽകി ചെലവ് തുക കരാറുകാരനിൽ നിന്ന് ഈടാക്കുകയോ ചെയ്യണമെന്ന ജി.ഒ.(പി) 84/97 പി ഡബ്ല്യു ആന്റ് ടി തീയതി 19.08.97 വ്യവസ്ഥ പാലിച്ചിട്ടില്ല. ആയതിനാൽ ഫൈൻ തുകയായി 1566/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്.
3. 2009-10 ൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം 2,20,857/- രൂപ കണക്കാക്കിയതിന് 18.05.2010 ൽ മുനിസിപ്പൽ എഞ്ചിനീയർ സാങ്കേതികാനുമതി നൽകി കാണുന്നു. ടി തുക 2010-11 വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ച 2,00,000/- രൂപ അടങ്കൽ തുകയേക്കാൾ 20,857/- രൂപ അധികമാണ്. അധികം ചെലവ് വന്ന തുകയ്ക്ക് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിന് മുമ്പായി ബഹു. ചെയർമാൻ മുൻകൂർ അനുവാദം നൽകാൻ മാത്രം അടിയന്തിര സ്വഭാവം പ്രവൃത്തിയിൽ കാണുന്നില്ല.

4. 24.08.2009ന് സൈറ്റ് കൈമാറികിട്ടി പ്രവൃത്തി ആരംഭിച്ച കരാറുകാരൻ 06.04.2010 ന് പ്രവൃത്തി പൂർത്തീകരിച്ചു എന്ന് ഫയലിൽ കാണുന്നു. 23.06.09 ലെ കരാറുകാരന്റെ എഗ്രിമെന്റ് പേജ് (2) പാര (3)ൽ പൂർത്തീകരണ കാലാവധി ഏത് തീയതി എന്ന് വ്യക്തമാക്കാത്തതിൽ ദുരൂഹതയുണ്ട്. കാലാവധി നീണ്ടുപോയതാണെങ്കിൽ അതിനുള്ള കാരണ സഹിതം കരാറുകാരൻ അപേക്ഷ നൽകുകയോ എഞ്ചിനീയറിംഗ് വിഭാഗം കാലാവധി നീട്ടികൊടുക്കുകയോ ചെയ്തിട്ടില്ല.

5. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തികളായ മ്ലോസ്റ്റ് സ്ഥാപിക്കൽ, ഫുട്പാത്ത് നിർമ്മാണം എന്നീ പ്രവൃത്തികൾ (എക്ട്രാ ഐറ്റം 1 മുതൽ 7 വരെ) ചെയ്യാൻ ഇട വന്നത് എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിശദമായ കാഴ്ച പ്പാട് ഇല്ലാത്തതിനാലാണ്. ഇതുമൂലം നഗരസഭക്ക് എസ്റ്റിമേറ്റിൽ കവിഞ്ഞ് അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയ 2,20,857/- രൂപയിൽ നികുതികളും മറ്റ് ഒടുക്കലുകളും കഴിച്ച് 2,07,012/- രൂപ കരാറുകാരൻ വൗച്ചർ നം. 343/08.06.10 ന് കൈപ്പറ്റിയിട്ടുണ്ട്. കരാറുകാരന്റെ വീഴ്ചമൂലം പ്രവൃത്തി ദീർഘിപ്പിച്ചതിന് നിയമാനുസൃതമായ നിരക്കിൽ ഫൈൻ കണക്കാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3-24. **<u>അനധികൃതമായി കരാറുകാരന് സമയപരിധി നീട്ടി കൊടുത്തത് കാനത്തൂർ നോർത്ത് വാർഡ് - പോസ്റ്റാഫീസ് റോഡിൽ നിന്നും ഗോഖലെ റോഡിലേക്ക് പോകുന്ന റോഡ് റീ ടാറിംഗ്</u>**

ഫയൽ നം.	:	ഇ1-17767/08
എസ്റ്റിമേറ്റ്	:	3,28,000/- രൂപ
കരാറുകാരൻ	:	ശ്രീ. വി.രവീന്ദ്രൻ
എഗ്രിമെന്റ് നം.	:	105/09-10
കരാർ തീയതി	:	08.10.09 (എഗ്രിമെന്റിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല)
പൂർത്തിയാക്കുന്ന തീയതി	:	കരാർ തീയതി മുതൽ 2 ആഴ്ച
പി.എ.സി. തുക	:	3,23,783/- രൂപ
എം. ബുക്ക് നം.	:	100/09-10
വൗച്ചർ നം.	:	295/03.06.10 1,83,492/- രൂപ I[st] ആന്റ് ഫൈനൽ ബില്ല്

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെ വിവരിക്കും പ്രകാരമുള്ള അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. 3,28,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകിയിരിക്കുന്നത് മുനിസിപ്പൽ എഞ്ചിനീയർ MLTAG യുടെ ഔദ്യോഗിക സീൽ പതിക്കാതെയാണ്.

2. 16.03.09 ന് കരാറുകാരന്റെ ടെണ്ടർ, എസ്റ്റിമേറ്റ് നിരക്കിൽ അനുവദിച്ചത് പ്രകാരം ഇ1-17767/08 നോട്ടീസിൽ 7 ദിവസത്തിനകം ജാമ്യ തുക ഡെപ്പോസിറ്റ് ചെയ്ത് എഗ്രിമെന്റ് വെക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും 08.10.09 ന് എഗ്രിമെന്റ് വെച്ചതായിട്ടാണ് ഫയലിൽ കാണിച്ചിട്ടുള്ളത്. (എഗ്രിമെന്റിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല) ജി.ഒ(പി)84/97

പി.ഡബ്ല്യു ആന്റ് ടി തീയതി 19.08.97 പ്രകാരം പ്രസ്തുത നോട്ടീസ് കൈപ്പറ്റി 20 ദിവസത്തിനകം കരാർ തുകയുടെ 5% വരുന്ന തുക ജാമ്യനിക്ഷേപമായി വെക്കാതിരിക്കുകയും ആയതിന് കരാർ തുകയുടെ 1% വരുന്ന തുക പിഴ ചുമത്തുകയും ചെയ്യാതെ 08.10.09 ന് എഗ്രിമെന്റ് വെക്കാൻ അനുവദിച്ചത് മൂലം 3,238/- രൂപ നഗരസഭാ ഫണ്ടിൽ ഫൈൻ വരവിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. ജാമ്യത്തുക നിക്ഷേപം നടത്തേണ്ടുന്ന 20 ദിവസത്തിനു ശേഷം ദർഘാസ് നിരസിച്ച് മറ്റ് ഏജൻസികൾക്ക് പ്രവൃത്തി നടത്താനുള്ള നടപടി സ്വീകരിച്ച് ചെലവ് തുക കരാറുകാരനിൽ നിന്ന് ഈടാക്കാതിരുന്നത് കരാറുകാരനെ സഹായിക്കാനാണ് എന്ന് വ്യക്തമാണ്. പിഴയിനത്തിൽ നഷ്ടം വന്ന 3,238 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

3. മേൽ പ്രവൃത്തിക്ക് 09.10.09 ന് സൈറ്റ് കൈമാറി പൂർത്തീകരണ കാലാവധി നൽകിയിട്ടുള്ളത് 2 ആഴ്ചയാണ്. ഇതനുസരിച്ച് 23.10.09 നകം പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ തീയതി സൂചിപ്പിക്കാതെ കരാറുകാരൻ നൽകിയ അപേക്ഷ പരിഗണിച്ച് 20.05.2010 വരെ അനധികൃതമായി കാലാവധി നീട്ടിക്കൊടുത്ത എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ തീരുമാനം ക്രമവിരുദ്ധമാണ്. ആയതിനാൽ കാലാവധി തീയതി മുതൽ ഫൈനൽ ബില്ല് സമർപ്പിച്ച 11.05.10 വരെയുള്ള കാലത്തേക്ക് നിയമാനുസൃതമായ ഫൈൻ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

23.10.09 മുതൽ അടുത്ത 3 മാസം പി എ സി തുകയുടെ 1% 23.01.2010 വരെ : 3,238/- രൂപ

23.01.2010 മുതൽ 23.04.10 വരെ അടുത്ത 3 മാസം 2% നിരക്കിൽ : 6,476/- രൂപ

23.04.10 മുതൽ 11.05.10 വരെ 2% 18 ദിവസത്തേക്ക് 6476/90 × 18 : 1,295/- രൂപ

ആകെ : 11,009/- രൂപ

==========

4. അംഗീകരിച്ച എസ്റ്റ്മേറ്റിൽ നിന്നും 28,136/- രൂപ ചെലവ് അധികം വന്ന പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ്, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവയ്ക്ക് MLTAG യുടെ കൺവീനറുടെ ഔദ്യോഗിക സീലോടുകൂടി അംഗീകാരം നൽകാതെ മുനിസിപ്പൽ എഞ്ചിനീയർ ഒപ്പ് വെച്ചത് യുക്തമായ നടപടിയല്ല.

5. ആകെ 3,56,136/- രൂപ ചെലവ് വന്ന പ്രവൃത്തിക്ക് 29 ബാരൽ ടാറ് നൽകിയതിന്റെ വിലയും കൺവെയൻസും മറ്റു കിഴിവുകളും ടാക്സുകളും ഒടുക്കുകളും കഴിച്ച് 1,83,492/-രൂപ വൗച്ചർ നം. 295/03.06.10 ന് കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. ഫൈൻ തുകകൾ (3,238+11,009 = 14,247/- രൂപ) കരാറുകാരനിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3-25. വ്യക്തമായ കാരണങ്ങളില്ലാതെയും മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളില്ലാതെയും -കരാറുകാരന്റെ വീഴ്ചമൂലമുള്ള കാലതാമസത്തിന് -കാലാവധി ദീർഘിപ്പിച്ചു നൽകി -ഫൈൻ ഇനത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടം

ആർട്ടിലറി റോഡ് മുതൽ കന്റോൺമെന്റ് റോഡ് വരെയും -ബ്രാഞ്ച് റോഡ് കായ്യത്ത് റോഡ് റീ ടാറിംഗ് - ആർട്ടിലറി റോഡ് മുതൽ കാനത്തൂർ തെക്ക് വരെ ഫുട്പാത്ത് നിർമ്മാണം കെ. ആർ.എസ്.വാർഡ്

ഫയൽ നം.	:	ഇ1-16739/08
എസ്റ്റിമേറ്റ്	:	6,25,000/- രൂപ
കരാറുകാരൻ	:	ശ്രീ. വി. രവീന്ദ്രൻ (എസ്റ്റിമേറ്റ് നിരക്ക്)
പി.എ.സി. തുക	:	6,20,551/- രൂപ
എഗ്രിമെന്റ് നം.	:	104/09-10
അനുവദിച്ച താർ	:	42 ബാരൽ
കാലാവധി	:	10.01.10 മുതൽ 1 മാസം
പൂർത്തീകരണ തീയതി	:	15.03.10
ബിൽ തുക	:	5,97,698 - കിഴിവുകൾ 2,49,205 = 3,48,493/- രൂപ
എം. ബുക്ക് നം.	:	(12/09-10, 93/09-10)

മെഷർ ചെയ്ത ഉദ്യോഗസ്ഥൻ: ശ്രീമതി എസ്. രശ്മി, അസി. എഞ്ചിനീയർ, 03.04.10

ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥൻ : ശ്രീമതി. നീത കാമ്പിൽ, അസി. എക്സി. എഞ്ചിനീയർ, 04.05.10

പേയ്മെന്റ് ഓർഡർ നൽകിയത് : ശ്രീ. കെ.ടി പ്രദീപ് കുമാർ, മുനിസിപ്പൽ എഞ്ചിനീയർ, 04.05.10

ബിൽ തുക	:	3,48,493/-
വൗച്ചർ നം.	:	161/06.05.10

മേൽ സൂചിപ്പിച്ച റോഡ് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾക്ക് 23.1.12 ന് നൽകിയ ഒ.എസ്.നം.7/2010-11 ന് മറുപടി നൽകിയിട്ടില്ല.

1. എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 10.09.09 ലെ ഇ1/16709/08 നോട്ടീസ് പ്രകാരം 08.10.09 ന് എഗ്രിമെന്റ് വെച്ചു എന്ന് ഓഡിറ്റ് സ്ലിപ്പിൽ കാണിച്ചിട്ടുണ്ടെങ്കിലും എഗ്രിമെന്റിലോ സൈറ്റ് കൈമാറികിട്ടിയ രേഖയിലോ തീയ്യതി എത്രയെന്ന് എഴുതിയിട്ടില്ല. കൂടാതെ എഗ്രിമെന്റ് വ്യവസ്ഥയിൽ പ്രവൃത്തി പൂർത്തിയാക്കുന്ന തീയ്യതി ഏതാണെന്നും എഴുതിയിട്ടില്ല.
2. 10.01.10 ന് പ്രവൃത്തി ആരംഭിച്ച് 15.03.10 ന് പൂർത്തിയാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അനുവദിച്ച കാലാവധി 1 മാസം ആണെന്നും പ്രസ്തുത തീയ്യതിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലെന്നും സെക്ഷനിൽ നിന്ന് നോട്ട് എഴുതിയത് അവഗണിച്ച് ബിൽ തുക നൽകുവാൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും മുനിസിപ്പൽ എഞ്ചിനീയറും ഉത്തരവായത് കരാറുകാരനെ സഹായിക്കാനാണെന്ന് വെളിവാക്കുന്നുണ്ട്.

3. മേൽ പ്രവൃത്തി പൂർത്തിയാക്കുവാൻ വിദഗ്ദ തൊഴിലാളികളെ കിട്ടുവാൻ താമസിച്ച തിനാൽ 20.03.10 വരെ കാലാവധി നീട്ടികിട്ടുവാൻ കരാറുകാരൻ തീയതി കാണി ക്കാതെ എഴുതിയ അപേക്ഷയിന്മേൽ 40 ദിവസം കാലാവധി നീട്ടി നൽകിയത് എഞ്ചി നീയറിംഗ് വിഭാഗത്തിന്റെ ഭാഗത്തു നിന്നുള്ള ക്രമക്കേടാണ്. കരാറുകാരന്റെ വീഴ്ച മൂലമുണ്ടാകുന്ന കാലതാമസത്തിന് കാലാവധി നീട്ടിക്കൊടുക്കുവാൻ വ്യവസ്ഥയില്ല. നടപടി പുന:പരിശോധിക്കേണ്ടതുണ്ട്.

4. 15.03.10 ന് പൂർത്തിയാക്കിയ പ്രവൃത്തിക്ക് 28.04.10 തീയ്യതിയിൽ സപ്ലിമെന്ററി എഗ്രി മെന്റ് വെച്ചതിന്റെ ഔചിത്യം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

5. മേൽ സൂചിപ്പിച്ച ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ 08.10.09 എഗ്രിമെന്റ് വെച്ചതിന് ശേഷം പ്രവൃത്തി ഇനങ്ങൾ 10.01.10 വരെ താമസിച്ചതിന് പി എ സി തുകയുടെ 1% നിരക്കിൽ ഫൈൻ 6,206/- രൂപയും, അനധികൃതമായി പ്രവൃത്തിയുടെ കാലാവധി 10.01.10 മുതൽ 1 മാസത്തിനുശേഷം 15.03.10 വരെ ദീർഘിപ്പിച്ചതിന് (33 ദിവസത്തേ ക്ക്) പി.എ.സി. തുകയുടെ 1%, 6206/90 × 33 = 2,275/- രൂപയും അടക്കം (6,206 + 2,275) = 8,481/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ വരവ് വെച്ചിട്ടില്ല. ആയതിനാൽ നഷ്ടോത്തരവാദി എന്ന നിലയിൽ നിർവ്വഹണ ഉദ്യോഗ സ്ഥനായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്ന് തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-26. **<u>നിശ്ചിത കാലാവധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാത്തതും സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതും - ഫൈൻ ഈടാക്കിയില്ല - നഗരസഭാ ഫണ്ടിന് നഷ്ടം</u>**

<u>കണ്ണോത്തുംചാൽ വാർഡ് എസ്.എൻ നഴ്സറി സ്കൂൾ റോഡ് വീതി കൂട്ടി റീ ടാറിംഗ്</u>

ഫയൽ നം.	:	ഇ1-19359/08
എസ്റ്റിമേറ്റ്	:	1,70,000/- രൂപ
കരാറുകാരൻ	:	ശ്രീ. കെ. കെ രവീന്ദ്രൻ (എസ്റ്റിമേറ്റ് നിരക്ക്)
പി.എ.സി. തുക	:	1,66,032/- രൂപ
എഗ്രിമെന്റ് നം.	:	92/09-10, തീയതി 08.10.09
കാലാവധി	:	എഗ്രിമെന്റ് തീയതി മുതൽ 1 മാസം
സൈറ്റ് കൈമാറിയത്	:	23.12.09
ഫൈനൽ ബില്ല് സമർപ്പിച്ചത്	:	25.03.2010
വൗച്ചർ നം	:	233/19.05.10
എം. ബുക്ക് നം.	:	85/09-10 (ലഭ്യമാക്കിയിട്ടില്ല)

ഫൈനൽ ബിൽ മെഷർ ചെയ്തത് : ശ്രീ. ടി.രമേശൻ, അസി. എഞ്ചിനീയർ (ഇൻചാർജ്), 26.03.2010

ചെക്ക് മെഷർ ചെയ്തത് : ശ്രീമതി. നീത കാമ്പിൽ, അസി. എക്സി. എഞ്ചിനീയർ, 10.05.2010

തുക അനുവദിക്കാൻ അനുമതി നൽകിയത്: ശ്രീ. കെ.ടി പ്രദീപ് കുമാർ, മുനിസിപ്പൽ എഞ്ചിനീയർ, 04.06.10

മേൽ പ്രവൃത്തിയുടെ Ist ആന്റ് ഫൈനൽ ബില്ലും മറ്റ് രേഖകളും പരിശോധിച്ചതിൽ താഴെ പറയും പ്രകാരമുള്ള അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. സി.ആർ 69/24.04.09 പ്രകാരം എസ്റ്റിമേറ്റ് നിരക്കിലുള്ള കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് 14.05.09 ന് അയച്ച നോട്ടീസിൽ ജാമ്യത്തുക കെട്ടിവെച്ച് 7 ദിവസത്തിനകം കരാർ വെക്കണമെന്ന് അറിയിച്ചിരുന്നു. എന്നാൽ കരാറുകാരൻ 08.10.2009 നാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. 08.10.09 തീയതി മുതൽ ഒരു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സൈറ്റ് ഏറ്റെടുക്കണമെന്ന് ഇതേ തീയ്യതിക്ക് മറ്റൊരു നോട്ടീസും അയച്ചിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ച നോട്ടീസ് ലഭിച്ച് 20 ദിവസത്തിനകം കരാർ ഉടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ചുമത്തി 20 ദിവസത്തിന്ന് ശേഷം കരാർ റദ്ദാക്കി ചെലവ് കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുമായിരുന്നു(ജി.ഒ(പി)84/97/പി.ഡബ്ല്യു ആന്റ് ടി/തീയതി 19.08.97). ഇതുമൂലം പി.എ.സി തുകയുടെ 1% 1,660/- രൂപ ഫൈൻ ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ട്.
2. 08.10.09 ന് എഗ്രിമെന്റ് വെച്ച കരാറുകാരന് 23.12.09 വരെ സൈറ്റ് കൈമാറാതിരുന്നത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അനാസ്ഥയാണ്.
3. സൈറ്റ് കൈമാറി കിട്ടിയ തീയതി മുതൽ 1 മാസം കാലാവധി 23.01.10 ന് അവസാനിച്ചതിന് ശേഷമുള്ള ഫൈനൽ ബിൽ തീയതിയായ 25.03.10 വരെയുള്ള 62 ദിവസത്തേക്ക് പി.എ.സി തുകയുടെ 1% നിരക്കിൽ ഫൈൻ തുക 1,660/90 × 62 = 1,144/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കാത്തത് നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയിട്ടുണ്ട്.
4. കരാറുകാരന് അസുഖം കാരണം എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ല എന്ന തീയതി വെക്കാത്ത അപേക്ഷയിന്മേൽ 3 മാസത്തേക്ക് 30.04.10 വരെ കാലാവധി നീട്ടി നൽകിയത് ശരിയല്ല. കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയ്ക്ക് കാലാവധി നീട്ടിനൽകുവാൻ വ്യവസ്ഥയില്ല.
5. ഫൈനൽ ബില്ല് സമർപ്പിച്ച 25.03.10 ന് ശേഷം 29.04.10 ന് 100/- രൂപയുടെ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് 30.04.2010 വരെ കാലാവധി നീട്ടി നൽകിയതിന്റെ ഔചിത്യം ഓഡിറ്റിന് ബോധ്യമായിട്ടില്ല. പ്രസ്തുത എഗ്രിമെന്റിൽ നഗരസഭാ സെക്രട്ടറി ഒപ്പ് വെച്ചിട്ടുമില്ല. 1,39,137/- രൂപ ആകെ പ്രവൃത്തി മൂല്യം കാണിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ്, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവയിലും 1,70,000/- രൂപയുടെ പഴയ എസ്റ്റിമേറ്റിലും എം.എൽ.ടി.എ.ജി യുടെ കൺവീനറുടെ ഔദ്യോഗിക സീലോട് കൂടി ടി എ ജി കൺവീനർ ഒപ്പ് വെച്ചിട്ടില്ല എന്ന കാര്യത്തിലും വിശദീകരണം നൽകേണ്ടതാണ്.

മേൽ പ്രവൃത്തിക്ക് 18 ബാരൽ ടാർ അനുവദിച്ചതിൽ 15 ബാരൽ ഉപയോഗിച്ച് 3 ബാരൽ മടക്കി നൽകിയത് നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ആകെ ചെലവ് തുകയായ 1,39,137/- രൂപയിൽ ടാക്സുകളും വിഹിതങ്ങളും, മറ്റ് ഒടുക്കലുകളും, ടാറിന്റെ വിലയും ടാക്സുകളും, കൺവെയൻസും കഴിച്ച് 54,794/- രൂപ കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഒ.എസ്.നം.8/2010-11 തീ. 31.01.2012 ന് തൃപ്തികരമായ മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കിയിട്ടില്ല. ആയതിനാൽ നഷ്ടപ്പെട്ട തുകയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ ബാദ്ധ്യസ്ഥനാണ്.

3-27. കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വന്ന പ്രവൃത്തിക്ക് കാലാവധി നീട്ടി നൽകി - ഫൈൻ ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം-

നേതാജി റോഡ് റീ ടാറിംഗ്

ഫയൽ നം.	:	ഇ1-224/09
കരാറുകാരൻ	:	ശ്രീ. ടി. ആമു
എസ്റ്റിമേറ്റ്	:	2,10,000/- രൂപ
പി.എ.സി. തുക	:	2,07,982/- രൂപ
എഗ്രിമെന്റ് നം.	:	22/09-10 തീയതി : 29.05.2009
കാലാവധി	:	കരാർ തീയതി മുതൽ 1 മാസം
പൂർത്തീകരിച്ചത്	:	03.05.2010
എം. ബുക്ക് നം.	:	35/09-10 (ലഭ്യമാക്കിയിട്ടില്ല)
വൗച്ചർ നം.	:	433/02.07.2010, 91,797/- രൂപ

എസ്റ്റിമേറ്റ് നിരക്കിൽ മേൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ എഗ്രിമെന്റ് പ്രകാരം 1 മാസം കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. ടിയാന് സൈറ്റ് കൈമാറി കിട്ടിയ 08.06.2009 മുതൽ 1 മാസം കാലാവധിയായ 7.7.2009 ന് പ്രവൃത്തി പൂർത്തീകരിച്ചു കാണുന്നില്ല. പ്രവൃത്തി ചെയ്യുവാൻ തൊഴിലാളികളെ ലഭിച്ചില്ല എന്ന കാരണത്താൽ പ്രവൃത്തി നടത്താതിരിക്കുകയും ആയതിന്ന് കാലാവധി നീട്ടി നൽകുകയും ചെയ്ത് കരാറുകാരനെ സഹായിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ തീരുമാനം അഭിലഷണീയമല്ല. 30.01.2010 ന് തുടങ്ങി 03.05.10 ന് പൂർത്തിയാക്കിയ പ്രവൃത്തിയുടെ ആകെ മൂല്യം കണക്കാക്കിയത് 2,05,506/- രൂപയിൽ ടാക്സുകളും വിഹിതങ്ങളും മറ്റ് കുറവുകളും അനുവദിച്ച 20 ബാരൽ ടാറിന്റെ വിലയും, കൺവയൻസും കഴിച്ച് (1,13,709/- രൂപ) 91,797/- രൂപ കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ അനുവദനീയമായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ജി.ഒ(പി)84/97 പി.ഡബ്ല്യു ആന്റ് ടി 19/897 ഉത്തരവനുസരിച്ച് എഗ്രിമെന്റ് കാലാവധിയായ 07.07.2009 മുതൽ 03.05.2010 വരെയുള്ള കാലത്തേക്ക് നിശ്ചിത നിരക്കിൽ ഫൈൻ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം എഞ്ചിനീയറിംഗ് വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നഷ്ടോത്തരവാദികളാകുന്നതാണ് എന്ന് കാണിച്ച് 15.02.2012 ന് നൽകിയ ഒ.എസ്.നം 9/2010-11 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച 03.05.10 ന് ശേഷം 09.06.10 ന് വാങ്ങിയ 100/- രൂപയുടെ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കി കരാറുകാരൻ മാത്രം ഒപ്പ് വെച്ച് ഫയലിൽ സൂക്ഷിച്ചതിന്റെ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാക്കേണ്ടതാണ്. ഫൈൻ ഈടാക്കേണ്ടതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

എസ്.നം.8/2010-11 തീ.
യിട്ടില്ല. ആയതിനാൽ
എഞ്ചിനീയർ ബാദ്ധ്യ

കാലാവധി നീട്ടി

മു
പ
ുപ
തീയതി : 29.05.2009
തി മുതൽ 1 മാസം

ഭൃമാക്കിയിട്ടില്ല)
10, 91,797/- രൂപ

ൻ എഗ്രിമെന്റ് പ്രകാരം
യാന് സൈറ്റ് കൈമാറി
ൃത്തി പൂർത്തീകരിച്ചു
എന്ന കാരണത്താൽ
കയും ചെയ്ത് കരാറു
വിഭാഗത്തിന്റെ തീരു
ാക്കിയ പ്രവൃത്തിയുടെ
ഹിതങ്ങളും മറ്റ് കുറവു
കഴിച്ച് (1,13,709/- രൂപ)
നീയമായ കാരണങ്ങളി
ി ഓഡിറ്റിൽ അംഗീകരി
ഉത്തരവനുസരിച്ച് എഗ്രി
ലത്തേക്ക് നിശ്ചിത നിര
ാത്തപക്ഷം എഞ്ചിനീയ
ികളാകുന്നതാണ് എന്ന്
ൃമാക്കിയിട്ടില്ല. പ്രവൃത്തി
പയുടെ മുദ്ര പത്രത്തിൽ
ച്ച് ഫയലിൽ സൂക്ഷിച്ച
ാടാക്കേണ്ടതിന്റെ വിവരം

എഗ്രിമെന്റ് പ്രകാരം അവസാന തീയതി 07.07.2009 മുതൽ 3 മാസം
1% നിരക്കിൽ (പി.എസി. തുകയുടേത്) 06.10.2009 വരെ : 2,080/- രൂപ
തുടർന്നുള്ള മൂന്നു മാസങ്ങൾക്ക്
07.10.2009 മുതൽ 06.01.2010 വരെ 2% നിരക്കിൽ : 4,160/ രൂപ
07.01.2010 മുതൽ 06.04.2010 വരെ 2% നിരക്കിൽ : 4,160/- രൂപ
07.04.2010 മുതൽ 03.05.2010 വരെ 27 ദിവസത്തേക്ക് (4160 × 27/90) : 1,248/- രൂപ
ആകെ : 11,648/- രൂപ

പ്രവൃത്തി മെഷർ ചെയ്തത് : ശ്രീമതി.എസ്. രശ്മി, അസി. എഞ്ചിനീയർ (ഇൻചാർജ്), 24.05.2010
ചെക്ക് മെഷർ ചെയ്തത് : ശ്രീമതി. നീത കാമ്പിൽ, അസി. എക്സി. എഞ്ചിനീയർ, 26.05.2010

തുക അനുവദിക്കാൻ അനുമതി നൽകിയത്: ശ്രീ. കെ.ടി പ്രദീപ് കുമാർ, മുനിസിപ്പൽ എഞ്ചിനീയർ, 10.06.2010.

ഫൈൻ ഇനത്തിൽ കരാറുകാരനിൽ നിന്ന് തുക ഈടാക്കാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്ന് തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

3-28. **കമ്പ്യൂട്ടറൈസേഷനു വേണ്ടി മുനിസിപ്പൽ ഓഫീസ് ഇലക്ട്രിഫിക്കേഷൻ/ നെറ്റ്വർക്ക് പ്രവൃത്തികൾ (തനത് ഫണ്ട്) ഗുരുതരമായ ക്രമക്കേടുകൾ ചെലവ് തുക നിരാകരിക്കുന്നു.**

മേൽ പ്രവൃത്തിയുടെ ഫയൽ നം. : ഇ1-3261/10
എഗ്രിമെന്റ് : 16/10-11 തീയതി 18.05.2010
എസ്റ്റിമേറ്റ് : 2,50,000/- രൂപ പി.എ.സി. തുക 2,46,827/- രൂപ
പ്രവൃത്തി ആരംഭിച്ചത് : 18.05.2010
കാലാവധി : 1 മാസം
റിവൈസ്ഡ് എസ്റ്റ്മേറ്റ് : 3,50,000/- രൂപ
കരാറുകാരൻ : ശ്രീ. വി.പി.ശിവദാസൻ
പാർട്ട് ബിൽ തുക : 1,62,085/- രൂപ
ബിൽ മെഷർ ചെയ്തത് : ശ്രീ. ടി. രമേശൻ, അസി. എഞ്ചിനീയർ 25.05.2010
ചെക്ക് മെഷർ ചെയ്തത് : ശ്രീമതി. നിത കാമ്പിൽ, അസി.എക്സി. എഞ്ചിനീയർ, 25.05.10

പേയ്മെന്റ് ഓർഡർ നൽകിയത് : ശ്രീ.കെ.ടി. പ്രദീപ് കുമാർ, മുനിസിപ്പൽ എഞ്ചിനീയർ, 24.01.11

എം.ബുക്ക് : 101/09-10

കണ്ണൂർ നഗരസഭയുടെ 01.03.2010 ലെ സി.ആർ 60-ാം നമ്പർ തീരുമാനപ്രകാരം 2,50,000/- രൂപയുടെ എസ്റ്റിമേറ്റ് തുകയുള്ള മേൽ പ്രവൃത്തിക്ക് കരാറുകാരനായ ശ്രീ. വി.പി. ശിവദാസന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് 18.05.2010 ൽ സൈറ്റ് കൈമാറി യിട്ടുണ്ട്. ടിയാന്റെ എഗ്രിമെന്റ് കാലാവധിയായ ഒരു മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തി

യാക്കി ഫൈനൽ ബില്ല് സമർപ്പിച്ചിട്ടില്ല. 03.06.2010 ൽ ഒന്നാം പാർട്ട് ബില്ലിൽ ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയ 1,93,580/- രൂപയിൽ നികുതികളും മറ്റ് ഒടുക്കലുകളും റീ ടെൻഷനും കഴിച്ച് വൗച്ചർ നം. 303/03.06.2010 പ്രകാരം 1,62,085/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ഫയൽ മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൽ **ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയത് ചുവടെ കൊടുക്കുന്നു.**

1. മേൽ പ്രവൃത്തി ഇൻഫർമേഷൻ കേരള മിഷന്റെ നിർദ്ദേശമനുസരിച്ച് ചെയ്യേണ്ടതും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുമാണ് എന്ന് ഫയലിൽ കാണുന്നു. എന്നാൽ 2,50,000/- രൂപ ചെലവ് വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് ഇലക്ട്രിക്കൽ പ്രവൃത്തികളുടെ (പി ഡബ്ല്യൂ.ഡി കോഡ് പാര 235 മുതൽ 243 വരെ കാണുക) ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചാണ്. ഇത് ഓഫീസിൽ ലഭ്യമല്ല എന്നും കാൽക്കുലേഷൻ മാത്രം പരിശോധിച്ച് എസ്റ്റിമേറ്റിന് അംഗീകാരം നൽകാമെന്ന് മുനിസിപ്പൽ എഞ്ചിനീയർ ശുപാർശ ചെയ്തതും ജി.ഒ.(എം.എസ്) 249/07 ത.സ്വ.ഭ.വ) തീയതി തിരുവനന്തപുരം 01.11.2007 മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ ഖണ്ഡിക 3 (IV) ൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ടി.എ.ജിയുടെ സാങ്കേതികാനുമതി സംബന്ധിച്ച ചുമതല നിറവേറ്റുന്നതിന്ന് മേഖലാ സബ്ഗ്രൂപ്പുകൾ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. സാങ്കേതിക പരിശോധന നടത്തിയ സബ് ഗ്രൂപ്പ് കൺവീനർ എസ്റ്റിമേറ്റിന്റെ ഓരോ പേജിലും ഒപ്പും സീലും പതിക്കേണ്ടതാണ് എന്നും വ്യവസ്ഥയുണ്ട്. (മേൽ ജി.ഒ. ഖണ്ഡിക 7,8 കാണുക). മേൽ പ്രവൃത്തിക്ക് ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സബ് ഗ്രൂപ്പ് കൺവീനർ എസ്റ്റിമേറ്റിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതുണ്ട്. ഈ വ്യവസ്ഥ പാലിക്കാതെ സിവിൽ എഞ്ചിനീയർ പദവിയിലുള്ള മുനിസിപ്പൽ എഞ്ചിനീയർ കൺവീനറായുള്ള MLTAG കമ്മിറ്റി പ്രവൃത്തിക്ക് ടി.എസ് നൽകിയത് ക്രമവിരുദ്ധമാണ്.
2. 2,50,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തിയുടെ ഫൈനൽ ബില്ല് തയ്യാറാക്കിയപ്പോൾ മാറ്റം വന്ന പ്രവൃത്തിയടക്കം ആകെ 3,50,000/- രൂപയാണ് ചെലവ് കാണിച്ചിട്ടുള്ളത്. ടി തുക എസ്റ്റിമേറ്റ് തുകയേക്കാൾ 40% അധികരിച്ചതാണ്. ഇതിന്ന് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിനും കംപാരറ്റീവ് സ്റ്റേറ്റ്മെന്റിനും ടി. എസ് നൽകിയത് മുനിസിപ്പൽ എഞ്ചിനീയർ തന്നെയാണ്. മേൽ സൂചിപ്പിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 8 പ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ സബ്ഗ്രൂപ്പിന് അനുമതി നൽകാവുന്നതിനേക്കാൾ കൂടുതൽ വ്യതിയാനം വന്നതിനാൽ ജില്ലാതല ടി എ ജി /സംസ്ഥാനതല ടി.എ.ജിയിൽ നിന്ന് സാങ്കേതികാനുമതി വാങ്ങേണ്ടതായിരുന്നു. ഈ വ്യവസ്ഥ അവഗണിച്ച് പുതുക്കിയ എസ്റ്റിമേറ്റിന് മുനിസിപ്പൽ എഞ്ചിനീയർ തന്നെ അംഗീകാരം നൽകിയത് തെറ്റാണ്.
3. മേൽ പ്രവൃത്തി നെറ്റ് വർക്ക് സംവിധാനവുമായി ബന്ധപ്പെട്ടതാകയാൽ IKM നിഷ്ക്കർഷിച്ച രീതിയിലാണോ നടപ്പിലാക്കിയത് എന്ന് രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

പാർട്ട് ബില്ലിൽ ആകെ
മറ്റ് ഒടുക്കലുകളും റീ
– രൂപ കരാറുകാരന്
നിവ പരിശോധിച്ചതിൽ

ധരിച്ച് ചെയ്യേണ്ടതും
ന്നുന്നു. എന്നാൽ
ട്രിക്കൽ പ്രവൃത്തി
ണുക) ഷെഡ്യൂൾ
കാൽക്കുലേഷൻ
ടിപ്പൽ എഞ്ചിനീ
യതി തിരുവനന്ത
ടെ ഖണ്ഡിക 3
ി സംബന്ധിച്ച
രിക്കണമെന്ന്
കൺവീനർ
ും വ്യവസ്ഥ
ക്കൽ പ്രവൃ
നുണ്ട്. ഈ
എഞ്ചിനീ
ന് ക്രമവി
ൽ ബില്ല്
പയാണ്
താണ്.
ം ടി.
ഗ്രേ
കിയ
ാൽ
ങ്ങ
ൽ

4. കരാറുകാരൻ പ്രവൃത്തി ചെയ്തത് സാങ്കേതിക മികവോടെയല്ല എന്നും ഇക്കാരണത്താൽ 27.04.2011 ലെ കരാറുകാരന്റെ ഫൈനൽ ബില്ലിനുള്ള അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും കാണിച്ച് 06.07.2011 ന് നഗരസഭാ സെക്രട്ടറി കരാറുകാരന് നോട്ടീസ് അയച്ചതായി ഫയലിൽ കാണുന്നു. പ്രസ്തുത നോട്ടീസിന് 27.07.2011 ന് കരാറുകാരൻ നൽകിയ മറുപടിയിൽ എഗ്രിമെന്റ് കാലാവധിക്ക് ശേഷമുള്ള തകരാറുകൾക്ക് കരാറുകാരൻ ഉത്തരവാദിയല്ല എന്ന വിശദീകരണത്തിന് നഗരസഭ മറുപടി നൽകിയിട്ടില്ല. പ്രവൃത്തിയുടെ ഗ്യാരന്റി കാലാവധിയെപ്പറ്റി ഫയലിൽ പരാമർശിക്കുന്നില്ല. ഈ പ്രവൃത്തികൾ സാങ്കേതികമായ പരിജ്ഞാനമില്ലാത്ത ഉദ്യോഗസ്ഥൻമാർ അലംഭാവത്തോടെ കൈകാര്യം ചെയ്തതാണെന്ന് വ്യക്തമാകുന്നുണ്ട്.

പ്രവൃത്തിയുടെ അപാകത സംബന്ധിച്ച് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്ന് സാധ്യമാകാതെവന്നതിന് പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ പി.ഡബ്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഇ1/3261/10 തീയതി. 03.12.2011 ന് കണ്ണൂർ നഗരസഭാ സെക്രട്ടറി കത്തെഴുതിയത് ഫയലിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച മറുപടിയൊന്നും തന്നെ ലഭിച്ചതായി കാണുന്നില്ല.

നഗരസഭാ ഫണ്ടിൽ നിന്നും പണം നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് ചെയ്തതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെതാണ്. ഈ വിഷയത്തിൽ നൽകിയ ഒ.എസ്.4/10-11 തീ. 19.1.12 ന് മറുപടി നൽകാത്തതിനാൽ ചെലവ് തുകയായ 1,93,580/-രൂപ നിരാകരിക്കുന്നു.

3-29. <u>സംഗീതാ ടാക്കീസിന് പിറകുവശത്ത് ഹിൽട്ടൻസ് പ്ലാസ്റ്റിക്കിന് സമീപമുള്ള റോഡ്- റീ ടാറിംഗ്</u>

<u>എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനം പ്രവൃത്തി ഒഴിവാക്കി ഫൈനൽ ബില്ല് നൽകിയത്</u>

പദ്ധതി നം. : 179
നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ
ഫയൽ നം. : എ4-18569/2010 എം.ബുക്ക് - 95/10-11
വികസനഫണ്ട് : 4,60,000/- രൂപ (അടങ്കൽ)
കരാറുകാരൻ : ശ്രീ. കെ.ശശീന്ദ്രൻ (3.10% കുറഞ്ഞ നിരക്കിൽ)
എഗ്രിമെന്റ് നം. : 22/10-11 തീയതി : 03.01.2011
അനുവദിച്ച ബിറ്റുമെൻ : 27 ബാരൽ
പ്രവൃത്തി തുടങ്ങിയത് : 05.01.2011 കാലാവധി - 3 മാസം
പൂർത്തിയാക്കിയത് : 29.03.2011
ബിൽ തുക : 3,53,913 (-)1,67,411 = 1,86,502 രൂപ
ബിൽ നം. : 104/10-11 തീയതി 31.03.2011
എം ബുക്ക് : 95/10-11

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾക്ക് 04.05.12 ന് നൽകിയ ഒ.എസ്.നം. 21/2010-11 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. 03.01.2011 ന് എഗ്രിമെന്റ് വെച്ച് 05.01.2011 ന് പ്രവൃത്തി ആരംഭിച്ചെങ്കിലും കാലാവധി തീയതിയായ 04.03.2011 നോ ഗ്രോസ് പിരിയഡ് അനുവദനീയമായ 22.03.2011 നോ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് കരാറുകാരനോട് വിശദീകരണം തേടിയതായി ഫയലിൽ രേഖപ്പെടുത്തി കാണുന്നില്ല.

2. എസ്റ്റിമേറ്റ് തുകയായ 4,60,000/- രൂപയിൽ 3.10% കുറഞ്ഞ നിരക്കിൽ ടെണ്ടർ ഏറ്റെടുത്ത പ്രവൃത്തിയിലെ 8-ാംമത്തെ ഇനമായ "ഫോമിംഗ് ആന്റ് കൺസോളിഡേറ്റിംഗ്" റോഡിന്റെ രണ്ടു വശത്തും 700 മീറ്റർ നീളത്തിൽ ഒരു മീറ്റർ വീതിയിൽ ചുവന്ന മണ്ണിട്ട് നികത്തുന്ന പ്രവൃത്തി ടാറിംഗ് പ്രവൃത്തിക്ക് ശേഷം ചെയ്തിട്ടില്ല. ഫയലിൽ ഹാജരാക്കിയ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ബില്ല്, എം. ബുക്ക് എന്നീ രേഖകളിൽ ടി പ്രവൃത്തി ഒഴിവാക്കിയതായാണ് കാണിച്ചിട്ടുള്ളത്. ഏത് സാഹചര്യത്തിലാണ് ടി പ്രവൃത്തി ഒഴിവാക്കാൻ ഇടയായത് എന്ന കാര്യത്തിൽ ഓഡിറ്റിന് വിശദീകരണം നൽകേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റി ഫലപ്രദമായ രീതിയിൽ സൈറ്റ് പരിശോധിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല എന്നാണ് ഓഡിറ്റിന്റെ നിഗമനം. ടി പ്രവൃത്തി ഒഴിവാക്കിയത് കാരണം റീ ടാർ ചെയ്ത റോഡിന്റെ അരിക് വശങ്ങൾ മഴക്കാലത്ത് പൊളിഞ്ഞ് കാൽനടയ്ക്കാർക്കും ചെറുവാഹനങ്ങൾക്കും ഗതാഗത യോഗ്യമല്ലാതായിത്തീരുന്നതിന് സാദ്ധ്യതയുണ്ട്. വികസനഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാവുന്നത്.

3-30. **<u>റോഡ് പ്രവൃത്തി ക്രമക്കേടുകൾ : അമ്പാടി റോഡ് മുതൽ പഴയ റെയിൽവേ സ്റ്റേഷൻ വരെ റോഡ് റീ ടാറിംഗ് (സി.എച്ച്.ഇ. വാർഡ്)</u>**

പ്രൊജക്ട് നമ്പർ	:	176
നിർവ്വഹണോദ്യോഗസ്ഥൻ	:	മുനിസിപ്പൽ എഞ്ചിനീയർ
ഫയൽ നം.	:	എ4-18565/2010
കരാറുകാരൻ	:	ശ്രീ. കെ.കെ.രവീന്ദ്രൻ
എഗ്രിമെന്റ് നം.	:	2/2010-11 തീയതി : 08.11.2010
അടങ്കൽ	:	1,60,000 വികസഫണ്ട്
കരാർ തുക	:	1% കുറവിൽ പി.എ.സി തുക 1,57,674/-
കാലാവധി	:	2 മാസം
പ്രവൃത്തി തുടങ്ങിയത്	:	12.11.2010
പൂർത്തിയാക്കേണ്ടത്	:	11.01.2011
പൂർത്തിയാക്കിയത്	:	11.03.2011
ബിൽ നം.	:	90/10-11 1,36,653 - 30.03.2011 (-)78,424 = 58,229/-രൂപ

എം ബുക്ക് നം. : 59/10-11

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

1. **എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ബിറ്റുമെൻ യഥാ സമയം അനുവദിച്ചില്ല.**

08.11.10 ന് എഴുതിയ എഗ്രിമെന്റ് പ്രകാരം 12.11.2010 ന് സൈറ്റ് ഏറ്റെടുത്ത കരാറുകാരന് കാലാവധി തീയതിയായ 11.01.2011 നകം പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. 06.01.2011ന് സ്റ്റോറിൽ ബിറ്റുമെൻ സ്റ്റോക്ക് ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 21.02.2011 നാണ് കരാറുകാരന് 12 ബാരൻ ബിറ്റുമെൻ സപ്ലൈ ചെയ്തത്. ഇതു മൂലം കാലാവധിക്കുശേഷം 2 മാസം വൈകിയാണ് 11.03.11 ന് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. ടി പ്രവൃത്തി താമസിച്ചു പൂർത്തിയാക്കുവാൻ ഇടവന്നത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കാര്യക്ഷമതയില്ലായ്മയാണ് കാണിക്കുന്നത്. ഇക്കാര്യത്തിൽ മോണിറ്റ റിംഗ് സമിതിയും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല.

2. **ഗ്യാരന്റി പിരീയഡ് കഴിയുന്നതിന് മുമ്പായി ഡെപ്പോസിറ്റ് തുകകൾ മടക്കി നൽകിയത്.**

08.11.2010 ലെ എഗ്രിമെന്റ് പ്രകാരം ഖണ്ഡിക 16 ലെ വ്യവസ്ഥയനുസരിച്ച് ഗ്യാരന്റി പിരിയഡ് കഴിഞ്ഞതിനുശേഷം മാത്രമേ കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ്/ഇ.എം.ഡി തുക തിരികെ നൽകേണ്ടതുള്ളൂ. എന്നാൽ റോഡ് ഉപരിതലം പുതുക്കൽ പ്രവൃത്തിയുടെ കാലാവധി 12 മാസം ആയിരിക്കേ പ്രവൃത്തി പൂർത്തിയാക്കിയ തീയതിയായ 11.03.11 മുതൽ 11.03.12 വരെയുള്ള ഒരു കൊല്ലത്തിന് ശേഷമാണ് ഡെപ്പോസിറ്റ് തുകകൾ കരാറുകാരന് തിരിച്ചു നൽകേണ്ടത്. ഈ വ്യവസ്ഥ മറികടന്ന് 30.12.11 ലെ കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 03.01.12 ൽ ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകിയത് ക്രമവിരുദ്ധമാണ്.

3. **എസ്റ്റിമേറ്റിലെ പ്രവൃത്തി ഇനം വ്യക്തമായ കാരണമില്ലാതെ ഒഴിവാക്കിയത്.**

എസ്റ്റിമേറ്റിലെ ക്രമനമ്പർ (7) ഇനമായ "ഫോമിംഗ് ആന്റ് കൺസോളിഡേറ്റിംഗ്" പ്രവൃത്തി 172 എം^{2} അളവിൽ താറിംഗ് പ്രവൃത്തിക്ക് ശേഷം ചുവന്ന മണ്ണിട്ട് നികത്തേണ്ടുന്നത് ഒഴിവാക്കിയതായി കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയതിന്റെ കാരണം എന്താണെന്ന് വ്യക്തമല്ല. ടി പ്രവൃത്തി ചെയ്യാതിരുന്നത് മൂലം മഴക്കാലത്ത് റോഡിന്റെ അരിക് വശം പൊട്ടി ഗതാഗതയോഗ്യമല്ലാതായി തീരാൻ ഇടയാകും. ഇത് വഴി വികസനഫണ്ടിൽ നിന്നുള്ള ചെലവ് പൂർണ്ണതോതിൽ ലക്ഷ്യം കൈവരിക്കാൻ കഴിയാതെ വരുന്നതാണെന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

4. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം (6) 6 എം.എം.മെറ്റൽ ഇറക്കിയതിന് (1181 എം^{3} × 6 എം^{3}) = 7,086/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇനം (2) പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ് പ്രവൃത്തിയ്ക്ക് ആവശ്യമായത് 5.49 എം^{3} മെറ്റൽ മാത്രമാണ്. (610 എം^{2} × 0.009 = 5.49) ഇതനുസരിച്ച് 5.49 എം^{3} മെറ്റലിന് (6 എം.എം.) 1,181/- രൂപ നിരക്കിൽ 6,483.69 രൂപയാണ് 6 എം.എം മെറ്റലിന്റെ വിലയായി അനുവദിക്കേണ്ടത്. ഇതിന് പകരം 7,086/- രൂപ അനുവദിക്കുക വഴി 602/- രൂപ അധികം നൽകിയത് കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട

താണ് എന്ന് കാണിച്ച് 09.05.12 ന് നൽകിയ ഒ.എസ്.നം. 28/2010-11 ന് മറുപടി ലഭ്യമാക്കിയിട്ടി ല്ല.

5. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 14.09.2010 ന് ഭരണാനുമതി നൽകിയത് റോഡ് റീ ടാറിംഗ് പ്രവൃത്തി എന്ന നിലയ്ക്കാണ്. എന്നാൽ പ്രൊജക്ട് ഫയലിലും മറ്റ് രേഖകളിലും തിരുത്തൽ വരുത്തി ടാറിംഗ് എന്നാക്കിയതായി കണ്ടെത്തിയിട്ടുണ്ട്. ആയതി നാൽ പ്രസ്തുത പ്രവൃത്തി ടാറിംഗ് ആണോ റീ ടാറിംഗ് ആണോ എന്ന് വ്യക്തമാക്കേണ്ട താണ്.

മേൽ സൂചിപ്പിച്ച ക്രമക്കേടുകൾ പ്രകാരം നഷ്ടപ്പെട്ട തുക കരാറുകാരനിൽ നിന്ന് ഈടാ ക്കിയിട്ടില്ല. ആയതിനാൽ ടി തുക നിർവ്വഹണോദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയ റിൽ നിന്ന് ഈടാക്കേണ്ടതാണ്.

3-31. ഫയൽ, എം ബുക്ക് എന്നിവ ഹാജരാക്കിയില്ല -ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2010-11 സാമ്പത്തിക വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥ നായി നടപ്പിലാക്കിയ വിവിധ ഫണ്ടുകൾ വിനിയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളും എം ബുക്കുകളും ഓഡിറ്റ് പരിശോധനക്ക് അയച്ചു തരുവാൻ 25.11.11 ൽ എൽ.എഫ്.സി.എം.2/304(2)/2011, 03.02.12 ൽ എൽ.എഫ്.സി.എം.2/304(3)/2011, 04.02.12 ൽ എൽ.എഫ്.സി.എം.2/304(3)/2011, 25.2.12 ൽ എൽ.എഫ്.സി.എം.2/304(4)/2011, 22.03.12 ൽ എൽ.എഫ്.സി.എം.2/304(5)/ 2011, 28.04.12 ൽ എൽ.എഫ്.സി.എം.2/304(9)/2011 എന്നിവ പ്രകാരം റിക്വസിഷനുകൾ അയച്ചിരുന്നുവെങ്കിലും വളരെ കുറച്ച് ഫയലുകളും എം ബുക്കുകളും മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഈ സാഹചര്യത്തിൽ താഴെ വിവരിക്കും പ്രകാര മുള്ള പ്രവൃത്തികളുടെ ചെലവ് പരിശോധന സാദ്ധ്യമല്ലാത്തതിനാൽ ആകെ ചെലവ് തുകയായ 36,61,965/- രൂപ തടസ്സം ചെയ്യുന്നു. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

I. തനത് ഫണ്ട്

ക്രമ നം.	വൗച്ചർ നം. ബിൽ നം.	ഫയൽ നം.	എം ബുക്ക് നം.	പ്രവൃത്തിയുടെ പേര്	പ്രവൃത്തിയുടെ മൊത്തം ചെലവ് തുക തൻവർഷം	കിഴിവ് കഴിച്ച് അനുവദിച്ച തുക
1	242/20.05.10	ഇ1-16570/07	161/08-09	റിപ്പയർ ഫുട്പാത്ത് തയ്യിൽ വെങ്കിടരമണ ക്ഷേത്രത്തിന് സമീപം	50,431	47,269
2	341/08.06.10	ഇ1-2828/09	8/09-10	ചളിമണ്ണ് നീക്കം ചെയ്യൽ കണ്ണൂക്കര തോട് -ബ്രാഞ്ച് തോട്	54,312	50,906
3	434/02.07.10	ഇ2-11097/09	03/07-08	ചളിമണ്ണ് നീക്കം ചെയ്യൽ കാക്കത്തോട്	52,512	48,974
4	435/02.07.10	ഇ2-23676/07	38/08-09 111/08-09	റീ ടാറിംഗ് ഫാത്തിമ ഹൗസ് റെയിൽവേ ലൈൻ -കെ.സെഡ്.എൻ സൗത്ത് വാർഡ്	1,83,883	79,158
5	562/03.08.10	ഇ2-16019/09	78/08-09	ഫുട്പാത്തും ഡ്രെയിനും ഡോ. നാരായണന്റെ വീട് മുതൽ തയ്യിൽ ചൊവ്വ കല്ലൻ ചേരി പാലം റെയിൽവേ സ്റ്റേഷൻ വരെ	3,08,414	2,89,077

6	716/27.08.10	ഇ2-23080/08	10/08-09	ഓവുചാൽ നിർമ്മാണവും സലഫി സെന്ററിന് സമീപം റോഡ് നിർമ്മാണവും	6,08,757	5,70,589
7	743/02.09.10	ഇ1-16324/08	145/08-09	ആർ.സി.സി സൈഡ് വാൾ പൊളിഞ്ഞ ഭാഗം കാക്ക ത്തോട് എസ്.ബി വാർഡ്	3,75,656	3,52,102
8	764/04.09.10	ഇ1-3864/08	124/08-09	സോളിങ്ങ് മെറ്റലിങ്ങ് ടാറിംഗ് രാധാപത്മൻ വീട് മുതൽ ബാലൻ മാസ്റ്ററുടെ വീട് വരെയുള്ള റോഡ് -ഡ്രെയി നേജ് കൾവർട്ട് നിലവിലുള്ള ടാർ റോഡ് ടെമ്പിൾ വാർഡ്	2,84,089	2,14,754
9	876/25.09.10	ഇ1-12313/09	02/09-10	ടോയിലറ്റ് ബ്ലോക്ക് നിർമ്മാണം -മുക്കടവ് വാർഡ്	2,93,868	2,78,999
10	1474/23.02.11	ഇ2-18952	29/10-11	ഓവ് ചാൽ ഫുട്പാത്ത് നിർമ്മാണം പാച്ച് വർക്ക് അറ ത്തക്കപ്പള്ളിക്ക് സമീപം	4,73,044	4,48,778
11	1520/03.03.11	ഇ2-22019/08	108/08-09	റോഡ് നിർമ്മാണം കണ്ടിൻജന്റ് ക്വാർട്ടേഴ്സ് മുതൽ മരക്കാർക്കണ്ടി സൗത്ത് വാർഡ് വരെ	4,05,821	3,83,078
II.	**വികസന ഫണ്ട്**					
12	1/24.06.10	ഇ2-22391/09		പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ്	3,00,000	3,00,000
13	106/31.03.11	സി.3-17728/10	84/10-11	ഓവ്ചാൽ പുനർനിർമ്മാ ണവും കവറിങ്ങ് സ്ലാബും -ഹഫ്സത്ത് വീട് മുതൽ കാക്കപൊലം വരെ	2,71,178	2,57,266
				ആകെ	**36,61,965**	**33,20,950**

ഫയലുകളും രേഖകളും യഥാസമയം ലഭ്യമാക്കാത്തതിനാൽ 2008-09 സാമ്പത്തിക വർഷത്തിൽ 1.04 കോടി രൂപയുടേയും 2009-10 സാമ്പത്തിക വർഷത്തിൽ ഏതാണ്ട് 1.25 കോടി രൂപയുടേയും മരാമത്ത് പണി ചെലവുകൾ തടസ്സപ്പെടുത്തിയിട്ടുണ്ട്. ഫയലുകളും രേഖകളും ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ലഭ്യമാക്കാതിരിക്കുന്നത് ഓഡിറ്റിൽ നിന്നും ഫയലു കൾ മറച്ചു വെയ്ക്കാനുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശ്രമമായി വിലയിരുത്തുന്നു. വിഷയം സർക്കാറിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

3-32. ഓഫീസ് കമ്പ്യൂട്ടർവത്കരണ പരിപാടി - അപാകങ്ങൾ

പ്രൊജക്ട് നം - എസ് 008/10-11

അടങ്കൽ - 23,43,824/-

വികസന ഫണ്ട് - 5,00,000/-

തനതു ഫണ്ട് - 18,43,824/-

ഫയൽ നം - സി.3-19401

വികസന ഫണ്ട് ചെലവ് - ബിൽ നം 041/10-11, തീയതി 23.12.2010 = 3,19,980

ബിൽ നം 108/10-11 തീയതി 31.3.2011 = 1,80,020

ആകെ 5,00,000

=======

തനത് ഫണ്ട് ചെലവ് - വൗച്ചർ നം 1703/31.03.2011 - 1,28,042
ആകെ ചെലവ് 6,28,042 രൂപ
==========

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, കണ്ണൂർ നഗരസഭ

കണ്ണൂർ നഗരസഭയിൽ 2010-11 വർഷം കമ്പ്യൂട്ടർ വാങ്ങിയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

കണ്ണൂർ നഗരസഭയിൽ 2010-11 വർഷം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്യുന്നതിന് നിക്ഷാൻ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് നേരിട്ട് ഓർഡർ നൽകിയതായി കാണുന്നു. 06.08.10 നും 26.03.11 നും യഥാക്രമം 2 യു.പി.എസും, 8 എണ്ണം കമ്പ്യൂട്ടറുകളും 9 പ്രിന്ററുകളും വാങ്ങാനായി സപ്ലൈ ഓർഡർ നൽകുകയാണുണ്ടായത്. വിപ്രോ ലിമിറ്റഡ് എന്ന സ്ഥാപത്തിന്റെ 31.10.2011 വരെ പ്രാബല്യമുള്ള ഡി.ജി.എസ് & ഡി റേറ്റ് കോൺട്രാക്ട് പ്രകാരമുള്ള നിരക്കിലാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. എന്നാൽ നിക്ഷാൻ ഇലക്ട്രോണിക്സ് മേൽ സ്ഥാപനത്തിന്റെ അംഗീകൃത വിതരണക്കാർ ആണോ യെന്ന് വ്യക്തമല്ല.

കേരള ഫിനാൻഷ്യൽ കോഡ് 140, കേരള സ്റ്റോർ പർച്ചേസ് മാനുവൽ 52 എന്നിവ പ്രകാരും അയ്യായിരം രൂപയിൽ കവിഞ്ഞുള്ള പർച്ചേസുകൾക്ക് മൂല്യത്തിന്റെ 5% തുക സെക്യൂരിറ്റി നിക്ഷേപമായി നൽകേണ്ടതുണ്ട്. എന്നാൽ പ്രസ്തുത പർച്ചേസുകൾക്ക് സെക്യൂരിറ്റി നിക്ഷേപം സ്വീകരിച്ചതായി ഫയലിൽ രേഖകളില്ല.

കണ്ണൂർ നഗരസഭാ സെക്രട്ടറിയും M/s നിക്ഷാൻ ഇലക്ട്രോണിക്സും തമ്മിൽ ഒപ്പു വച്ച കരാറിൽ കമ്പ്യൂട്ടറുകളുടെ ഗാരന്റി പിരീഡ് സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടില്ല. കണ്ണൂർ നഗരസഭയിലെ ഭൂരിഭാഗം കമ്പ്യൂട്ടറുകളും ചുരുങ്ങിയ കാലത്തിനകം തകരാറിലാകുന്ന സാഹചര്യത്തിൽ കമ്പ്യൂട്ടറുകളുടെ ഗുണമേന്മ സംബന്ധിച്ച് കരാറിൽ വ്യവസ്ഥയില്ലാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

3-33. ആധുനിക അറവുശാല- പദ്ധതി പണം നിരുത്തരവാദപരമായി കൈകാര്യം ചെയ്തത് സംബന്ധിച്ച് (ഫയൽ നം. ഇ4-19400/06)

കണ്ണൂർ നഗരസഭാ പരിധിയിൽ ആധുനിക അറവുശാല നിർമ്മാണത്തിനുവേണ്ടി നഗരകാര്യ ഡയറക്ടർ അനുവദിച്ച 59 ലക്ഷം രൂപ (ഡി.ഡി.നം 043119 തീയതി 31.12.2010) ആന്ധ്രാ ബാങ്കിലെ കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ 19.01.2011 ന് നിക്ഷേപിക്കുകയും (അക്കൗണ്ട് നം 118110100008656) ആയതിൽ 30 ലക്ഷം രൂപ പിൻവലിച്ച് സിൻഡിക്കേറ്റ് ബാങ്കിൽ, സെക്രട്ടറിയുടെ പേരിലുള്ള സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 42002200038879) 04.03.2011 ന് നിക്ഷേപിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

എന്നാൽ എൻവിറോൺമെന്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും 05.05.2012 ന് ലഭിച്ച രണ്ടാം ഗഡു തുക 48 ലക്ഷം രൂപ (ഡി ഡി നം 257647) സിൻഡിക്കേറ്റ് ബാങ്കിൽ 180 ദിവസത്തേക്ക്

സ്ഥിരനിക്ഷേപം നടത്തുകയാണുണ്ടായത്. ഒരു പദ്ധതി നിർവഹണത്തിനുവേണ്ടി സർക്കാർ പ്രത്യേകമായി അനുവദിച്ച തുക വിവിധ ബാങ്കുകളിൽ/വിവിധ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി 10.07.2012 ലെ നം. എൽ.എഫ്.സി.എം.3-320/12 നമ്പർ കത്ത് പ്രകാരവും 06.08.2012 ലെ ഇതേ നമ്പർ ഓർമക്കുറിപ്പ് പ്രകാരവും ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒന്നാം ഗഡുവായി ലഭിച്ച 59 ലക്ഷം രൂപയും രണ്ടാം ഗഡു തുക നിക്ഷേപിച്ച രീതിയിൽ സ്ഥിര നിക്ഷേപമാക്കി സൂക്ഷിച്ചിരുന്നുവെങ്കിൽ പലിശയിനത്തിൽ 1/11 മുതലുള്ള അധിക വരുമാനം നഗരസഭയ്ക്ക് ലഭ്യമാകുമായിരുന്നു. പൊതു പണം കൈകാര്യം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ലെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

ആയതിനാൽ നിരുത്തരവാദപരമായി നിക്ഷേപം നടത്തിയതിനും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-34 ലഘു അവലോകനങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയരക്ടറുടെ സർക്കുലർ നമ്പർ 09/2012 പ്രകാരം തയ്യാറാക്കിയ ലഘുഅവലോകനങ്ങൾ ചുവടെ ചേർക്കുന്നു.

3-34(1). ചെയർമാന്റെ ദുരിതാശ്വാസനിധി - ലഘുഅവലോകനം
(ഫയൽ നം: ജി-4/11996/98)

കണ്ണൂർ നഗരസഭാ കൗൺസിലിന്റെ 09-07-98 ലെ 58-ാം നമ്പർ തീരുമാനം അനുസരിച്ചാണ് നഗരസഭയിൽ ദുരിതാശ്വാസനിധി ആരംഭിച്ചത്. ഇതു സംബന്ധമായ കേരള മുനിസിപ്പാലിറ്റി(ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ നിലവിൽ വന്നത് 2003 ലാണ്. പ്രകൃതിക്ഷോഭം, അപകടം, മാരകരോഗം, മുതലായവമൂലം ദുരിതമനുഭവിക്കുന്ന നിരാലംബർക്ക് അടിയന്തിര സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

കണ്ണൂർ നഗരസഭയിലെ ദുരിതാശ്വാസനിധിയുടെ രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. 09-07-98 ലെ 58-ാം നമ്പർ കൗൺസിൽ തീരുമാനം അനുസരിച്ച് ഒരു ലക്ഷം രൂപ ദുരിതാശ്വാസനിധിയിലേക്ക് വകമാറ്റിയത് അക്കൗണ്ടിൽ വരവ് വെച്ചതിന്റെ വിവരം ലഭ്യമല്ല. ഓഡിറ്റിന് ഹാജരാക്കിയ ഫെഡറൽ ബാങ്കിന്റെ പാസ്ബുക്കിൽ(A/c No: 7645) തുടക്കത്തിൽ 31-03-04 ന് നീക്കിയിരിപ്പ് 12,820/-രൂപയും, 31-03-2011 ൽ നീക്കിയിരിപ്പ് 44,390/-രൂപയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഫെഡറൽ ബാങ്കിൽ എപ്പോൾ അക്കൗണ്ട് ആരംഭിച്ചുവെന്ന് വ്യക്തമല്ല. 31-03-04 ന് മുമ്പുള്ളതും 31-03-2011 ന് ശേഷമുള്ളതുമായ ഫെഡറൽ ബാങ്കിന്റെ പാസ് ബുക്കുകൾ ഹാജരാക്കിയിട്ടില്ല. ഫെഡറൽ ബാങ്ക് അക്കൗണ്ട് അവസാനിപ്പിച്ചിട്ടാണോ എസ്.ബി.ടി അക്കൗണ്ട് ആരംഭിച്ചതെന്നും വ്യക്തമല്ല.

2. ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾ സ്വീകരിക്കുന്നതിനായി 27-06-06 ന് അച്ചടിപ്പിച്ച രണ്ട് രശീതി ബുക്കുകളിൽ ഒന്ന് മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ.

3. ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട ബാങ്ക് ചെക്ക്ബുക്കുകൾ, കൗണ്ടർ ഫോയിലുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4. തുടക്കം മുതൽ നിലവിലുള്ള കാലവളവ് വരെയുള്ള വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് റിക്വസിഷൻ നമ്പർ LFCM2/540(1)/11-12 തിയ്യതി 13-02-13 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

5. 18-05-12 ന് എസ്.ബി.ടിയിൽ ആരംഭിച്ച അക്കൗണ്ട് ചെയർമാന്റെ വ്യക്തിപരമായ പേരിലാണ് ആരംഭിച്ചിരിക്കുന്നത്. നഗരസഭയുടെ ചെയർമാൻ മാറുമ്പോൾ ബാങ്ക് അക്കൗണ്ട് തുടരുന്നതിന് വൈഷമ്യമുണ്ടാവുന്നതാണ്.

6. എല്ലാ മാസവും വരവ് ചെലവ് കണക്കുകൾ കൗൺസിൽ മുമ്പാകെ വെക്കണമെന്ന ചട്ടം പാലിക്കപ്പെട്ടിട്ടില്ല.

7. ക്ഷേമനിധിയിലേക്ക് സംഭാവന ചെയ്തവരുടെയും സഹായത്തിന് അപേക്ഷിച്ചവരുടെയും സഹായം ലഭിച്ചവരുടെയും പേരു വിവരം നഗരസഭ നോട്ടീസ് ബോർഡിൽ പതിക്കണമെന്ന ചട്ടം പാലിക്കപ്പെട്ടിട്ടില്ല.

8. ശ്രീ.മണിരാജൻ.പി, കണ്ണൂർ II 03-01-09 നും ശ്രീമതി ജയന്തി, മുബാറക്ക് വാർഡ് 24-05-11 നും അപേക്ഷ സമർപ്പിച്ചിട്ട് ധനസഹായം യഥാക്രമം 07-03-12 നും 15-03-12 നും മാത്രമാണ് ലഭ്യമാക്കിയത് ഇത് അടിയന്തിര ധനസഹായം നൽകുക എന്ന ലക്ഷ്യത്തിന് യോജിച്ചതല്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും ചട്ടം നിർദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും പാലിക്കേണ്ടതുമാണ്. ചട്ടം 5 പ്രകാരം ദുരിതാശ്വാസനിധി സംബന്ധിച്ച കണക്കുകളും രേഖകളും സൂക്ഷിക്കേണ്ടത് നഗരസഭാ സെക്രട്ടറിയുടെ ചുമതലയാണ്. ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. ദുരിതാശ്വാസനിധിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതും ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര ധനസഹായം ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈകൊള്ളേണ്ടതുമാണ്.(ദുരിതാശ്വാസ നിധി ഫണ്ട് സംബന്ധിച്ച് 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക- 62 ൽ പരാമർശിക്കുന്നുണ്ട്)

3-34(2). ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖ ജി.ഒ(പി)220/97/തസ്വഭവ തിയ്യതി 2-10-97 അനുസരിച്ച് ഒരോ പ്രൊജക്റ്റിനും തിരഞ്ഞെടുക്കപെടേണ്ട ഗുണഭോക്താക്കൾക്കുള്ള അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾക്ക് വ്യാപകമായ പ്രചാരണം കൊടുക്കേണ്ടതായിട്ടുണ്ട്. ഇതിനു വേണ്ടി പ്രധാന സ്ഥലങ്ങളിൽ പദ്ധതികളുടെ എണ്ണവും ഒരോ പദ്ധതിക്കുള്ള മാനദണ്ഡവും തെരഞ്ഞെടുക്കപ്പേടേണ്ട ഗുണഭോക്താക്കളുടെ എണ്ണവും കാണിക്കുന്ന നോട്ടീസ് പ്രദർശിപ്പിക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു നോട്ടീസ് 2011-12 വർഷം നഗരസഭയിൽ അച്ചടിക്കുകയും വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ പദ്ധതികൾക്കുള്ള അപേക്ഷ ഫോറം ലളിതമായ മലയാള ഭാഷയിൽ തയ്യാറാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ അർഹതയും മുൻഗണനാക്രമവും സംബന്ധിച്ച മാനദണ്ഡങ്ങൾ ചേർത്ത് തീരുമാനം എടുക്കുന്നതിനാവശ്യമായ വിശദാംശങ്ങളും മേൽ മാർഗ്ഗ രേഖയിൽ പറഞ്ഞതു പോലെ ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ നൽകുന്ന ഗുണഭോക്താവിന് അപേക്ഷയുടെ കൈപറ്റ് രശീതി നൽകാൻ ഈ അപേക്ഷയിൽ ഭാഗമുണ്ടെങ്കിലും 2011-12 ൽ ലഭിച്ച മിക്ക അപേക്ഷകൾക്കും കൈപറ്റ് രശീതി ഗുണഭോക്താവിന് നൽകിയതായി കാണുന്നില്ല.

വാർഡ് സഭ ചേരുന്ന ഒരു നിശ്ചിത കാലയളവിന് മുമ്പിലും വാർഡ് സഭ സമ്മേളിക്കു മ്പോഴും ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കാനുള്ള അപേക്ഷ ആവശ്യക്കാർക്ക് വിതരണം ചെയ്യാറുണ്ട്. ഇങ്ങനെ വാർഡ്സഭയിൽ ലഭിച്ച അപേക്ഷകളുടെ ഒരു ലിസ്റ്റ് വാർഡ് സഭയിൽ പദ്ധതി തിരിച്ച് തയ്യാറാക്കുന്നുണ്ട്. അതിനു ശേഷം വ്യത്യസ്ത മേഖലകൾ തരം തിരിച്ച് വാർഡുസഭയെ പല വിഷയ ഗ്രൂപ്പുകളായി തിരിക്കുകയും ഒരോ വിഷയ ഗ്രൂപ്പും ആ വിഷയ ഗ്രൂപ്പിലെ അപേക്ഷ കരുടെ മുൻഗണനാക്രമം ഉണ്ടാക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. വിഷയ ഗ്രൂപ്പ് ഉണ്ടാക്കുന്നി ല്ലെങ്കിലും വാർഡ് സഭയിൽ വെച്ച് അപേക്ഷകളിൽ മേൽ മാർക്കിടുകയും മുൻഗണനാക്രമം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ മാർക്ക് നൽകിയ ആളുടെ പേര്, ഒപ്പ് എന്നിവ എല്ലാ അപേക്ഷകളിന്മേലും രേഖപ്പെടുത്തി കാണുന്നില്ല. അപേക്ഷയുടെ അവസാന ഭാഗത്ത് വാർഡ്സഭാ തീരുമാനം നമ്പർ/തിയ്യതി, കൗൺസിൽ തീരുമാനം നമ്പർ/തീയ്യതി, നഗരസഭാ മുൻഗണനാ നമ്പർ എന്നിവ ചേർത്ത് നഗരസഭയുടെ ചെയർമാൻ/സിക്രട്ടറി അപേക്ഷ അംഗീകരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ കണ്ണൂർ നഗരസഭയിലെ ഗുണഭോക്താക്കളുടെ അപേക്ഷയിന്മേൽ അന്തിമമായി ഇത്തരം രേഖപ്പെടുത്തലോ സാക്ഷ്യപെടുത്തലുകളോ നടത്തിയിട്ടില്ല.

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള പ്രത്യേക വാർഡ് സഭകൾ കണ്ണൂർ നഗര സഭയിൽ 10/2011 മാസത്തിൽ വിവിധ വാർഡുകളിൽ വിളിച്ചു ചേർത്തിട്ടുണ്ട്.

വിവിധ വാർഡുകളിൽ നിന്ന് ലഭിച്ച ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് പരിശോധന പൂർത്തിയാക്കിയതിന് ശേഷം മുൻഗണനാ ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നഗരസഭ തലത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതും ആയത് കരടായി പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഇതു പ്രകാരം കണ്ണൂർ നഗരസഭ 2010-11 വർഷം തയ്യാറാക്കിയ ഒരു കരട് ഗുണഭോക്തൃ പട്ടിക ഓഡിറ്റിൽ ഹാജരാക്കുക ഉണ്ടായെങ്കിലും ആയത് പൊതുജനങ്ങളെ അറിയിക്കുന്നതരത്തിൽ പ്രസിദ്ധപ്പെടുത്തിയതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

വ്യത്യസ്ത വാർഡുകളിൽ നിന്ന് ലഭിക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് ഏകോപിപ്പിച്ച് നഗരസഭാ തലത്തിൽ മുനഗണനാ ക്രമം തയ്യാറാക്കുമ്പോൾ വിവിധ വാർഡുകളിൽ നിന്നും ഒരേ മാർക്ക് ലഭിച്ചവരെ വ്യത്യസ്ത രീതിയിലുള്ള മുൻഗണനാ ക്രമത്തിൽ ക്രമീകരിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്റ്റ് നമ്പർ 75/12(7) ജല സേചനപമ്പ് സെറ്റ് ധനസഹായം, പ്രൊജക്റ്റ് നമ്പർ 81/12 മത്സ്യതൊഴിലാളികൾക്ക് അനബന്ധ ഉപകരണം നൽകൽ എന്നീ പ്രൊജക്റ്റുകളിൽ ഗുണഭോക്തൃ പട്ടികയിൽ ഗുണഭോക്താവിന്റെ പേരിൽ അവർക്ക് ലഭിച്ച മാർക്ക് രേഖപെടുത്തിയിട്ടില്ല. പ്രൊജക്റ്റ് നമ്പർ 79/12 മത്സ്യ വിപണത്തിന് ഇൻസുലേറ്റർ ബോക്സ് എന്ന പ്രൊജക്റ്റിലെ ക്രമ നമ്പർ 4 നജ്മുദ്ധീൻ.ടി.കെ എന്ന ഗുണഭോക്താവിന് നേരേ അദ്ദേഹത്തിന് ലഭിച്ച മാർക്ക് രേഖപ്പെടുത്തി യിട്ടില്ല. ഗുണഭോക്തൃ പട്ടികയിൽ ഗുണഭോക്താക്കൾക്ക് ലഭിച്ച മാർക്ക് രേഖപ്പെടത്തുന്നത് ഗുണഭോക്തൃ തിരിഞ്ഞെടുപ്പിലെ സുതാര്യത ഉറപ്പു വരുത്തുന്നതിന് അത്യാവശ്യമാണ് അങ്ങിനെ ചെയ്യാതിരുന്നത് ഗുണഭോക്തൃ പട്ടികയുടെ സുതാര്യതയ്ക്കു മങ്ങലേൽപ്പിക്കുന്നു.

11-12 വർഷത്തിൽ കണ്ണൂർ നഗരസഭയിൽ നടപ്പിലാക്കിയ പ്രൊജക്റ്റുകളിൽ ഗുണഭോ ക്താക്കളുമായി ബന്ധപ്പെട്ട ചില തടസ്സവാദങ്ങൾ ചുവടെ ചേർക്കുന്നു.

1) എസ്.ഒ 75/2011-12 സമഗ്രപുരയിട കൃഷി വികസനം എന്ന സംയോജിത പ്രൊജക്റ്റിന്റെ ഭാഗമായി ജലസേചനത്തിനായി 50% സബ്സിഡി നിരക്കിൽ പമ്പ്സെറ്റ് ലഭ്യമാക്കുക എന്ന ഘടക പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയപ്പോൾ ഗുണഭോക്തൃ പട്ടിക **യിലെ ക്രമ നമ്പർ 1 മുതൽ 38 വരെയുള്ളവരിൽ നിന്നും 25 പേർക്കാണ് ജലസേചന പമ്പ്** സെറ്റിനായി സബ്സിഡി നൽകിയിട്ടുള്ളത്. 1 മുതൽ 38 വരെയുള്ളവരിൽ 13 പേരെ ആനുകൂല്യം നൽകുന്നതിൽ നിന്നും ഒഴിവാക്കിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2) എസ്.ഒ 102/12 വീടിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന പ്രൊജക്റ്റിൽ 30 സ്ത്രീകളും 20 പുരുഷന്മാരുമുൾപ്പെടെ 50 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനാണ് പ്രൊജക്റ്റിൽ വിഭാവനം ചെയ്തിരുന്നത്. പദ്ധതി നടപ്പിൽ വരുത്തിയപ്പോൾ 43 സ്ത്രീകൾക്കും 7 പുരുഷ ഗുണഭോക്താക്കൾക്കുമായി മാറ്റി.

3) എസ്.ഒ 102/12 വീടിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന പ്രൊജ്റ്റിൽ 1 മുതൽ 66 വരെയുള്ള 50 ഗുണഭോക്താക്കൾക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളത് ഇതിനിടയിലുള്ള 14 ഗുണഭോക്താക്കളെ പദ്ധതി നടപ്പിലാക്കുമ്പോൾ ഒഴിവാക്കിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന വിവിധ ഘട്ടങ്ങളിലും തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന അവസരത്തിലും കണ്ണൂർ നഗരസഭയിൽ മേൽ പറഞ്ഞ വിവിധ തരത്തിലുള്ള അപാകങ്ങൾ നിലനിൽക്കുന്നതായി കാണുന്നു. ഈ അപാകങ്ങൾ ഒഴിവാക്കേണ്ടതും നടപടി ക്രമങ്ങളിൽ സുതാര്യത ഉറപ്പു വരുത്തേണ്ടതുമാണ്.

3-34(3). പരസ്യ നികുതി

കണ്ണൂർ നഗരസഭയുടെ പരസ്യ നികുതിയുമായി ബന്ധപ്പെട്ട 2009-10 മുതലുള്ള ഫയലുകൾ പരിശോധിച്ച് കണ്ടെത്തിയ വസ്തുതകളിന്മേലുള്ള അവലോകനം

കണ്ണൂർ നഗരസഭയുടെ തനത് വരുമാന സ്രോതസുകളിലൊന്നായ പരസ്യ നികുതിയിനത്തിലെ വരവും അവയുടെ കാലാനുസൃത വർദ്ധനയും താരതമ്യേന കുറഞ്ഞതാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. കേരളത്തിലെ തന്നെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന നഗരമായ കണ്ണൂരിൽ കഴിഞ്ഞ നാലഞ്ചു വർഷത്തിനകം കടകമ്പോളങ്ങളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും എണ്ണത്തിലും വളർച്ചയിലും വൻ വർദ്ധനയാണ് കാണിക്കുന്നത്. എന്നാൽ ആനുപാതീക വർദ്ധന നഗരസഭയുടെ പരസ്യ നികുതി വരുമാനത്തിൽ കാണുന്നില്ല. കഴിഞ്ഞ നാലുവർഷങ്ങളിലെ പരസ്യ നികുതിയിനത്തിലെ ലേല വരുമാനം താഴെ കാണിക്കുന്നു.

വർഷം	ലേല തുക	വർദ്ധന ശതമാനം	കരാറുകാരന്റെ പേര്
2009-10	2,45,100	-	ശ്രീ.ടി.കെ ഷരീഫ്
2010-11	3,15,000	28.52	ശ്രീ.വി.ബഷീർ
2011-12	3,25,000	3.17	ശ്രീ.വി.ബഷീർ
2012-13	3,60,000	10.77	ശ്രീ.വി.ബഷീർ

കണ്ണൂർ നഗരസഭ ഓഡിറ്റ് റിപ്പോർട്ട് 2010-11

2010-11 വർഷത്തേക്കുള്ള പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള 16.02.2010 ലെ ആദ്യ ലേല നടപടികൾ പ്രകാരം ഏറ്റവും കൂടുതൽ തുകയായ 4,70,000/- രൂപ വിളിച്ച ശ്രീ. സി.സലിൽ കുമാറിന്റെ ലേലം 01.03.2010 ലെ കൗൺസിൽ തീരുമാനം 54 പ്രകാരം അംഗീകരിച്ചിരുന്നു. പിന്നീട് ടിയാൻ ലേലത്തിൽ നിന്നും പിൻമാറിയതായി ഫയലിൽ കാണുന്നു. (എ സ്.കെ ട്രെഡിങ്ങ് കോയുടെ 15.03.2010 ലെ കത്ത്) തുടർന്ന് 30.03.2010 ൽ നടത്തിയ പുനർ ലേലത്തിൽ മൂന്ന് പേർ മാത്രമാണ് പങ്കെടുത്തത്. ഇതിൽ ഏറ്റവും ഉയർന്ന തുകയായ 3,15,000/- രൂപയ്ക്ക് ശ്രീ.വി.ഷബീറിന് ലേലം 20.04.2010 ലെ കൗൺസിൽ തീരുമാനം 35 പ്രകാരം അംഗീകരിച്ചു നൽകി. എന്നാൽ ആദ്യം ലേലം കൊണ്ട ശ്രീ.സി.സലിൽ കുമാറിൽ നിന്നും പുനർ ലേലം കൊണ്ട് നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കാൻ നടപടി സ്വീകരിച്ചതായോ, ടിയാൻ ഇ.എം.ഡി ആയി 16.02.2010 ൽ അടച്ച 10,000/-രൂപ നഗരസഭ ഫണ്ടിലേക്ക് മുതൽ കൂട്ടിയതായോ കാണുന്നില്ല. പുനർലേല പരസ്യ നോട്ടീസ് പത്രപരസ്യം മുഖേനയോ വ്യാപകമായ പ്രചരണം വഴിയോ പൊതുജനങ്ങളെയും ബന്ധപ്പെട്ട വ്യക്തികളെയും അറിയിച്ചതായും കാണുന്നില്ല. ലേലം കൈകൊണ്ട വ്യക്തികൾ നഗരസഭയ്ക്ക് നൽകിയ മുദ്രപത്രത്തിലുള്ള കരാറുകൾ മിക്കവയും ഒന്നും തന്നെ രേഖപ്പെടുത്താതെ താഴെ ഒപ്പ് വെച്ച് ഫയലിൽ സൂക്ഷിക്കുന്നതായാണ് കാണുന്നത്. ഉദാഹരണമായി 2010-11 ലെ കരാർ ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് കാണുക.

2011-12 ലെ പരസ്യ നികുതി ലേല തുകയായി നഗരസഭയ്ക്ക് ലഭിച്ചത് 2010-11 ലെ ലേല തുകയേക്കാൾ 3.17% മാത്രം വർദ്ധിച്ച തുകയാണ്. നഗരസഭയുടെ ഭൂമിയിൽ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾക്ക് നഗരസഭ പ്രത്യേകം സ്ഥല വാടകയൊന്നും ഈടാക്കുന്നില്ല. ആയതിനാൽ ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത് പരസ്യ നികുതി കരാറുകാരനാണ്. നഗരസഭ ഭൂമിയിലും റോഡുകളിലെ ഡിവൈഡറുകളിലും, വിളക്ക് കാലുകളിലും, മറ്റും പരസ്യ ബോർഡ് സ്ഥാപിക്കുന്നതിന്റെ സ്ഥല വാടക പ്രത്യേകമായി നിശ്ചയിക്കാത്തതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടമുണ്ടാവുന്നതായി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ലേല നടപടികളിലൂടെ പരസ്യ നികുതി പിരിച്ചെടുക്കാനുള്ള അവകാശം ലഭിക്കുന്ന കരാറുകാരൻ നഗരസഭയിലെ സ്വകാര്യ വ്യക്തികളുടെ/സ്ഥാപനങ്ങളുടെ സ്ഥലത്തും കെട്ടിടങ്ങളിലും പ്രദർശിപ്പിക്കുന്നു. പരസ്യങ്ങൾക്ക് നികുതി ഈടാക്കുന്നുണ്ടെന്നും നഗരസഭ നിശ്ചയിച്ചു നൽകിയ നിരക്കിൽ തന്നെയാണ് പരസ്യ നികുതി പിരിച്ചു വരുന്നത് എന്നും വ്യക്തത വരുത്തുവാൻ (1994 ലെ കേരള മിനിസിപ്പലിറ്റി നിയമം, വകുപ്പ് 271 കാണുക) നഗരസഭ അധികാരികൾക്ക് കഴിഞ്ഞിട്ടില്ല. 1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിലെ നിബന്ധനകൾ (ചട്ടം 4) കരാറുകാരൻ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്താൻ യാതൊരു നടപടിയും അധികാരികളുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല. ലേല വ്യവസ്ഥകൾ അനുസരിച്ച് പ്രതിമാസ നികുതി തുകകൾ അതാത് മാസം 15-ാം തീയതിക്കകം നഗരസഭയിൽ ഒടുക്കണമെന്ന് നിബന്ധനയുണ്ടെങ്കിലും കഴിഞ്ഞ വർഷങ്ങളിലൊന്നും തന്നെ ഇത് കരാറുകാരൻ പാലിച്ചതായി കാണുന്നില്ല.

നിലവിലുള്ള സ്ഥിതി പ്രകാരം നഗരസഭയിലെ പരസ്യ നികുതിയിനത്തിൽ നിന്നുള്ള വരുമാനം പുനരവലോകനം ചെയ്യേണ്ടതായിട്ടുണ്ട്. നഗരസഭയിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് മേൽ നഗരസഭയ്ക്ക് യാതൊരു നിയന്ത്രണം പാലിക്കാൻ കഴിയുന്നില്ല. നഗരസഭാ ഭൂമിയിലും കെട്ടിടങ്ങളിലും ഇഷ്ടാനുസരണം പതിക്കപ്പെടുന്ന പരസ്യങ്ങളുടെ സ്ഥല വാടക **നഗരസഭയ്ക്ക് ലഭിക്കേണ്ടതാണ്. ഭാവിയിൽ നഗരസഭയുടെ ഏറ്റവും മികച്ച തനത് വരുമാന** സ്രോതസ്സാക്കി മാറ്റാൻ കഴിയുന്ന പരസ്യ നികുതി നിർണ്ണയത്തിലെയും പിരിവിലെയും അപാകതകൾ പരിഹരിക്കുന്നതിനും പരമാവധി വരുമാനം ലഭ്യമാക്കുന്നതിനും നടപടി കൈകൊള്ളേണ്ടതാണ്.

3-34(4). കണ്ണൂർ നഗരസഭയിലെ വാഹനങ്ങളുടെ ഉപയോഗം

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം നഗരസഭയുടെ മുഴുവൻ വാഹനങ്ങളുടെയും കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറി ആയിരിക്കുന്നതാണ്. എന്നാൽ ചട്ടം 3(3) പ്രകാരം മേൽ അധികാരങ്ങൾ കീഴുദ്യോഗസ്ഥർക്ക് നിയമാനുസൃതം ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്. കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 27.12.10 ലെ ജി.2-25717/10 ഉത്തരവ് നടപടികൾ പ്രകാരം വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ എന്ന നിലയിലുള്ള അധികാരങ്ങൾ നഗരസഭാ എഞ്ചിനീയർ, ഹെൽത്ത് സൂപ്പർവൈസർ എന്നിവർക്ക് വിഭജിച്ചു നൽകിയിട്ടുണ്ട്. ആയത് പ്രകാരം ആരോഗ്യ വിഭാഗത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ ഹെൽത്ത് സൂപ്പർ വൈസറും റോഡ് റോളർ ഉൾപ്പെടെ മറ്റ് എല്ലാ വാഹനങ്ങളുടെയും കസ്റ്റോഡിയൻ ഓഫീസർ നഗരസഭാ എഞ്ചിനീയറുമാണ്. കൂടാതെ എല്ലാ വാഹനങ്ങളുടെയും അറ്റകുറ്റപണികളുടെ ചുമതലയും നഗരസഭാ എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.

കണ്ണൂർ നഗരസഭയിൽ നിന്നും ലഭ്യമാക്കിയ ആസ്തികളുടെ രജിസ്റ്റർ പ്രകാരം മൂവബിൾ അസറ്റ് വിഭാഗത്തിൽ റോഡ് റോളർ ഉൾപ്പെടെ ആകെ 38 വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 3 കാർ, 2 ജീപ്പ്, 1 എസ്കവേറ്റർ, 1 മിനി ടിപ്പർ, 2 കവേർഡ് ടിപ്പർ, 3 ഡംബർ പ്ലേസർ, 8 ഓട്ടോ ടിപ്പർ, 1 റോഡ് റോളർ എന്നിങ്ങനെ ആകെ 21 വാഹനങ്ങളുടെ ലോഗ് ബുക്കുകളും ഫയലുകളും, ഫയൽ നം. ഇ5-15262/11 പ്രകാരം 7 വാഹനങ്ങൾ കണ്ടം ചെയ്തതിന്റെ വിവരങ്ങളും മാത്രമാണ് ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കിയത്. ബാക്കി 10 വാഹനങ്ങൾ (38 - 28) സംബന്ധിച്ച ലോഗ് ബുക്കുകൾ, മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കാനായി നം.എൽ.എഫ്.സി.എം.1/541/12 കത്ത് പ്രകാരം, 12.12.12 ലും 02.01.2013 ലും ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളും ഫയലുകളും ലഭ്യമല്ലാത്ത 10 വാഹനങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും അവ നഗരസഭയ്ക്ക് നഷ്ടപ്പെട്ടിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം ഓരോ വാഹനത്തെയും സംബന്ധിച്ച് കസ്റ്റോഡിയൻ ഓഫീസർ സൂക്ഷിച്ചിരിക്കേണ്ട പ്രധാന റിക്കാർഡായ ലോഗ് ബുക്കുകൾ എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ആയത് കസ്റ്റോഡിയൻ ഓഫീസർ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. കെ.എൽ.13 ക്യൂ 8922 നമ്പർ കാറിന്റെ ലോഗ് ബുക്കിൽ മിക്ക യാത്രകളും വാഹനം ഉപയോഗിക്കുന്നയാൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. യാത്രയുടെ ഉദ്ദേശ്രം വെളി

പ്പെടുത്തുന്ന കോളത്തിൽ ചില വാർഡുകളിൽ പോയി വന്നു എന്ന് മാത്രം രേഖപ്പെടുത്തുന്നത് ഉചിതമായ നടപടിയല്ല. ആയത് വാഹനം ദുരുപയോഗം ചെയ്യപ്പെടാൻ അവസരം ഒരുക്കുന്നുണ്ട്. കണ്ണൂർ നഗരസഭാ ചെയർപേഴ്സനു വേണ്ടി 3-7-12 ന് പുതിയ കാർ (KL 13 Y 3642) വാങ്ങിയിട്ടുണ്ട്. 14-3-2013 ലെ ജി.ഒ(എം.എസ്)നം. 72/2013/ജി.എ.ഡി പ്രകാരം പുതിയ വാഹനം വാങ്ങിയതിനു ശേഷം 6 മാസത്തിനുള്ളിൽ പഴയ വാഹനം കണ്ടം ചെയ്യേണ്ടതുണ്ട്. എന്നാൽ കണ്ണൂർ നഗരസഭയിൽ ചെയർപേഴ്സൺ ഉപയോഗിച്ചിരുന്ന പഴയ കാർ (കെ.എൽ 13-Q 8922) നിലവിൽ ഉപയോഗിച്ചു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട് പഴയ വാഹനം കണ്ടം ചെയ്യാത്തതിനുള്ള കാരണം ഓഡിറ്റിൽ വിശദീകരിക്കേണ്ടതാണ്.

ചട്ടം 4(1) പ്രകാരം സൂക്ഷിച്ചിരിക്കേണ്ട മറ്റു രജിസ്റ്ററുകളിൽ 2006 വർഷം വരെ റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ ഒറ്റ രജിസ്റ്ററായാണ് സൂക്ഷിച്ചു വന്നത്. 2007 മുതൽ പ്രത്യേകം റിപ്പയർ രജിസ്റ്ററും ഓരോ വാഹനത്തിനും പ്രത്യേകം ഫ്യുവൽ രജിസ്റ്ററും സൂക്ഷിച്ചു വരുന്നുണ്ട്. എന്നാൽ സ്പെയർ പാർട്സുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനങ്ങളുടെ ഓർഡർ ബുക്ക് എന്നിവ 15.12.2012 ലെ എൽ.എഫ്.സി.എം.1/531/(2)/12 സി.എ.ആർ നമ്പർ ഓഡിറ്റ് റിക്വിസിഷൻ പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത രജിസ്റ്ററുകൾ സൂക്ഷിച്ചു വരുന്നില്ല എന്ന് വിലയിരുത്തുന്നു.

ചട്ടം 8 പ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസെപ്ഷൻ ടെസ്റ്റ് സർക്കാറിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും ആയതിന്റെ മൈലേജ് സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരം പരിശോധനകൾ ആറുമാസത്തിലൊരിക്കൽ നടത്തുന്നില്ല.

2010-11 സാമ്പത്തിക വർഷത്തിൽ വാഹനങ്ങൾക്ക് ഇന്ധനം നിറച്ച വകയിൽ 17,24,031 രൂപയും അറ്റകുറ്റപണികൾക്കായി 67,168 രൂപയും ചെലവ് ചെയ്തിട്ടുണ്ട്. 10,000 രൂപയ്ക്ക് മുകളിലുള്ള അറ്റകുറ്റപണികളും ക്വട്ടേഷൻ കൂടാതെ അംഗീകൃത ഏജൻസികൾ വഴി നടത്തുന്നതായി കാണുന്നു. ഇത് ചട്ടം 10 ൽ (7) ന്റെ ലംഘനമാണ്.

ഉദാ: കെ.എൽ.13 വി 1117 നമ്പർ ഡംബർ പ്ലേസറിന്റെ റിപ്പയർ പ്രവൃത്തികൾ ക്വട്ടേഷൻ ക്ഷണിക്കാതെ ടാറ്റയുടെ അംഗീകൃത ഏജൻസിയായ ശക്തി മൊബൈൽ തോട്ടട എന്ന സ്ഥാപനത്തിൽ നിന്നും ചെയ്തതിന് വൗച്ചർ നം. 687 തീയതി 03.09.2011 പ്രകാരം 29,917 രൂപ ചെലവഴിച്ചിട്ടുണ്ട്. (ഫയൽ നം. ഇ5-7183/10)

ചട്ടം 10(8) പ്രകാരം വാഹനങ്ങളുടെ അറ്റകുറ്റപണികളുടെ പ്രതീക്ഷിക്കുന്ന മതിപ്പു ചെലവുകൾ എഞ്ചിനീയർ കണക്കാക്കേണ്ടതാണ്. എന്നാൽ കണ്ണൂർ നഗരസഭയിൽ വാഹനങ്ങളുടെ അറ്റകുറ്റപണിയുടെ കരാർ ഏറ്റെടുക്കുന്ന വർക്കു ഷോപ്പുകാർ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി മതിപ്പു ചെലവ് കണ്ടെത്തുന്ന പ്രവണതയാണ് കണ്ടു വരുന്നത്.

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ അനുസരിച്ച് കണ്ണൂർ നഗരസഭയിലെ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങൾ പ്രകാരം ക്രമീകരിക്കേണ്ടതും വാഹനങ്ങളുടെ എണ്ണം സംബന്ധിച്ച് കൃത്യ

മായ രേഖകൾ സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്ററിലേയും നഗരസഭയിൽ യഥാർത്ഥത്തിൽ നിലവിലുള്ള വാഹനങ്ങളുടെയും എണ്ണം പൊരുത്തപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. രേഖകൾ ലഭ്യമല്ലാത്ത 10 വാഹനങ്ങളെ സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

3-34(5). കണ്ണൂർ നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ട്, കണ്ടിജന്റ് പെൻഷൻ ഫണ്ട് എന്നിവ ഓഡിറ്റ് ചെയ്തതു സംബന്ധിച്ച വിവരങ്ങൾ

1. സെൻട്രൽ പെൻഷൻ ഫണ്ടിലേക്കുള്ള വിഹിതം ഒടുക്കാത്തതും പെൻഷൻ ഫണ്ടിൽ നിന്നുള്ള തുക ലഭ്യമാകാത്തതും സംബന്ധിച്ച് -

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് -കം- റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങളിലെ 6-ാം ചട്ട പ്രകാരം, നഗരസഭാ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി ഡയറക്ടരുടെ മേൽ നോട്ടത്തിലും നിയന്ത്രണത്തിലും സെൻട്രൽ പെൻഷൻ ഫണ്ട് ആരംഭിച്ച് കൈകാര്യം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 7 (2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഡയറ്കടരുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി ഈ വിഹിതം അയച്ചു കൊടുക്കേണ്ടതാണെന്നും, പെൻഷൻ വിഹിതം ഉൾപ്പെടെയുള്ള തുക ശമ്പള ബില്ലിനോടൊപ്പം ഒന്നായി പിൻവലിക്കേണ്ടതാണെന്നും ജീവനക്കാർക്ക് യഥാർത്ഥത്തിൽ നൽകേണ്ട വേതനം മാത്രമായി പിൻവലിക്കാൻ പാടില്ല എന്നും 8-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

1) കണ്ണൂർ നഗരസഭയിലെ ജീവനക്കാരുടെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്കുള്ള വിഹിതം 2010 ഡിസംബർ മാസത്തിനു ശേഷം നഗരസഭ ഒടുക്കിയിട്ടില്ല.
2) 12/2010 വരെ നിശ്ചിത നിരക്കിൽ പെൻഷൻ വിഹിതം ഒടുക്കിയിരുന്നുവെങ്കിലും റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ പെൻഷൻ ബാധ്യത കൊടുത്തു തീർക്കുന്നതിനുള്ള അലോട്ട്മെന്റ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിച്ചിട്ടില്ല.
3) പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിച്ചു വരുന്നതായി ഓഡിറ്റിൽ ബോധ്യപ്പെടുത്തിയിട്ടില്ല.
4) പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരകാര്യ ഡയറക്ടർക്ക് അയച്ചു കൊടുക്കുന്ന തുകയ്ക്കുള്ള കൈപ്പറ്റു രശീതികൾ നഗരസഭയിൽ സൂക്ഷിച്ചതായി കാണുന്നില്ല.
5) നഗരസഭാ ചെയർമാൻ 22.03.2011 തീയതിയിൽ നൽകിയ കുറിപ്പനുസരിച്ച് പെൻഷൻ വിഹിതം അടക്കുന്നത് നിർത്തലാക്കുകയും ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ 23.04.2011 ലെ ജി.4-16263/91 നമ്പർ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ചട്ടമനുസരിച്ച് നിശ്ചിത സമയത്തിനകം അടക്കേണ്ട പെൻഷൻ വിഹിതം അടക്കാതിരിക്കാൻ നഗരസഭ തീരുമാനിച്ചത് ശരിയായ നടപടിയല്ല.

6) നഗരസഭയുടെ നേ [redacted] കണക്കുകൾ പ്രകാരം പെൻഷൻ അലോട്ട്മെന്റായി [redacted] 66/- രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിക്കാനുണ്ട്.
7) യഥാസമയം പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാത്ത സാഹചര്യത്തിൽ ഇപ്പോൾ നഗരസഭയുടെ തനതു വരുമാനത്തിൽ നിന്നുമാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നത്.
8) പെൻഷൻ വിഹിതം ഒടുക്കുന്നത് അവസാനിപ്പിച്ചു കൊണ്ട് നഗരസഭ അയച്ച കത്തിന് സർക്കാറിന്റെ മറുപടിയോ അംഗീകാരമോ ലഭ്യമായിട്ടില്ല.

സെൻട്രൽ പെൻഷൻ ഫണ്ട് രൂപീകരണം കൊണ്ട് ലക്ഷ്യമിട്ട കാര്യങ്ങൾ നടപ്പിലാവുന്നില്ല എന്നാണ് കണ്ണൂർ നഗരസഭയുടെ അനുഭവത്തിൽ നിന്ന് വ്യക്തമാവുന്നത്. റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യങ്ങൾ യഥാവിധി കൊടുത്തു തീർക്കാൻ കഴിയുന്ന വിധം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം അലോട്ട്മെന്റ് ലഭ്യമാകുന്ന വിധത്തിൽ ഈ ഫണ്ടിന്റെ പ്രവർത്തനം ക്രമീകരിക്കപ്പെടേണ്ടതുണ്ട്. നഗരകാര്യ വകുപ്പിന്റെയും സർക്കാരിന്റെയും സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

2. കണ്ടിജന്റ് പെൻഷൻ ഫണ്ട്

1997 ലെ കേരള മുനിസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെൻഫിറ്റ് ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം രൂപീകരിക്കേണ്ടിയിരുന്ന മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കണ്ണൂർ നഗരസഭയിൽ ആരംഭിച്ചിട്ടില്ല. ഈ വിഷയം നഗരസഭാ കൗൺസിൽ പരിശോധിക്കുകയും ചട്ട പ്രകാരമുള്ള പെൻഷൻ ഫണ്ട് നഗരസഭയിൽ രൂപീകരിക്കുന്നതിന് നഗരസഭ കൗൺസിലിന്റെ 30.03.2012 ലെ സി.ആർ നമ്പർ 44 പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച മറ്റു വിവരങ്ങളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായില്ല.

3-35. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രവർത്തനാവലോകനം 2012-13

05.11.2012 ന് എൽ.എഫ്.സി.എം.3/332/2012(i), എൽ.എഫ്.സി.എം.3/332/12(ii) എന്നീ നമ്പറു കളിൽ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച "തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും", "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം" എന്നിവ സംബന്ധിച്ച കണ്ണൂർ നഗരസഭയിലെ 2010-11, 2011-12 വർഷ ങ്ങളിലെ പ്രവർത്തന അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

3-35(1) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും അവലോകന റിപ്പോർട്ട് -കണ്ണൂർ നഗരസഭ 2010-11, 2011-12

(05.11.2012 ന് എൽ.എഫ്.സി.എം.3/332/2012(i) നമ്പറായി പുറപ്പെടുവിച്ച അവലോകന റിപ്പോർട്ട്.)

അടിസ്ഥാന വിവരങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിസ്തൃതി	:	11.03 സ്ക്വ.മീ.
ജനസംഖ്യ (2011 സെൻസസ് പ്രകാരം)	:	
സ്ത്രീ	:	30583
പുരുഷൻ	:	26388
ആകെ	:	**56971**

പട്ടികജാതി
പട്ടികവർഗ്ഗം } 2946

ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടവർ : 148

I. ആരോഗ്യസ്ഥാപനങ്ങൾ

വിഭാഗം	ആശുപത്രികളുടെ എണ്ണം	തരം(പ്രൈമറി/താലൂക്ക്/ജില്ല)
അലോപ്പതി	ഇല്ല	
ആയുർവേദം	ഇല്ല	
ഹോമിയോപ്പതി	ഒന്ന്	പ്രൈമറി
യുനാനി	ഇല്ല	
സിദ്ധ	ഇല്ല	
പ്രകൃതി ചികിത്സ	ഇല്ല	
മറ്റിനം	ഇല്ല	
സ്വകാര്യ ആശുപത്രികൾ	വിവരം ലഭ്യമല്ല	

II. ആരോഗ്യമേഖലയിൽ 2010-11, 2011-12 വർഷങ്ങളിൽ ചെലവഴിച്ച തുക

വിഭാഗം	നീക്കിവെച്ച തുക		ചെലവഴിച്ച തുക				നടപ്പിലാക്കിയ പ്രോജക്ടുകൾ	
	2010-11	2011-12	2010-11	%	2011-12	%	2010-11	2011-12
അലോപ്പതി								
ആയുർവേദം								
ഹോമിയോപ്പതി	5,71,300	3,03,047	1,64,953	29%	1,56,005	51%	5	4
യുനാനി								
സിദ്ധ								
പ്രകൃതി								
മറ്റിനം								

III. ആരോഗ്യമേഖലയിലെ ചെലവിന്റെ വിശകലനം

വർഷം	ആകെ വാർഷിക പദ്ധതി ചെലവ്	സേവന മേഖലയിലെ ആകെ ചെലവ്	ആരോഗ്യമേഖലയിലെ ആകെ ചെലവ്
2010-11	3,99,86,646	52,67,460	1,64,953
2011-12	6,28,25,088	61,34,045	1,56,005

IV. ചെലവിനങ്ങളുടെ വിശകലനം

വർഷം	രോഗപ്രതിരോധ ചികിത്സാ മരുന്ന്	അടിസ്ഥാന സൗകര്യങ്ങൾ	മറ്റിനങ്ങൾ
2010–11	50,000	79,953	–
2011–12	10,000 + 50,000	10,766	–

V. സംരക്ഷണ ഗ്രാന്റ് –നോൺ റോഡ്–ആരോഗ്യ മേഖലയിൽ

വർഷം	ഇ. ഫണ്ട് നോൺ റോഡ് ആകെ വരവ്	ഇ. ഫണ്ട് നോൺ റോഡ് ആകെ ചെലവ്	ഇ. ഫണ്ട് നോൺ റോഡ് ആശുപത്രികൾക്കു വേണ്ടി ചെലവഴിച്ചത്
2010–11	41,79,168	35,84,711	1,29,953
2011–12	14,66,168	41,90,205	70,766

കണ്ണൂർ നഗരസഭയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച അവലോകനം

കണ്ണൂർ നഗരസഭാ പരിധിയിൽ സർക്കാർ ഉടമസ്ഥതയിൽ ആകെ ഒരു ഹോമിയോ ഡിസ്പെൻസറി മാത്രമാണ് പ്രവർത്തിച്ചു വരുന്നത്. മറ്റ് ചികിത്സാ വിഭാഗങ്ങളിലുള്ള ആയുർവേദ, അലോപ്പതി ആശുപത്രികൾ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ളതാണ്. ഇതിന് പുറമെ സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ആശുപത്രികളുടെയും ക്ലിനിക്കുകളുടേയും കൃത്യമായ വിവരങ്ങൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

I. രോഗപ്രതിരോധ പ്രവർത്തനങ്ങൾ :

രോഗ പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് പോളിയോ നിർമ്മാർജ്ജന പരിപാടി നടത്തുന്നതിന് 2011–12 ൽ മെയിന്റനൻസ് ഗ്രാന്റിനത്തിൽ നോൺ റോഡ് വിഭാഗത്തിൽ നിന്ന് 10,000/– രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പുമായി സംയോജിച്ച് നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയും നഗരസഭയിൽ നിന്ന് ക്ഷയരോഗം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും സാധിച്ചതും രോഗപ്രതിരോധ പ്രവർത്തനം വിജയപ്രദമായി നടപ്പിലാക്കിയതായി രേഖകൾ സൂചിപ്പിക്കുന്നുണ്ട്.

പാലിയേറ്റീവ് പരിചരണത്തിന് പ്രത്യേക പദ്ധതികൾ ഒന്നും തന്നെ ഇതുവരെയും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. പുതുതായി പ്രസ്തുത പദ്ധതി എൻ.ആർ.എച്ച്.എം ന്റെ ഭാഗമായി നടപ്പിലാക്കാൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രൊജക്ട് തയ്യാറാക്കിയത് കൗൺസിലിന്റെ പരിഗണനയിലാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓരോ മാസവും പ്രത്യേക യോഗം ചേരുകയും വിവരങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ച് വരുകയും ചെയ്യുന്നുണ്ട്. ആരോഗ്യമേഖലയിലെ പ്രവർത്തനവുമായി ബന്ധപ്പെട്ട ശുചിത്വ പരിശോധന, കൊതുക് നിർമ്മാർജ്ജനം സംബന്ധിച്ച ഇൻസ്പെക്ഷനുകളും നടത്തി വരുന്നുണ്ട്, ആരോഗ്യ കാര്യ പ്രവർത്തനങ്ങൾക്കായി പ്രത്യേക കർമ്മ സമിതി നഗരസഭയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

II. ആരോഗ്യപരിപാലനം

ആരോഗ്യ പരിപാലത്തിന്റെ ഭാഗമായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ, പകർച്ച വ്യാധികൾക്കെതിരെയുള്ള മരുന്ന് വിതരണം എന്നിവ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ **ഈയിനത്തിൽ നഗരസഭ 2010-11, 2011-12 വർഷങ്ങളിൽ തുകകൾ ഒന്നും ചെലവഴിച്ചിട്ടില്ല.**

2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ നഗരസഭാ മാതൃകാപരമായ പ്രൊജക്ടു കൾ ഒന്നും തന്നെ ആരോഗ്യമേഖലയിൽ സ്കൂൾ കുട്ടികൾ, ആദിവാസി, പട്ടിക വിഭാഗം എന്നിവർക്കായി നടപ്പിലാക്കിയിട്ടില്ല.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരെ ഉൾപ്പെടുത്തി 07.01.2012 ൽ പ്രത്യേക വാർഡ് സഭ ചേർന്നതിൽ 94 പേരുടെ പ്രാതിനിധ്യം ഉണ്ടായതായി രേഖകൾ സൂചിപ്പിക്കുന്നു. തുടർന്ന് 2011-12 ൽ പ്രത്യേക വാർഡ് സഭ ചേർന്നതായി കാണുന്നില്ല.

ആരോഗ്യമേഖലയിൽ കൈമാറി കിട്ടിയ ഏക സ്ഥാപനമായ ഹോമിയോ ഡിസ്പെൻ സറിയുടെ പ്രവർത്തനത്തിന് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് 2010-11, 2011-12 വർഷങ്ങളിൽ ലഭിച്ച തുകകൾ (50,000/- രൂപ വീതം) മരുന്നുകൾ വാങ്ങിക്കുന്നതിന് വേണ്ടിയാണ് ചെലവ ഴിച്ചിട്ടുള്ളത്.

III. ബയോഗ്യാസ് പ്ലാന്റ്

നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിച്ചു വരുന്ന ആശുപത്രികളിൽ സ്വകാര്യ മേഖല യിലടക്കം നിലവിൽ ബയോഗ്യാസ് പ്ലാന്റുകൾ ഒന്നും തന്നെ നിർമ്മിക്കുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. എല്ലാ ആശുപത്രികളിലും ബയോഗ്യാസ് പ്ലാന്റ് തുടങ്ങുന്ന തിന് എൻ.ആർ.എച്ച്.എം.ൽ പ്പെടുത്തി ഹോമിയോ ആശുപത്രിയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്തതായി മിനുട്സ് ബുക്കിൽ രേഖകൾ കാണുന്നുണ്ട്.

ശുചിത്വ മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ഒന്നും കാര്യക്ഷമമായി നടപ്പിലാക്കുവാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.

IV. മഴക്കാല പൂർവ്വ ശുചീകരണം

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പകർച്ചപ്പനി, സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നത് തടയൽ എന്നിവ നടപ്പിലാക്കുന്നതിന് നഗര ഭരണാധികാരികൾ, വിവിധ വകുപ്പ് മേധാവികൾ, ആരോഗ്യ വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്ത യോഗ തീരുമാന പ്രകാരം മുഴുവൻ വാർഡുകളിലും വി.പി.യൂണിറ്റ്, ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ എന്നിവരടങ്ങുന്ന ശുചിത്വ കമ്മിറ്റി വീടുകൾതോറും കയറി ബോധവൽക്കരണം നടത്താനും ആഴ്ചയിലൊരിക്കൽ "ഡ്രൈഡേ" ആചരിക്കുന്നതിനും, ഓടകൾ വൃത്തിയാക്കുന്നതിനും, ഹോട്ടൽ പരിശോധന നടത്തുന്നതിനും, കെട്ടിക്കിടക്കുന്ന മലിനജലം ഒഴുക്കി വിടുന്നതിനും, കിണറുകൾ ക്ലോറിനേഷൻ നടത്തുന്നതിനും, കൊതുക് നിവാരണം ഊർജ്ജിതപ്പെടുത്തുന്ന തിനും കക്കൂസുകളുടെ വെന്റ് പൈപ്പുകൾക്ക് വല കെട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നഗരമാലിന്യം യഥാസമയം നീക്കം ചെയ്ത് ശുചിയാക്കുന്നതിന് മഴക്കാല പൂർവ്വ ശുചീകരണം എന്ന നിലയിൽ പ്രവർത്തനം നടത്തിയിട്ടുമുണ്ട്.

V. ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനവും എച്ച്.ഐ മാരുടെ സേവനങ്ങളും

നഗരസഭയുടെ കീഴിൽ ഹെൽത്ത് സെന്ററുകളും സബ് സെന്ററുകളും പ്രവർത്തിക്കുന്നില്ലാത്തതിനാൽ എച്ച്.ഐ, ജെ.എച്ച്.ഐ എന്നിവരുടെ സേവനം ജനന മരണ രജിസ്ട്രേഷൻ, കുടുംബശ്രീ, ഹെൽത്ത് സെക്ഷൻ എന്നിവകളിൽ ഉപയോഗപ്പെടുത്തിയിരിക്കുകയാണ്. നിലവിലുള്ള ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് വിവരമനുസരിച്ച് ഒരു എച്ച്.ഐ യും ഒരു ഗ്രേഡ് I എച്ച്.ഐയും അഞ്ച് ഗ്രേഡ് II എച്ച്. ഐയും നാല് ജൂനിയർ എച്ച്.ഐ ഗ്രേഡ് I ഉം 10 ഗ്രേഡ് II എച്ച്.ഐ മാരും നഗരസഭയിൽ സേവനമനുഷ്ടിക്കുന്നുണ്ട്. കൂടാതെ രണ്ട് ജെ. പി.എച്ച്.എൻ മാരിൽ ഒരാൾ കുടുംബശ്രീയുടെ ഓഫീസിലും മറ്റൊരാൾ ജനനമരണ രജിസ്ട്രേഷൻ വിഭാഗത്തിലും ഫീമെയിൽ അറ്റൻഡൻഡ് തസ്തികയുള്ള ഒരാൾ ഹെൽപ്പ് ഡെസ്കിലും സേവനമനുഷ്ടിച്ചു വരുന്നു.

VI. ശൗചാലയങ്ങളുടെ പര്യാപ്തതയും പൊതുജനാരോഗ്യവും

കണ്ണൂർ നഗരത്തിൽ അപര്യാപ്തമായ സ്ഥിതിയിലുള്ള രണ്ട് ശൗചാലയങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. ഇതിന് പുറമെ ബി.ഒ.ടി ബസ്സ് സ്റ്റാന്റിൽ ഒരു ശൗചാലയവുമാണ് പ്രവർത്തിച്ചു വരുന്നത്. ഇത്രയധികം ജനസാന്ദ്രതയുള്ള നഗരസഭയിൽ പൊതു ജനങ്ങൾ കേന്ദ്രീകരിക്കുന്ന സ്റ്റേഡിയം കോപ്ലക്സ്, സ്റ്റേഡിയം പവലിയൻ മറ്റ് വ്യാപാര കേന്ദ്രങ്ങൾ എന്നിവയിലുണ്ടായിരുന്ന ശൗചാലയങ്ങൾ അടച്ചുപൂട്ടി കടകളും ഷോപ്പിംങ്ങ് സെന്ററുകളും ആക്കി മാറ്റിയതു യുക്തമായ നടപടിയല്ല. ആയതിനാൽ നഗരത്തിൽ എത്തുന്ന പൊതുജനങ്ങൾക്ക് വൃത്തിയുള്ള സാഹചര്യത്തിൽ പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കാൻ നിലവിലുള്ള സൗകര്യം വിപുലീകരിക്കേണ്ടതുണ്ട്. ഇത് ചെയ്യാതിരുന്നത് നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് (1994) ലെ 320, 321, 322, 323, 325 വകുപ്പുകൾ പ്രകാരം പൊതുജനങ്ങളുടെ ആരോഗ്യത്തിനും ശുചിത്വത്തിനും നിലകൊള്ളേണ്ട നിയമപരമായ ബാദ്ധ്യതയുള്ള നഗരസഭ ഇത്തരത്തിലുള്ള സമീപനം സ്വീകരിച്ചതിന് യാതൊരു ന്യായീകരണവും കാണുന്നില്ല. സ്റ്റേഡിയം കോംപ്ലക്സിനടുത്ത് പണമടച്ച് ഉപയോഗിച്ചു കൊണ്ടിരുന്ന ശൗചാലയ കെട്ടിടം അനാഥമായത് നഗരസഭയുടെ കാര്യക്ഷമതക്കുറവാണ് സൂചിപ്പിക്കുന്നത്.

VII. ആശുപത്രികളുടെ വിവരങ്ങൾ

കണ്ണൂർ നഗരസഭയുടെ പരിധിയിൽ ഒരു ഹോമിയോ ഡിസ്പെൻസറി മാത്രമാണ് പ്രവർത്തിച്ചു വരുന്നത്. ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം ഉണ്ടെന്നല്ലാതെ സ്വന്തമായി വാഹനങ്ങൾ ഒന്നും തന്നെയില്ല. രോഗികളെ കിടത്തിയുള്ള ചികിത്സ ഇല്ലാത്തതിനാൽ കിടക്കകളും ഫർണ്ണിച്ചറുകളും ഒന്നും വാങ്ങിയിട്ടില്ല. ഡോക്ടരും മറ്റ് ഉദ്യോഗസ്ഥൻമാരും ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഫർണ്ണിച്ചറുകളും ശൗചാലയങ്ങളും സൗകര്യപ്രദമായ രീതിയിലുള്ളതാണ്. ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ ഡിപ്പാർട്ടുമെന്റിൽ നിന്നും വിതരണം ചെയ്യുന്നതിന് പുറമേ നഗരസഭയുടെ പ്രത്യേക പ്രൊജക്ട് എന്ന നിലയിലും വിതരണം ചെയ്യുന്നതിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. സ്റ്റേഷനറി, വാട്ടർ ചാർജ്ജ്, ടെലഫോൺ എന്നീ [illegible]